PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1954

Tuesday, the 30th March 1954.

Vol. X — OFFICIAL REPORT — No. 7.

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 30th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഭവനനിർമ്മാണത്തിനു കേന്ദ്രത്തിലെ സഹായധനം.

*൯൨. [൧] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ പദ്ധതിക്കു ൧൯൫൧-൫൨-ൽ കേന്ദ്രഗവണ്മെന്റ് അനുവദിച്ച പത്തുലക്ഷം രൂപ ഇവിടെ ചെലവഴിച്ചിട്ടില്ലാത്തതിനാൽ മടക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ആ തുക മടക്കിക്കൊടുത്തോ;

(സി) ഇങ്ങനെ സംഭവിക്കാൻ ഇടയായതെന്തുകൊണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ഉണ്ട്.

(ബി) കുറച്ചുതുക മടക്കിക്കൊടുത്തു.

(സി) കേന്ദ്രഗവണ്മെന്റിന്റെ പദ്ധതികളിൽ ചിലത് ഈ ഗവണ്മെന്റിന് സ്വീകാര്യമല്ലാതിരുന്നതുകൊണ്ട്.

Subsidy etc., to the State.

*93. [2] **Shri T. P. Sitaraman**: Will the Chief Minister be pleased to state :

(*a*) the amount the Central Government have allotted to this State in 1952 and 1953 as subsidy, loan or otherwise; and

(*b*) in what way the Government have utilised the amount ?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*)

	1952-1953	1953-1954 (up to 31-12-1953)
	Rs.	Rs.
Grant :	4,06,91,180	8,58,04,912
Subsidy :	3,00,00,000	Nil
Loan :	13,75,000	1,61,20,250

(*b*) The purpose for which the amounts were utilised are given in the statements placed on the table.*

Shri T. S. Ramaswami : May I know how much was spent for industries, how much for housing and how much for grow-more food campaign ?

Shri P. S. Nataraja Pillai : I would like to know from the Member to which item his question relates. Is it from the grant, subsidy or loan ?

Shri T. S. Ramaswami : From the loan.

Shri P. S. Nataraja Pillai : I claim notice.

Shri T. S. Ramaswami : With regard to answer to part (b), may I know how the amount was utilised ?

Shri P. S. Nataraja Pillai : It is a long statement. May I read it or shall I place it on the table ?

Mr. Speaker : Do you want to have it read out, Mr. Ramaswami Pillai ?

Shri T. S. Ramaswami : I would like to get information about the grow-more-food campaign.

Shri P. S. Nataraja Pillai : During 1952-1953, for grow-more-food scheme Rs. 27,54,350 was allotted and the amount drawn was Rs. 15,30,402. For 1953-54, the amount allotted was Rs. 10,88,037. Steps are in progress for adjusting the amount due to the State on the basis of actual expenditure. The return of expenditure is not available at present.

---

* Please see Appendix I.

Shri T. S. Ramaswami : May I know whether loans to agriculturists were also given from this amount ?

Shri P. S. Nataraja Pilllai : There are various items from which loans are given to agriculturists. There is the Agricultural Loans Act. Applications for loans under this head are dealt with separately. Then there is the loan from the grow-more-food grant. That also is dealt with separately. If the member wants information with regard to grow-more-food scheme, I have not got that information with me now.

Shri T. S. Ramaswami : May I know whether industrial loans were also given under this grant ?

Shri P. S. Nataraja Pillai : It is only the small-scale industries that come under this head.

Shri Avira Tharakan: May I know whether the subsidy given is a contribution made by the Central Government raised in the State ?

Shri P. S. Nataraja Pillai: Subsidy is met from the Central funds.

Shri P. Bhaskaran Nair: May I know why we are denied subsidy during 1953-54 ?

Shri P. S. Nataraja Pillai: I read out the allotment for 1953-54 also.

ശ്രീ. കെ. സി. ജോർജ്ജ്: ഗ്രോമോർ ഫുഡ് ആവശ്യത്തിന് ചെലവായി എന്നു പറഞ്ഞു. അതിൽ മൈനർ ഇറിഗേഷനുവേണ്ടി എത്ര ചെലവായി എന്നു പറയാമോ?

Shri P. S. Nataraja Pillai: I cannot give these separately.

ശ്രീ. കെ. സി. ജോർജ്ജ്: ഗ്രോമോർ ഫുഡിന് ഏതെല്ലാം ഐറ്റത്തിൽ ചെലവായി എന്നു പറയാമോ?

Shri P. S. Nataraja Pillai : Supply of manure, improvement of minor irrigation works, supply of better seeds and so on.

ശ്രീ. പ്രാക്കുളം ഭാസി: ൫൩-൫൪-ൽ ൨൭ ലക്ഷം രൂപ അലോട്ട് ചെയ്തിട്ടുണ്ട്. അതിൽ ൧൫ ലക്ഷം രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു. അതിനു കാരണമെന്താണ്?

Shri P. S. Nataraja Pillai : Adjustment to the credit of the State will be made only on the basis of actual expenditure. That is the rule under which these funds are being worked. The allotment was Rs. 27 lakhs. The annual expediture was Rs. 15 lakhs.

ശ്രീ. പ്രാക്കുളം ഭാസി: ൧൫ ലക്ഷം രൂപകൊണ്ട് ചെലവു മതിയാകുമായിരുന്നു എന്നാണോ ഗവണ്മെന്റ് വിചാരിക്കുന്നതു്?

Shri P. S. Nataraja Pillai : That was the amount which could be utilised by the agencies working then.

ശ്രീ. പി. വിശ്വംഭരൻ : ൧൯–൫൨ വർഷത്തിൽ അനുവദിച്ച തുക ചെലവാക്കാത്തതുകൊണ്ടല്ലേ ൧൯–൫൩-ൽ ആവശ്യമുള്ള തുക തരാത്തത്.

Shri P. S. Nataraja Pillai : The Central Government have alloted for grow-more-food campaign in 1952-53 also.

ശ്രീ. എ. കുഞ്ഞൻനാടാർ : ഗ്രോമോർ ഫുഡ് എന്നു പറയുന്നതിൽ ഏതെല്ലാം ആഹാരസാധനങ്ങളാണ് ഉൾപ്പെടുന്നത്?

Shri P. S. Nataraja Pillai : All foodstuffs.

ശ്രീ. എ. കുഞ്ഞൻനാടാർ : പാല്, മത്സ്യം, കരുപ്പുകട്ടി ഇവയുടെ വർദ്ധനവിനുവേണ്ടി ഗവണ്മെന്റ് ഏതെങ്കിലും തുക ചെലവാക്കുന്നുണ്ടോ?

Shri P. S. Nataraja Pillai : The manufacture of palm gur comes under minor industries.

ശ്രീ. എ. കുഞ്ഞൻ നാടാർ : പാൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു വല്ല തുകയും ചെലവാക്കിയിട്ടുണ്ടോ?

Shri P. S. Nataraja Pillai : Animal husbandry comes under food production.

ശ്രീ. എം. പി. മേനോൻ : ഗ്രോമോർഫുഡ് ക്യാമ്പെയിനിൽ വനമഹോത്സവം കൂടി ഉൾപ്പെടുമോ?

Mr. Speaker : That question is disallowed.

Shri K. A. Balan : May I know whether the whole amount given by the Central Government by way of grant has been utilised by this Government ?

Shri P. S. Nataraja Pillai : A sum of nearly Rs. 12 lakhs was not utilised in 1952.

Handloom Industry.

* 94. [3] **Shri T. P. Sitaraman :** Will the Chief Minister be pleased to state how much amount the Government have spent in 1953 in order to help the handloom industry ?

Minister for Finance **(Shri P. S. Nataraja Pillai) :**

Rs. 1,05,881-5-0.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഹാൻഡ്‌ലൂം ഇൻഡസ്ട്രിയെ എൻകറേജ് ചെയ്യുന്നതിനുവേണ്ടി ആൾ ഇൻഡ്യാ ബേസിസിൽ ഒരു കാട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് ഉണ്ടെന്നറിയാമോ?

Shri P. S. Nataraja Pillai : Handloom Industry comes under Cottage Industries.

ശ്രീ. ടി. പി. സീതാരാമൻ: ഇതിൽ മെജാറിററി മെംബേഴ്സും നാൺ അഫീഷ്യൽ അല്ല എന്നറിയാമോ?

Shri P. S. Nataraja Pillai: I think so.

ശ്രീ. ടി. പി. സീതാരാമൻ: ഇതിൽ ഹാൻഡ്ലൂം ഡവലപ്പ്മെൻറ ബോർഡ്, ഖാദി ബോർഡ് തുടങ്ങി മൂന്നു വകുപ്പുകൾ ഉള്ളതായി അറിയാമോ?

Shri P. S. Nataraja Pillai: I thank the member for the information.

ശ്രീ. ടി. പി. സീതാരാമൻ: അതുപോലെ ഇവിടെയും രൂപീകരിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

Shri P. S. Nataraja Pillai: Government will consider that matter.

കാളേജുവിദ്യാർത്ഥികൾ.

* ൯൭. [൪] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ-കൊച്ചിയിലെ കാളേജുവിദ്യാർത്ഥികൾ ഈ വർഷാരംഭത്തിൽ എത്രയായിരുന്നു; വർഷാവസാനത്തിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): വർഷാരംഭത്തിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ എണ്ണം ൨൪,൬൩൩. വർഷാവസാനത്തിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ ൨൪,൨൭൨.

ശ്രീ. യു. നീലകണ്ഠൻ: ഇങ്ങനെ കുറവു വന്നിട്ടുള്ള വിദ്യാർത്ഥികൾ ശിക്ഷണനടപടികൾക്കു വിധേയമായിട്ടാണോ കാളേജു വിട്ടുപോകുവാൻ ഇടയായതു്.

ശ്രീ. എ. താണുപിള്ള: വ്യത്യാസം വന്നതു് ശിക്ഷണനടപടികൾ മൂലമാണെന്നു കാണുന്നില്ല. അതും ഉണ്ടായിരിക്കാം.

ശ്രീ. യു. നീലകണ്ഠൻ: ശിക്ഷണനടപടികൾ എടുത്തിട്ടുള്ള വിദ്യാർത്ഥികളുടെ അയോഗ്യത തീക്കുവാൻ ഗവണ്മെൻറ ശ്രദ്ധിക്കുമോ?

ശ്രീ. എ. താണുപിള്ള: അതു് ഈ ചോദ്യത്തിൽനിന്നും വരുന്നതല്ല.

ശ്രീ. പി. കെ. യശോധരൻ: വിദ്യാർത്ഥികളുടേയും വിദ്യാർത്ഥിനികളുടേയും എണ്ണം പട്ടികതിരിച്ചു കാണിക്കാമോ?

ശ്രീ. എ. താണുപിള്ള: ആകെയുള്ള വിദ്യാർത്ഥികളുടെ എണ്ണമാണു പറഞ്ഞിട്ടുള്ളതു്. വിമൻസുകാളേജിൽ ഉള്ള വിദ്യാർത്ഥിനികളുടെ എണ്ണം പറയാം. പക്ഷെ മററു കാളേജുകളിലും വിദ്യാർത്ഥിനികളുണ്ടു്.

ശ്രീ. പി. ആർ. മാധവൻപിള്ള: ഇന്നലെ കൂടിയ സെനററ് യോഗത്തിൽ മലയാളം പഠിപ്പിക്കുന്ന വാദ്ധ്യാന്മാക്കു് ശമ്പളത്തിൽ ഇംഗ്ലീഷു് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ ശമ്പളത്തേക്കാൾ കുറവു വരുത്തണമെന്നു് തീരുമാനിച്ചിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question does not arise out of this question.

Transport Service.

* 96. [5] **Shri N. Chandrasekharan Nair:** Will the Chief Minister be pleased to state:

(a) the total number of buses now being operated every day;

(b) the number of buses newly put on the road since 1st January 1954;

(c) the number of standing passengers now permitted in a bus; and

(d) the average number of breakdowns now occurring every day?

Minister for Works and Transport **(Shri A. Achuthan):**

(a)	Private owned buses	—	1236
	State Transport buses	—	310
(b)	Private owned buses	—	9
	State Transport buses	—	22

(c) 25 per cent. of the seating capacity is the maximum standing accommodation allowed in private transport buses. In the State Transport Department buses, passengers are not carried standing in the main line long distance routes with effect from 1st February 1954; standing accommodation is limited to 25 per cent. of the seating capacity in shuttle service short distance routes; standing accommodation is allowed in city and town services the maximum being 50 per cent. of the seating capacity.

(d) There is no record maintained as to the breakdown of private buses on the different routes. In the State Transport services, the average breakdown per day is roughly 20.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: ഗവണ്മെന്റ ട്രാൻസ്പോർട്ടു ബസ്സുകളിൽ കൊണ്ടുപോകുന്ന യാത്രക്കാരുടെ എണ്ണം നിയന്ത്രിച്ചതിനു ശേഷം കൂടുതലായി സർവ്വീസുകൾ നടത്തുന്നുണ്ടോ?

ശ്രീ. എ. അച്ചുതൻ: നിയന്ത്രണം വരുത്തിയതു് ൧-൨-൫൪-ൽ ആണെന്നു ഞാൻ പറഞ്ഞല്ലോ. ൧-൧-൫൪-നു ശേഷം ൧൨ ബസ്സുകൾ ലൈനിൽ ഇട്ടിട്ടുണ്ടു്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളുടെ എൻജിൻ കണ്ടിഷൻ എല്ലാ ദിവസവും പരിശോധിക്കാറുണ്ടോ?

ശ്രീ. എ. അച്ചുതൻ: പൊതുവെ എല്ലാദിവസവും ബസ്സുകളുടെ കണ്ടിഷൻ പരിശോധിക്കും.

Shri A. A. D. Luiz : May I know the number of accidents that occurred during the year 1952?

Mr. Speaker : It is already stated that statistics are not available.

ശ്രീ. എ. അച്യുതൻ : പ്രത്യേകം ഒരു ചോദ്യമായി അയച്ചാൽ അതിനുത്തരം പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : സ്റ്റാൻഡിംഗ് കെപ്പാസിററിക്കും സിററിംഗ് കെപ്പാസിററിയ്ക്കും ടാക്സ് ചുമത്തുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : സിററിംഗ് കെപ്പാസിററിക്കേ ടാക്സ് ഉള്ളു എന്നാണ് തോന്നുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : സ്റ്റാൻഡിംഗ് കെപ്പാസിററിയ്ക്കു ടാക്സ് ഈടാക്കുന്നതിനു ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : അതിപ്പോഴം ആലോചനയില്ല.

ശ്രീ. കെ. സി. ജാർജ്ജ് : ബ്രേക്കഡൗൺ ഉണ്ടാകുന്നതിനുള്ള പ്രധാനകാരണം എന്താണെന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ : ഓവർലോഡുകൊണ്ടായിരിക്കാം. ഓവർലോഡ് ഇല്ലാതാക്കാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ച് എറണാകുളത്തുനിന്നും കൊല്ലത്തേയ്ക്കു ഒരു എക്സ്പ്രസ് സവ്വീസ് തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. എ. അച്യുതൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. ഒ. ബാവാ : ഡിപ്പോർട്ടുമെൻറിൽ കോമർ ബസ്സുകൾ എത്രയെണ്ണം ഓടുന്നുണ്ട്?

ശ്രീ. എ. അച്യുതൻ : നോട്ടീസുവേണം.

ശ്രീ. എ. സി. ചാക്കോ : ഗവണ്മെൻറ ട്രാൻസ്പോർട്ടുസവ്വീസ് പുതിയലൈനുകൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ : ഗവണ്മെൻറിൻെറ പാളിസിതന്നെ എല്ലാ ലൈനും ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൻെറ കീഴിൽ കൊണ്ടുവരണമെന്നുള്ളതാണ്. കൂടുതൽ ലൈൻ എടുക്കുന്നകാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. എൻ. ജി. ചാക്കോ : കോഴഞ്ചേരിയിൽനിന്നും തിരുവനന്തപുരത്തേയ്ക്കു ഒരു ട്രാൻസ്പോർട്ട് എക്സ്പ്രസ്സ് സവ്വീസ് ഇടണമെന്നു കാണിച്ചു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

Mr. Speaker : That question does not arise.

ശ്രീ. കെ. ബാലകൃഷ്ണൻ : സിററി സവ്വീസുകളിൽ ൫൦ ശതമാനത്തിൽകൂടുതൽ ഓവർലോഡ് ഉണ്ടെന്നറിയാമോ?

ശ്രീ. ഏ. അച്യുതൻ: ഇപ്പോൾ ൨൦ ശതമാനം ഓവർലോഡേ അനുവദിച്ചിട്ടുള്ളൂ.

ശ്രീ. കെ. ബാലകൃഷ്ണൻ: ആഫീസ് സമയങ്ങളിൽ വളരെ കൂടുതൽ ആളുകളെ ബസ്സിൽ കയററിവരുന്നതായി അറിയാമോ?

ശ്രീ. ഏ. അച്യുതൻ: ചിലപ്പോൾ അങ്ങനെ ഉണ്ടായി എന്നു വരാം.

ശ്രീ. കെ. എ. ബാലൻ: ഓവർലോഡു കയററരുതെന്നു തീരുമാനിച്ചശേഷം കൂടുതൽ ബസ്സുകൾ സർവ്വീസിൽ ഇട്ടിട്ടുണ്ടോ?

ശ്രീ. ഏ. അച്യുതൻ: റിക്കാർഡിൽനിന്നും കൂടുതൽ ബസ്സുകൾ ഇട്ടിട്ടുള്ളതായി കാണുന്നില്ല.

ശ്രീ. പി. ഗോപാലൻ: ഓവർലോഡ് റെസ്ട്രിക്ട്ചെയ്യുന്നതുകൊണ്ട് യാത്രക്കാർക്ക് കൂടുതൽ വിഷമതകൾ ഉണ്ടെന്നു ഗവണ്മെൻറിന് അറിയാമോ?

ശ്രീ. ഏ. അച്യുതൻ: അങ്ങിനെ വിഷമമുള്ളതായി അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ബഹുമാനപ്പെട്ട മന്ത്രി സാധാരണ ബസ്സുകളിൽ യാത്രചെയ്യാറുണ്ടോ?

ശ്രീ. ഏ. അച്യുതൻ: ഒരാഴ്ചയ്ക്കു മുമ്പുവരെ ഞാൻ സാധാരണ ബസ്സുകളിലാണ് യാത്രചെയ്തുകൊണ്ടിരുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ബസ്സുകൾ ബ്രേക്ക്ഡൗണാകുന്നതിനെപ്പററി എന്തെങ്കിലും കണക്കുകൾ ഗവണ്മെൻറിലുണ്ടോ?

ശ്രീ. ഏ. അച്യുതൻ: പ്രൈവററബസ്സർവ്വീസിനെ സംബന്ധിച്ചിടത്തോളമുള്ള കണക്കുകൾ എടുത്തിട്ടില്ല. സ്റ്റേററട്രാൻസ്പോർട്ടു സർവ്വീസിനെ സംബന്ധിച്ചുള്ള കണക്ക് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. കെ. യശോധരൻ: ഇന്നുള്ള ബസ്സുകൾകൊണ്ടു ആളുകളുടെ യാത്രാവശ്യങ്ങൾക്ക് പര്യാപ്തമാകുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. ഏ. അച്യുതൻ: കൂടുതൽ ബസ്സുകൾ ആവശ്യമുണ്ടെന്നു തോന്നുകയാണെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ഭൂനികുതി സമീകരണം.

*൯൧. [൩] ശ്രീ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിലെ തിരുവിതാംകൂർ വിഭാഗത്തേയും കൊച്ചി വിഭാഗത്തേയും ഭൂനികുതി ഒരേ നിലയിലാക്കിത്തീർപ്പാൻ കാലതാമസം വരുന്നതിൻെറ കാരണമെന്തു്;

(ബി) കൊച്ചി വിഭാഗക്കാർക്ക് ഇക്കാര്യത്തിലുള്ള നഷ്ടം retrospective effect വരുത്തി പരിഹരിച്ചുകൊടുക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള) :

(എ) തിരുവിതാംകൂർ ഭാഗത്തു നിലവിലിരിക്കുന്ന ഭൂനികുതി സമ്പ്രദായം കൊച്ചി വിഭാഗത്തേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഒരു ബിൽ കഴിഞ്ഞ നിയമസഭയിൽ ഹാജരാക്കിയിരുന്നു. ആ ബിൽ നിയമമാകുന്നതിനു മുമ്പ് നിയമസഭ പിരിച്ചുവിടാൻ ഇടയായതുമൂലം ബിൽ ലാപ്സായിപ്പോയി.

(ബി) അതു് സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. അബ്ദുൽഖാദർ : ഈ അസമത്വം ഇല്ലാതാക്കാൻ വേണ്ട നടപടി ഗവണ്മെന്റു എടുക്കുമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിനു വേണ്ടിയാണ് ഒരു ബിൽ ഹാജരാക്കിയിരുന്നതു്. അതു് ലാപ്സായിപ്പോയി. ഉടൻതന്നെ ഈ അസമത്വം ഇല്ലാതാക്കുന്നതിനു വേണ്ട നടപടികൾ എടുക്കും.

ശ്രീ. അബ്ദുൽഖാദർ : ഈ ബിൽമാത്രം പാസാകാതിരിക്കാൻ കാരണമെന്താണ് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : സെലക്റ്റ കമ്മിററിക്കു പോകേണ്ട ഒരു ബില്ലായിരുന്നു അതു്. ഇതുപോലെയുള്ള അസമത്വങ്ങൾ വേറെയും ഉണ്ട്. അതുകൂടി ശരിയാകത്തക്കവിധത്തിലുള്ള ഒരു ബിൽ അസംബ്ലി പിരിച്ചുവിടുന്നതിനു് മുമ്പ് പാസാക്കുന്നതിനു സാധിച്ചില്ല.

ശ്രീ. അബ്ദുൽഖാദർ: ഈ ബിൽ പാസാകാത്തതുകൊണ്ട് കൊച്ചിക്കാർക്ക് വളരെ വിഷമമുണ്ടെന്നു അറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതിനെ സംബന്ധിച്ച് രണ്ടഭിപ്രായമുണ്ട്. വിഷമമുണ്ടെന്നും അറിയാം.

ശ്രീ. കെ. പി. ഹാർമിസ് : വാട്ടർസെസ്സിന്റെ കാര്യത്തിലും കൊച്ചി വിഭാഗത്തിലും തിരുവിതാംകൂർ വിഭാഗത്തിലും വ്യത്യാസമുണ്ടെന്നറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : വാട്ടർസെസ്സിന്റെ കാര്യം ഈ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നതല്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : കഴിഞ്ഞ തവണ കൊണ്ടുവന്ന ലാൻഡ്ടാക്സ് ബിൽ കണ്ടകൃഷി തുടങ്ങിയ ടെനുവർകൂടി ഉൾപ്പെടുത്തി ഈ അസംബ്ലിയിൽ അവതരിപ്പിക്കണമെന്നു ആലോചിക്കുന്നുണ്ടോ ?

ശ്രീ. പി. എസ്സ് നടരാജപിള്ള : ആ കാര്യം ആലോചനയിൽ ഇരിക്കുയാണ്.

ശ്രീ. ടി. പി. സീതാരാമൻ : ഈമാതിരി രണ്ടു സ്റ്റേററുകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നതുകൊണ്ട് കൊച്ചി വിഭാഗത്തിൽനിന്നു രണ്ടു അംഗങ്ങളെക്കൂടി എങ്കിലും മന്ത്രിസഭയിൽ എടുക്കുന്നതിനു ആലോചിക്കുമോ ?

Mr. Speaker: That is a different question.

ശ്രീ. ടി. ഒ. ബാവാ: ഇടപ്പള്ളി സ്വരൂപം തുടങ്ങിയ ഇടവകകളെക്കൂടി ഇനിയും അവതരിപ്പിക്കുന്ന ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആ കാര്യത്തെപ്പറ്റി ഗവണ്മെന്റ് ആലോചിക്കാം.

ജപ്പാൻകൃഷി.

* നം. [൧] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജപ്പാൻ കൃഷി സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനകം പരീക്ഷണാർത്ഥം അത് എവിടെയെങ്കിലും നടപ്പിലാക്കിയോ;

(സി) നടപ്പിലാക്കിയെങ്കിൽ എവിടെ; അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാം?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) ജപ്പാൻ സമ്പ്രദായത്തിലുള്ള നെൽക്കൃഷി ഈ സംസ്ഥാനത്തു ൧൧൨൮-ൽ പരീക്ഷണാർത്ഥം ആരംഭിച്ചു കഴിഞ്ഞു.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശിവപേരൂർ എന്നീ ഡിസ്ത്രിക്റ്റുകളിൽ പല സ്ഥലങ്ങളിലായിട്ട് ഉദ്ദേശം ൨൦൩൦ ഏക്കർ സ്ഥലത്ത് ജപ്പാൻ സമ്പ്രദായത്തിലുള്ള നെൽക്കൃഷി നടത്തി. ഈ സമ്പ്രദായത്തിലുള്ള കൃഷികൊണ്ട് ഈ സംസ്ഥാനത്ത് ൩൦൦൦ മുതൽ ൧൦൦൦ വരെ റാത്തൽ നെല്ല് ഒരേക്കറിൽനിന്നും ഉൽപ്പാദിപ്പിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ കൃഷി നടത്തുന്നതിനു മുമ്പ് അവിടെ എന്തു വിളവുണ്ടായിരുന്നു എന്നു പറയാമോ?

Shri P. S. Nataraja Pillai: I cannot answer that now.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: കൂടുതൽ വിളവുണ്ടായി എന്നു പറഞ്ഞതു് മുമ്പുണ്ടായിരുന്ന വിളവു തിട്ടപ്പെടുത്താതെയാണോ?

ശ്രീ. പി. എസ്സ് നടരാജപിള്ള: തിട്ടപ്പെടുത്തിയിട്ടാണ് പറയുന്നതു്. ഇത്രയും വിളവ് മുമ്പില്ലായിരുന്നു എന്നറിയാം. ശരിയായ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ജപ്പാൻ കൃഷി സമ്പ്രദായം നടപ്പിലാക്കിയപ്പോൾ, മുമ്പു പ്രയോഗിച്ചിരുന്ന വളമല്ലാതെ മററു പുതുതായി വല്ല വളവും പ്രയോഗിച്ചോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അതു സംബന്ധിച്ചു പറയുന്നതു് ഇങ്ങനെയാണു്:

> "The essential features of this system are the use of a very low seed rate, the growing of seedlings in raised nursery beds, heavy manuring of the crop both in the nursery and in the field and careful weeding and interculture coupled with judicious irrigation."

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സാധാരണയുള്ള കൃഷിച്ചിലവിനേക്കാൾ കൂടുതൽ ചിലവു് ഈ കൃഷിസമ്പ്രദായത്തിനുണ്ടോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ചിലവു കുറച്ചു കൂടുമായിരിക്കും. അതിന്റെ കണക്കു് എന്റെ കൈവശമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ കൃഷി നടത്തിയതു് ഒരുപ്പൂവു് നിലത്തിലാണോ, ഇരുപ്പൂവു് നിലത്തിലാണോ?

Shri P. S. Nataraja Pillai : I am sorry I have not got the information.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഒരുപ്പൂവു് നിലത്തിലും ഇരുപ്പൂവു് നിലത്തിലും അല്ലെങ്കിൽ എതുതരം മണ്ണിലാണു് ഈ സമ്പ്രദായം പ്രയോഗിച്ചതെന്നു് പറയാമോ ?

Shri P. S. Nataraja Pillai : Without notice, I cannot obtain the answer for that question.

ശ്രീ. കെ. സി. ജാർജ്ജ് : ഈ കൃഷിസമ്പ്രദായത്തെപ്പററി എന്തെല്ലാം പ്രചാരണങ്ങൾ നടത്തിയിട്ടുണ്ടു്?

Shri P. S. Nataraja Pillai : The Japanese system of cultivation was demonstrated by the Department of Agriculture in various centres of the State both in the Government owned farms and in lands owned by individual ryots. Sufficient stocks of concentrated manures and fertilisers are also stocked in departmental Manure Depots for distribution.

ശ്രീ. കെ. സി. ജാർജ്ജ് : ആ പ്രചാരണങ്ങളുടെ ഫലമായി ഇപ്പോളുവേ കൃഷിക്കാർ എങ്ങിനെയാണു് ഈ സമ്പ്രദായത്തെ സ്വീകരിച്ചിരിക്കുന്നതെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഗവർമ്മെൻറിന്റെ അറിവിൽപ്പെട്ടിടത്തോളം ജനങ്ങൾ ഈ സമ്പ്രദായത്തെ സ്വീകരിക്കാൻ മനോഭാവമുള്ളവരായിട്ടാണു് കാണുന്നതു്.

ശ്രീ. കെ. സി. ജാർജ്ജ് : ഈ സമ്പ്രദായം നടപ്പിലാക്കാൻ എന്തെല്ലാം സൗകര്യങ്ങൾ കൂടുതലായി വേണമെന്നാണു് കൃഷിക്കാർ ആവശ്യപ്പെടുന്നതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള : കൂടുതൽ സൗകര്യങ്ങൾ ആവശ്യപ്പെട്ടതായി ഗവണ്മെൻറിന് അറിവില്ല.

ശ്രീ. കെ. സി. ജാർജ്ജ് : പ്രത്യേക ആനുകൂല്യങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കാതെ ഈ സമ്പ്രദായം നടപ്പിലാക്കാൻ പ്രയാസമാണെന്ന് ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : അങ്ങിനെ ഗവണ്മെൻറിന് തോന്നിയിട്ടില്ല.

ശ്രീ. റി. ഭാസ്കരൻപിള്ള : ഇത്രയും വളം ചെയ്ത് നാടൻ കൃഷി നടത്തിയാൽ കൂടുതൽ നെല്ല് കിട്ടുമെന്നു അറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇതു് നാടൻ കൃഷി തന്നെയാണ്.

ശ്രീ. റി. ഭാസ്കരൻപിള്ള : നാടൻ സമ്പ്രദായം അംഗീകരിക്കുന്നതാണ് കൂടുതൽ നല്ലതെന്ന് അറിയാമോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഞാറ പറിച്ചു നടുന്നതു് വളരെ നല്ലതാണെന്നു വളരെ മുമ്പുതന്നെ കൃഷി വിദഗ്ദ്ധൻ പ്രചരണം നടത്തിയിരുന്നു.

ശ്രീ. റി. ഭാസ്കരൻപിള്ള : നാടൻ കൃഷിയാണെങ്കിൽ എന്തിനാണ് ഗവണ്മെൻറ പണം ചെലവാക്കി പ്രചരണം നടത്തുന്നതു് ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ജനങ്ങൾ ആ സമ്പ്രദായം സ്വീകരിക്കുന്നതിനു വേണ്ടി.

ശ്രീ. എം. ഭാസ്കരൻ നായർ : പ്രചരണം നടത്തുന്നതിന് പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഉണ്ട്.

ശ്രീ. എം. ഭാസ്കരൻ നായർ : ഒരു അഗ്രികൾച്ചറൽ ഡിവിഷനിൽ ഒരു ഇൻസ്പെക്ടർ മാത്രമല്ലേ ഉള്ളു ?

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇൻസ്പെക്ടറും ഡമാൺസ്ട്രേററും ഉണ്ട്.

ശ്രീ. അബ്ദുൽഖാദർ : ഇവിടെ റഷ്യൻകൃഷി നടപ്പിലുണ്ടെന്നുള്ള വിവരം ഗവണ്മെൻറ മനസ്സിലാക്കിയിട്ടുണ്ടോ ?

Mr. Speaker : That question is disallowed.

കാർഷികോപകരണങ്ങളുടെ വില്പന.

* ൧൩. [വ] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൧൨൮-൧൧൨൯-ൽ സർക്കാരിൽ കാർഷികോപകരണങ്ങൾ സഹായവിലയ്ക്കു കൃഷിക്കാർക്കു വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എന്തു് ഉപകരണങ്ങളെന്നും, എവിടെനിന്നും വിതരണംചെയ്തിട്ടുണ്ടെന്നും പറയുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ടു്.

(ബി) ൪,൨൩൩ രൂപ ൧൫ അണ ൩ പൈസ.

ഒരു വിശദമായ സ്റ്റേറ്റുമെന്റു ഇതോടു ചേർത്തിരിക്കുന്നു. *

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സർ, ഇതു് ഏതു ഡിപ്പാർട്ടുമെന്റിൽനിന്നാണു വിതരണം ചെയ്യുന്നതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിൽനിന്നാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഏതു തരത്തിലുള്ള കൃഷിക്കാർക്കാണു് ഇതു വിതരണം ചെയ്യുന്നതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ൧൪ സ്ഥലങ്ങളിലുള്ള ഡിപ്പോകളിൽനിന്നും വിതരണംചെയ്യുന്നുവെന്നാണു കാണുന്നതു്. അതായതു്, നാഗർകോവിൽ, ഭൂതപ്പാണ്ടി, നെടുമങ്ങാട്ട്, നെയ്യാററിൻകര, കൊട്ടാരക്കര, അടൂർ, പത്തനംതിട്ട, തിരുവല്ല, പുനലൂർ, തൊടുപുഴ, മീനച്ചിൽ, തൃപ്പൂണിത്തുറ, ഇരിഞ്ഞാലക്കുട, മാള, തലപ്പിള്ളി, ഈ സ്ഥലങ്ങളിലാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ൧൯൫൨–൫൩–ൽ എത്ര രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ൪,൨൩൩ രൂ. ൧൫ അണ ൩ പൈസ എന്നു ഉത്തരം പറഞ്ഞുകഴിഞ്ഞു.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഒരു പബ്ലിക്കേഷനിൽ ൭,൬൫൧ രൂപയുടെ ഉപകരണങ്ങൾ വിററിട്ടുള്ളതായി പറയുന്നതായിഅറിയാമോ ?

ശ്രീ. പി. എസ്. നടരാജപിള്ള : എന്റെ കയ്യിലുള്ള ഡിപ്പാർട്ടുമെന്റൽ ഫിഗേഴ്സുവച്ചാണു ഞാൻ പറഞ്ഞതു്. മെംബറുടെ കണക്കു എവിടെനിന്നും കിട്ടിയതാണെന്നു എനിക്കു അറിഞ്ഞുകൂടാ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പബ്ലിക്കു റിലേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധീകരിക്കുന്നവ തെററാണെന്നു പറയുന്നതു ശരിയാണോ ?

ശ്രീ. പി. എസ്. നടരാജപിള്ള ; അനൌദ്യോഗസ്ഥന്മാരുടെ സ്റ്റേററുമെന്റുകളും, ഉദ്യോഗസ്ഥന്മാർ സ്വന്തംനിലയിൽ ചെയ്യുന്ന സ്റ്റേററുമെന്റുകളും, ലേഖനങ്ങളും അതിൽ പ്രസിദ്ധീകരിക്കും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ ; ഞങ്ങൾ ഏതാണു സ്വീകരിക്കേണ്ടതു് ?

ശ്രീ. പി. എസ്. നടരാജപിള്ള : ഗവണ്മെന്റിന്റെ റിക്കാർഡുകൾ അനുസരിച്ചുള്ളതു്.

* Please see appendix II.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ തുക പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ചെലവുചെയ്യുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനുള്ള ശരിയായ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതു ഗവൺമെന്റ നേരിട്ടാണോ, ഏജൻസിവഴിയാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഡിപ്പോകൾ മുഖേനയാണെന്നുമാത്രമെ എന്റെ കയ്യിലുള്ള റിക്കാർഡുകളിൽനിന്നും അറിയാൻ തരമുള്ളു. അതു പ്രൈവററ ഏജൻസിയാണോ, ഡിപ്പാർട്ടുമെൻറൽ ഏജൻസിയാണോ എന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: എന്തെല്ലാം ഉപകരണങ്ങളാണു വിതരണംചെയ്യുന്നതു്?

ശ്രീ. പി. എസ്. നടരാജപിള്ള: സ്പേഡ്സ്, മമ്മട്ടി, കപ്പർ പ്ലൌസ്, കുന്താലി, ചാപ്ലേഴ്സ്, പ്ലൌഷെയർ, ഹാൻഡ്ഫോർക്സ്, തൂമ്പാ, സിക്കിൾ, ഹാററ്ച്ചെററ് മുതലായവയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇവിടത്തെ വൻകിട വ്യവസായികൾക്കുമാത്രമെ ഇവ ലഭിക്കുന്നുള്ളുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: പരാതി കിട്ടിയിട്ടുള്ളതായി അറിഞ്ഞുകൂടാ. ഉണ്ടെങ്കിൽ അന്വേഷിച്ചു വേണ്ട പരിഹാരമുണ്ടാക്കാം.

ശ്രീ. കെ. എം. കോര: കാർഷികോപകരണങ്ങൾ കാസ്ററ പ്രൈസ്സിനുതന്നെ കർഷകർക്കു കൊടുക്കുന്നുണ്ടോ? അതായതു് എൻജിൻ മുതലായവ.

ശ്രീ. പി. എസ്. നടരാജപിള്ള: ആ വിവരം എന്റെ കൈവശമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: സ്വന്തമായി ഭൂമിയില്ലാതെ, ഭൂമിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു തൂമ്പാ, അരിവാൾ മുതലായവ കൊടുക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അവരും അപേക്ഷിച്ചിട്ടുണ്ടെങ്കിൽ കൊടുക്കും.

ശ്രീ. ടി. പി. സീതാരാമൻ: കാർഷികോപകരണങ്ങൾ വിതരണംചെയ്യാൻ പ്രൈവററ ഏജൻസികളെ ഏർപ്പാടുചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററി ആലോചിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ: കാർഷികോപകരണങ്ങൾ വിതരണം ചെയ്യുന്നതിനു് ഇത്ര രൂപവരെ എന്നു ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനു നോട്ടീസുവേണം.

ശ്രീ. കെ. പി. ഹാർമീസ്: കുന്നത്തുനാട്ട താലൂക്കിൽ വില്പനനടത്തുന്ന കാർഷികോപകരണങ്ങൾ അവിടത്തെ കൃഷിക്കാർക്ക പററിയതല്ലെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. ഹാർമീസ്: അതിനെപ്പററി എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: പരാതി കിട്ടിയിട്ടുണ്ടോ എന്നു അന്വേഷിക്കാം.

ശ്രീ. കെ. കരുണാകരൻ: കാർഷികോപകരണങ്ങൾ വിതരണം നടത്തുന്നതിന് അതാതു സ്ഥലത്തെ പഞ്ചായത്തുകളെ ഏർപ്പാടുചെയ്യുമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു സാദ്ധ്യതയുള്ള ഒരു നിർദ്ദേശമായി ഞാൻ സ്വീകരിച്ചിരിക്കുന്നു. അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. അവിരാ തരകൻ: ഈ കാർഷികോപകരണങ്ങൾ മററു രാജ്യങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്നതാണോ, ഇവിടെ ഉണ്ടാക്കുന്നതാണോ?

ശ്രീ. പി. എസ്. നടരാജപിള്ള: ഇവിടെ ഉണ്ടാക്കുന്നതാണെന്നു തോന്നുന്നു.

ஸ்ரீ. டி. டி. டானியல்: நாகர்கோயில் பூதப்பாண்டிக்கு எத்தனை கலப்பைகள், கொழுக்கள், மண்வெட்டிகள் கொடுக்கப்பட்டிருக்கின்றன?

ஸ்ரீ. பி. எஸ். நடராஜபிள்ளை: நாகர்கோயில் 79 ஸ்பேடும் 93 மண் வெட்டிகளும், பூதப்பாண்டியில் 100 ஸ்பேடும், 2 கலப்பையும் கொடுக்கப்பட்டிருக்கின்றன.

ശ്രീ. പി. ഭാസ്കരൻ നായർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ; ഒരു മെംബർക്ക് ഇവിടെ മൂന്നിൽ കൂടുതൽ ചോദ്യങ്ങൾ അനുവദിക്കുമോ?

മിസ്റ്റർ സ്പീക്കർ: പാടില്ല. അതുകൊണ്ടാണ് ൻ-ാമത്തെ ചോദ്യം ഉപേക്ഷിച്ചിട്ട പത്താമത്തെ ചോദ്യം വിളിച്ചതു്.

മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ.

❋ ൨൦൦. [൨൦] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര മത്സ്യം വളർത്തൽ കേന്ദ്രങ്ങളുണ്ടെന്നും, അവ എവിടെയെല്ലാമെന്നും, അതിൽ സർക്കാരിൻെറയും പ്രൈവററ്റുടമകളുടെയും നേതൃത്വത്തിലുള്ളതു് ഏതെന്നും പറയുമോ;

(ബി) മത്സ്യം വളർത്തൽ കേന്ദ്രങ്ങൾക്കായി കായൽ പതിച്ചുകൊടുക്കുന്ന പതിവുണ്ടായിരുന്നോ; ഇപ്പോൾ ആ നിയമം പ്രാബല്യത്തിലിരുപ്പുണ്ടോ;

(സി) കായംകുളം കായലിനോടനുബന്ധിച്ച ആറാട്ടുപുഴ പകുതിയിൽ ആൎക്കെങ്കിലും മത്സ്യം വളൎത്തുന്നതിനു കായൽ പതിച്ചുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു; എത്ര ഏക്കർ സ്ഥലം?

ധനകാൎയ്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള): (എ) മത്സ്യം വളൎത്തൽ കേന്ദ്രങ്ങൾ എണ്ണം ൪. ഇവ ഞാറയ്ക്കൽ, മാലിപ്പുറം, ആയിരംതെങ്ങ്, കാൎത്തികപ്പള്ളി എന്നീ സ്ഥലങ്ങളിലാണ്. ഇവയിൽ ആദ്യത്തെ മൂന്നെണ്ണം സൎക്കാരിന്റേയും, അവസാനത്തേതു പ്രൈവറ്റുടമയുടേയുമാണു.

(ബി) മത്സ്യം വളൎത്തലിനായി കായൽ പതിച്ചു കൊടുക്കുക പതിവില്ല. എന്നാൽ മത്സ്യം വളൎത്തലിന്റെ പ്രാധാന്യത്തെ പരിഗണിച്ചു രണ്ടു വ്യക്തികൾക്കായി ൨൪൮ ഏക്കർ കായൽസ്ഥലം പാട്ടത്തിനു കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ചു പ്രത്യേക നിയമമൊന്നുമില്ല.

(സി) ഉണ്ട്. ൧൧൨൨, ൧൧൨൭ എന്നീ വൎഷങ്ങളിൽ രണ്ടു വ്യക്തികൾക്കായി ൨൪൮ ഏക്കർ സ്ഥലം പാട്ടത്തിനു കൊടുത്തിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആൎക്കെല്ലാമാണു സ്ഥലം പാട്ടത്തിനു കൊടുത്തതെന്നു പറയാമോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: ശ്രീ. സി. ആർ. ഭാസ്കരനും, ശ്രീ. ഇ. ഭാസ്കരനും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഇതിൽ ഒരാൾ മുൻപു ഈ അസംബ്ലിയിൽ മെമ്പറായിരുന്ന ഭാസ്കരനാണോ?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അതെനിക്കു നിശ്ചയമില്ല. ഭാസ്കരനെന്ന പേരിൽ പലരും കണ്ടേക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: എത്ര കൊല്ലത്തേക്കാണു പാട്ടം?

Shri P. S. Nataraja Pillai : The lease to Shri C. R. Bhaskaran is for a period of 10 years from 1947. The area is 148 acres and the rent is Rs. 148 per annum. The area leased out to Shri E. Bhaskaran is 100 acres and this is for a period of 12 years from 1952. Under the lease the lessee is not liable to pay any rent for the first three years; for the next three years he has to pay rent calculated at Rs. 5 per acre per annum; thereafter the lessee shall pay the rent fixed by the Government, due regard being had to the circumstances of the case.

ശ്രീ. കെ. സി. ജാൎജ്ജ്: ഈ കേന്ദ്രങ്ങൾ മത്സ്യം വളൎത്തി കായലിൽ വിടണമെന്നാണോ ഗവണ്മെന്റു നിൎദ്ദേശിച്ചിട്ടുള്ളതു്?

ശ്രീ. പി. എസ്സ്. നടരാജപിള്ള: അല്ല; വിൽക്കുന്നതിനു്.

Panchayats.

✱ 101 [11]. **Shri M. A. Antony**: Will the Chief Minister be pleased to state the steps the Government propose to take for the successful working of the Panchayats for the benefit of the rural population?

Minister for Local Self-Government (**Shri P. K. Kunju**): Proposals have been received as to what all steps could be taken up immediately and the matter is under consideration of the Government. The question of delegating powers to the Panchayat has not been finalised. The intention of Government is to make every Panchayat, as far as possible, an autonomous body working for the benefit of the rural population.

ഡാക്ടർ പി. പി. ആൻറണി: ബാങ്കുകളിൽ നിന്നും പണം വാങ്ങുന്നതിനു താമസം നേരിടുന്നതുമൂലം പല പഞ്ചായത്തുകളുടെയും ജോലികൾ നിർവഹിക്കാൻ താമസം നേരിടുന്നു എന്നുള്ള വിവരം അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അങ്ങനെ താമസം നേരിടുന്നു എന്നു ബോദ്ധ്യമായാൽ അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നതാണ്.

ഡാക്ടർ പി. പി. ആൻറണി: പഞ്ചായത്ത് ആഫീസുകൾ നടത്തുന്നതിന് വേണ്ടത്ര സ്റ്റാഫും സ്ഥലസൗകര്യവും ഇല്ലെന്ന് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻ നാടാർ: സംസ്ഥാനത്ത് പഞ്ചായത്ത് ഇല്ലാത്ത സ്ഥലങ്ങളുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ്: പഞ്ചായത്തുള്ള സ്ഥലങ്ങളെക്കുറിച്ചറിയാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: കണ്ണൻദേവൻ എസ്റ്റേററ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് പഞ്ചായത്ത് രൂപീകരിച്ചിട്ടില്ലായെന്ന് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ്: ൩൪൨ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ട് പഞ്ചായത്തുകളുടെ പ്രസിഡൻറ് തിരഞ്ഞെടുപ്പിനെപ്പററി ചില കുഴപ്പമുള്ളതുകൊണ്ട് ആ സ്ഥലത്തുമാത്രം പഞ്ചായത്തുകൾ രൂപീകരിച്ചിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: എന്തു കുഴപ്പമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞ്: പ്രസിഡൻറിൻെറ എലക്ഷൻ നടന്നിട്ടില്ലെന്ന് മാത്രമാണ് പ്രധാന കാര്യം.

ശ്രീ. എ. കുഞ്ഞൻനാടാർ: പഞ്ചായത്തു എലക്ഷനെ സംബന്ധിച്ച് പല തകരാറുകളും ഉണ്ടായിട്ടുള്ളതിനെ പരിഹരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എം. എ. ആന്റണി: പഞ്ചായത്തുകൾക്ക് ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി കൂടുതൽ ഗ്രാന്റ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. എം. എ. ആന്റണി: പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം പഞ്ചായത്തുകളിലെ മരാമത്തുപണികൾ ശരിയായി നടക്കുന്നില്ലെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു്: അനാസ്ഥമൂലമാണോ എന്നറിഞ്ഞുകൂടാ. ചില സ്ഥലങ്ങളിൽ മരാമത്തുപണികൾ തീർന്നിട്ടില്ലെന്നറിയാം. അവയെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. എം. ഭാസ്കരൻ നായർ: പഞ്ചായത്തു ഏർപ്പാടുമൂലം ചെറിയ ചെറിയ ചെറുക്കുടിലിനുപോലും കരം ചുമത്തുന്ന ഏർപ്പാടു് നിറുത്തലാക്കാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാര്യം ഗവണ്മെന്റിന്റെ പര്യാലോചനയ്ക്കു് വിഷയീഭവിക്കുന്നതായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: പഞ്ചായത്തു ആഫീസുകളുടെയും മറ്റും മരാമത്തു വകയ്ക്കായി ആവശ്യമുള്ള തുക ഗവണ്മെന്റ് അപ്പോഴപ്പോൾ അനുവദിച്ചുകൊടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു്: ആ കാര്യത്തിന്റെ പ്രായോഗികതയെപ്പറ്റി വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. ഏൻ. ജി. ചാക്കോ: പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരങ്ങൾ നൽകാൻ പോകുന്നു എന്നു പറയുകയുണ്ടായി. എന്തെല്ലാം കൂടുതൽ അധികാരങ്ങളാണു് നൽകാൻ പോകുന്നതെന്നു് പ്രസ്താവിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞു്: പഞ്ചായത്തുകളുടെ അധികാരവിപുലതയെപ്പറ്റി പല പ്രപ്പോസൽസും ഗവണ്മെന്റിനു് കിട്ടിയിട്ടുണ്ടു്. അവ ഗവണ്മെന്റിന്റെ പര്യാലോചനയിൽ ഇരിക്കുകയാണു്.

പഞ്ചായത്തു ബൈലാ.

* ൧൦൫. [൧൨] ശ്രീ. ടി. ഭാസ്കരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനമായ പഞ്ചായത്തിനു് ബൈലായിൽ ഭേദഗതി ചെയ്യാനുള്ള അവകാശം കൊടുത്തിട്ടു് ഭേദഗതി ചെയ്യുമ്പോൾ അതു അംഗീകരിക്കാതെ തിരിച്ചയയ്ക്കുന്നതിനു് പഞ്ചായത്തധികൃതർക്കു് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള : ബൈലായിൽ ചേർക്കണമെന്നു കാണിച്ചു അയച്ചിട്ടുള്ള പല നിർദ്ദേശങ്ങളും പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ നിന്നും നിരാകരിച്ചിട്ടില്ലേ ?

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെ നിരാകരിച്ചതായി അറിവില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള : അങ്ങനെ ഭേദഗതികൾ തള്ളിക്കളഞ്ഞതായിട്ടു ഗവണ്മെന്റിനു ബോദ്ധ്യമായാൽ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു് : ചില ഭേദഗതികൾ തള്ളിയിട്ടുണ്ടെങ്കിൽ തന്നെ അവ ഇൻഡ്യൻ ഭരണഘടനക്കും നിലവിലുള്ള പഞ്ചായത്തു ആക്ടിനും വിപരീതമായിട്ടുള്ളതാണു്. ആക്ടിനു് വിപരീതമല്ലാത്ത ഭേദഗതികൾ തള്ളിക്കളഞ്ഞിട്ടില്ല.

ശ്രീ. ടി. ഭാസ്കരൻപിള്ള : ആക്ടിനും റൂൾസിനും വിപരീതമല്ലാത്ത ഭേദഗതികൾ തള്ളിക്കളഞ്ഞിട്ടുണ്ടെന്നു് ബോദ്ധ്യപ്പെട്ടാൽ നടപടിയെടുക്കാൻ സന്നദ്ധമാണോ ?

ശ്രീ. പി. കെ. കുഞ്ഞു് : അതു് യഥാർത്ഥമാണെങ്കിൽ നടപടിയെടുക്കുന്നതാണു്.

ശ്രീ. എം. എ. ആന്റണി : ഭരണഘടനയ്ക്കു് വിപരീതമല്ലാത്ത ഭേദഗതികൾ ഇനിയും അയക്കുന്നതായാൽ അവ് സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞു് : സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ : ഏതെല്ലാം പഞ്ചായത്തുകളാണു് ബൈലാ പാസ്സാക്കിയിട്ടുള്ളതെന്നു് പറയാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞു് : എന്റെ കൈവശം റിക്കാർഡുകൾ ഒന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി : ചെറിയ കുടിലുകൾക്കു് കരം കൊടുക്കണമെന്നുള്ളതു് ഗവണ്മെന്റിന്റെ പര്യാലോചനയിൽ പെട്ടിട്ടുള്ളതല്ലേ ?

ശ്രീ. പി. കെ. കുഞ്ഞു് : അതിനെപ്പററി ഒരു മറുപടി പറയാൻ തക്കവണ്ണം രേഖകൾ ഒന്നും കൈവശമില്ല.

Short Notice Questions.

Mr. Speaker : I shall now take up the Short Notice Questions posted for the day.

Trade Dispute.

* 3. [4] **Shri M. P. Menon** : Will the Minister for Local Self Government be pleased to state :

(*a*) whether a trade dispute has arisen as a result of Messrs. Shri Padmanabha Wood Industrials, Trivandrum, discharging a majority of the workmen under them ; and

(*b*) what steps Government have taken to settle the dispute?

Minister for Local Self-Government (**Shri P. K. Kunju**) :

(*a*) Yes.

(*b*) The Assistant Labour Commissioner, Trivandrum, has initiated conciliation proceedings in the matter and has posted a conference on 30-3-1954 to explore the possibilities of an amicable settlement of the dispute.

ശ്രീ. എം. പി. മേനോൻ : ഈ തൊഴിലാളികളെ പിരിച്ചുവിട്ടതു് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ശ്രീ. താണുപിള്ളയ്ക്കുവേണ്ടി പ്രചരണം നടത്തി എന്നുള്ള കുററം കൊണ്ടാണെന്നു് ഗവണ്മെൻറിനറിയാമോ?

ശ്രീ. പി. കെ. കുഞ്ഞു് : അങ്ങനെ അറിവില്ല.

Shri Chengarapalli P. Narayanan Potti : Sir, I want to know whether Short Notice Question No. 3 has been put and answered?

Mr. Speaker : That is an unstarred question.

പഞ്ചായത്തു ഡയറക്ടർ അയച്ചിട്ടുള്ള സർക്കുലർ.

* ൪. [൭] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിലെ പഞ്ചായത്തു ഡയറക്ടർ ൧൯൫൪ ഫെബ്രുവരി ൨൦-ാംതീയതി ററ്.ൽ. ന്യ-ന. ൭൯/൫൪-ാംനമ്പരായി ഈ സ്റ്റേററിലെ പഞ്ചായത്തുകൾക്കു് അയച്ചിട്ടുള്ള സർക്കുലർ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ സർക്കുലർ ഉടനടി നടപ്പിൽ വരികയാണെങ്കിൽ ഈ സംസ്ഥാനത്തുള്ള ൭൦൦-ൽപരം പഞ്ചായത്തുകളുടെ പ്രവർത്തനവും സ്തംഭിക്കാനിടയുണ്ടെന്നു ഗവണ്മെൻറു കരുതുന്നുണ്ടോ;

(സി) പഞ്ചായത്തു ഡയറക്ടറുടെ സർക്കുലർ ഉടനടി പ്രയോഗത്തിൽ വരുത്താതിരിക്കുന്നതിനുവേണ്ടിയുള്ള സത്വരനടപടികൾ ഗവണ്മെൻറു സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞു്) :

(എ) സമീപകാലത്താണു് ശ്രദ്ധയിൽപെട്ടതു്.

(ബി) (സി) ഈ കാര്യത്തെപ്പററി ആലോചിച്ച് ഗവണ്മെൻറിൽ നിന്നും വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. വി. ശ്രീധരൻ : ഈ സർക്കുലറിനെപ്പററി ആലോചിച്ച് മറുപടി പറയാൻ എത്ര കാലം വേണ്ടിവരുമെന്നു പറയാമോ?

ശ്രീ. പി. കെ. കുഞ്ഞ് : സമയക്ലിപ്തം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. ശ്രീധരൻ : ഈ മാസം ൩൧-ാംതീയതിക്കകം ഈ സർക്കുലറിനെപ്പററി ഒരു തീരുമാനം എടുത്തില്ലെങ്കിൽ സംസ്ഥാനത്തുള്ള ൫൦൦-ൽപരം പഞ്ചായത്തുകളുടെ പ്രവർത്തനം സ്തംഭിക്കാനിടയുണ്ടെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ് : അതാണ് ഗവണ്മെൻറ പറയുന്നത് ഈ കാര്യത്തെപ്പററി ആലോചിച്ച് തീരുമാനമുണ്ടാക്കാമെന്ന്. ഈ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. ടി. ഭാസ്കരൻപിള്ള : പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നടക്കുന്ന ഈ കാര്യം പഞ്ചായത്തു ഡയറക്ററുമായി ഗവണ്മെൻറിനു ആലോചിക്കാൻ വളരെ താമസം വേണ്ടിവരുമോ?

ശ്രീ. പി. കെ. കുഞ്ഞ്: വലിയ താമസത്തിനു കാരണമില്ല എത്രയുംവേഗത്തിൽ ഈ കാര്യത്തെക്കുറിച്ചു ആലോചിക്കുകയും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

ശ്രീ. വി. ശ്രീധരൻ : ഈ സർക്കുലറിൻെറ ഫലമായിട്ടു സംസ്ഥാനത്തുള്ള പഞ്ചായത്തുകൾ പ്രവർത്തനരഹിതമായാൽ ഉണ്ടാകുന്ന ഫലങ്ങളെപ്പററി ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞ് : പ്രവർത്തനരഹിതമാകുന്നതല്ല.

ശ്രീ. വി. ശ്രീധരൻ : പ്രവർത്തന രഹിതമാകാതിരിക്കാൻവേണ്ടി എത്രയും വേഗത്തിൽ ഗവണ്മെൻറ നടപടി കൈക്കൊള്ളുമോ?

ശ്രീ. എ. കുഞ്ഞൻനാടാർ : പഞ്ചായത്തു ഡയറക്ററർ അയച്ചിട്ടുള്ള സർക്കുലറിൻെറ ഉള്ളടക്കം എന്താണെന്നു വിശദമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞ് : സർക്കുലർ മേശപ്പുറത്തു വച്ചിരിക്കുകയാണ്. ഏകദേശം ഒരു ട്ടുപേജുവരെയുണ്ട്. അത്രയും വായിക്കുന്നതിനുള്ള സമയം ലഭിക്കാത്തതുകൊണ്ടാണ് മേശപ്പുറത്തുവച്ചിരിക്കുന്നത്.

ശ്രീ. വി. ശ്രീധരൻ : അതിൻെറ ചുരുക്കം എങ്കിലും പ്രസ്താവിച്ചുകൂടേ?

ശ്രീ. പി. കെ. കുഞ്ഞ് : പഞ്ചായത്തുകളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി വിതരണം ചെയ്തിട്ടുള്ള ഒരു സർക്കുലറാണ് എന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. വി. ശ്രീധരൻ : മാർച്ചുമാസം ൩൧-ാംതീയതിക്കകം ഈ സർക്കുലറിനെ സംബന്ധിച്ച് നടപടി എടുത്തില്ലെങ്കിൽ ഓരോ പഞ്ചായത്തിലേയ്ക്കുമുള്ള ൨,൦൦൦ രൂപ കിട്ടുകയില്ലായെന്നുള്ളതു് അറിയാമോ?

ശ്രീ. പി. കെ. കുഞ്ഞ് : അങ്ങനെ ഭയപ്പെടേണ്ട.

Retrenchment of Teachers.

*5 [6]. **Shri K. P. Hormis** : Will the Minister for Education be pleased to state :

(*a*) whether Government have passed orders retrenching teachers from service with effect from 26-3-1954 ; and

(*b*) if the answer to (*a*) is affirmative the number of teachers affected by the same and the reasons thereof ?

Chief Minister (**Shri A. Thanu Pillai**) : (*a*) Government have not passed any order retrenching teachers ; but a number of teachers appointed in short vacancies had to be relieved on 26-3-1954 on the termination of the vacancies in which they were acting.

(*b*) 83 Graduate teachers and 475 primary school teachers. As these teachers were recruited specially as leave reserve recruits they have to go out of service on the termination of the vacancies. But instructions have been issued to re-entertain them as early as possible. About 250 of them will be immediately re-entertained. The others will also be absorbed with the reopening of the schools when more vacancies are anticipated.

ശ്രീ. വി. ശ്രീധരൻ : സ്ഥിരം ഒഴിവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ടോ ?

ശ്രീ. എ. താണുപിള്ള : അങ്ങനെ പിരിച്ചുവിട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. വി. ശ്രീധരൻ : അപ്രകാരം പിരിച്ചുവിട്ടിട്ടുള്ളതായി ഗവൺമെൻറിൻെറ ദൃഷ്ടിയിൽ ബോദ്ധ്യപ്പെടുന്നപക്ഷം പരിഹാരം ഉണ്ടാകുമോ ?

ശ്രീ. എ. താണുപിള്ള : സ്ഥിരമായ വേക്കൻസികളിൽ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ പിരിച്ചുവിട്ടിട്ടുണ്ടെന്നു കാണുന്നപക്ഷം എത്രയും വേഗത്തിൽ അവരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ തക്കവണ്ണമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : വെക്കേഷൻകാലത്തു് ശമ്പളം കൊടുക്കാതിരിക്കുന്നതും ആക്ടിംഗുകാരെ പിരിച്ചുവിടുന്നതും ലാഭത്തിനെ ഉദ്ദേശിച്ചല്ലേ?

ശ്രീ. എ. താണുപിള്ള : ആ ഉദ്ദേശമല്ല. വെക്കേഷൻ കാലത്തു് അവധിയിൽ പ്രവേശിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകന്മാർക്കും ശമ്പളം കൊടുക്കാൻ പ്രൊവിഷൻ ഇല്ല. മാത്രമല്ല പിരിച്ചുവിടുന്നതിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ സംസ്ഥാനത്തുള്ള പ്രൈമറി സ്കൂളുകളിൽ ൨൩൦൦൦-ൽപരം അദ്ധ്യാപകരുണ്ടു്. ഇത്രയും അദ്ധ്യാപകരിൽ ൪൦൦-ൽ ചില്വാനം ആളുകൾ അവധിയെടുക്കുകയെന്നുള്ളതു് ഒരു അസാധാരണ

സംഭവമല്ല. സ്ഥിരമാക്കിയിട്ടുള്ള അദ്ധ്യാപകക്ക് മാത്രമേ വെക്കേഷൻ കാലത്തു് ശമ്പളം കൊടുക്കുകയുള്ളൂ. അല്ലാത്തുള്ളവക്കു് കൊടുക്കാൻ നിവൃത്തിയില്ല. അങ്ങനെയുള്ളവർ വെക്കേഷൻ കാലത്തു് ജോലിയിൽ പ്രവേശിക്കുമ്പോഴാണു് താൽക്കാലികമായി നിയമിച്ചിട്ടുള്ള അദ്ധ്യാപകരെ പിരിച്ചുവിടുന്നതു്.

അദ്ധ്യാപകന്മാരുടെ പിരിച്ചുവിടൽ.

* നം. [൧] ശ്രീ. എം. എ. ആൻറണി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് എഡ്യൂക്കേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സക്കാർ പ്രൈമറി സ്കൂളുകളിൽ ജോലിനോക്കുന്ന ഏതെങ്കിലും അദ്ധ്യാപകന്മാരെ ൨൩-൩-൧൯൫൪-ൽ പിരിച്ചുവിടുന്ന കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര അദ്ധ്യാപകന്മാരെ ഈ കല്പന ബാധിക്കും ;

(സി) അവരെ പിരിച്ചുവിടുന്നതിനുള്ള കാരണമെന്തു്;

(ഡി) ഇവരെ സർവീസിലേയ്ക്കു് തിരിയെ എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

(എ) പകരം ജോലിനോക്കിവന്നിരുന്നവരിൽ ചിലർ ആ ഒഴിവുകൾ അവസാനിച്ചതു കാരണം ൨൩-൩-൫൪ മുതൽ തൽക്കാലം പിരിഞ്ഞുപോകേണ്ടതായി വന്നിട്ടുണ്ടു്.

(ബി) ൪൧൭. ഇവരിൽ ഇരുനൂററി അൻപതോളം അദ്ധ്യാപകരെ ഉടനെ വീണ്ടും ഒഴിവുള്ള സ്ഥാനങ്ങളിലേയ്ക്കു നിയമിക്കുന്നതാണു്.

(സി) അവർ ജോലി നോക്കി വന്നിരുന്ന തൽക്കാല ഒഴിവുകൾ അവസാനിച്ചതുകൊണ്ടു്.

(ഡി) തിരിച്ചെടുക്കും.

ശ്രീ. ടി. കെ. ദിവാകരൻ : സ്ഥിരവേക്കൻസികളിൽ വളരെക്കാലമായി ജോലി നോക്കിക്കൊണ്ടിരിക്കുന്ന അദ്ധ്യാപകന്മാരെ കഴിയുന്നതും വേഗം സ്ഥിരപ്പെടുത്തുന്ന കാര്യം പര്യാലോചിക്കുമോ?

ശ്രീ. എ. താണുപിള്ള : കഴിയുന്നതും വേഗം അവരെ സ്ഥിരപ്പെടുത്താം.

Written Answers.

ജന്മിക്കരം.

* ൫൦൩. [൫൩] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്മിക്കരം ഇനത്തിൽ പ്രതിവർഷം ഗവണ്മെൻറു് എത്ര രൂപ പിരിച്ചെടുക്കുന്നുണ്ടു്;

(ബി) ഈ കരം പിരിച്ചെടുത്തു് ജന്മിമാക്കു നൽകുന്നതിനു് ജന്മിമാരിൽനിന്നും ഗവണ്മെൻറു് എന്തു തുക ഈടാക്കുന്നു;

(സി) ഈ ഇനത്തിൽ ഗവണ്മെൻറിനു് വർഷംതോറും എത്ര രൂപ നഷ്ടം ഉണ്ടു്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) രൂ. ൧൦,൩൨,൭൩൮–൧൯–൫.

(ബി) രൂ. ൨൩,൨൨൨–൧൦–൮.

(സി) രൂ. ൧൫,൭൨൦

എൻ. ജി. ഒ-മാരുടെ പെൻഷൻ.

✱ ൧൦൪. [൧൫] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തെയും കൊച്ചീവിഭാഗത്തെയും എൻ. ജി. ഒ-മാരുടെ പെൻഷൻനിരക്കിൽ വ്യത്യാസം വരുത്താൻ കാരണമെന്തു്;

(ബി) ഈ വ്യത്യാസം പരിഹരിച്ചു് പെൻഷൻനിരക്കു തുല്യമാക്കാൻ ഉടൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) സംയോജനകാലത്തു് ഇരുരാജ്യങ്ങളിലും നിലവിലിരുന്ന പെൻഷൻ ചട്ടങ്ങളും നിരക്കുകളും ഇപ്പോഴും തുടരുകയാണു്. കൊച്ചിയിലെ ക്ഷാമബത്തനിരക്കു് തിരുവിതാംകൂറിലേതിനേക്കാൾ കൂടുതലാണു്.

(ബി) ഇരുരാജ്യങ്ങളിലെയും ക്ഷാമബത്താനിരക്കിലുള്ള ഈ വ്യത്യാസം പരിഹരിക്കുന്ന പ്രശ്നം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

UNSTARRED QUESTIONS.

Petitions from Teachers.

33 [7]. **Shri Alexander Parampithara**: Will the Chief Minister be pleased to state :

(*a*) the number of petitions pending with Government from private secondary teachers adversely affected by the provisions of the P. S. S. Scheme ;

(*b*) how many of these petitions have been sent through the Education Department ;

(*c*) how many have been sent through Advocates ; and

(*d*) how many of them are there pending for six months or more ?

Answer.

(*a*) 20 including petitions from Managers.

(*b*) Nil.

(*c*) Two.

(*d*) Seven.

Bus Service to Nedumangad.

34 [8] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state whether Government would be pleased to consider the question of increasing the bus services leading to Nedumangad especially on Market days?

Answer.

State Transport buses are plying along the Trivandrum-Nedumangad route with an average frequency of 25 minutes. Government consider that additional services along this route are unnecessary as well as unremunerative.

തൊഴിലാളികൾക്കു ഭവനങ്ങൾ.

൩൫. [൯] ശ്രീ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്ട വില്ലേജിലും, എടവിലങ്ങ വില്ലേജിലെ കാര എന്ന സ്ഥലത്തും തൊഴിലാളികൾക്കുവേണ്ടി പണിതിരിക്കുന്ന കെട്ടിടങ്ങൾ ഉപയോഗശൂന്യമായി ആരും താമസമില്ലാതെ കിടക്കുന്നതിന്റെ കാരണമെന്തു്;

(ബി) ഇക്കാര്യത്തിൽ ഉടനെ വേണ്ട നടപടി നടത്തുമോ?

ഉത്തരം.

(എ) അഴീക്കോട്ടേയും എടവിലങ്ങിലേയും പരസ്പരസഹായ സംഘങ്ങൾ തന്നിരുന്ന ഉറപ്പിന്മേൽ ആ സ്ഥലങ്ങളിൽ ഭവനനിർമ്മാണം പൂർത്തിയായപ്പോൾ ടി സംഘങ്ങളുടെ ഇപ്പോഴത്തെ സാമ്പത്തികനില പദ്ധതിയുടെ പ്രവർത്തനച്ചുമതല ഏറ്റെടുക്കുവാൻ പര്യാപ്തമായതല്ലെന്നു് ടി സംഘങ്ങൾ അറിയിച്ചതിനാൽ, ഭവനങ്ങൾ ആരെയും ഏല്പിക്കുവാൻ സാധിച്ചില്ല.

(ബി) അവശസമുദായത്തിൽപ്പെട്ടവരുടെ താമസത്തിനായി ടി ഭവനങ്ങൾ അവശസമുദായോദ്ധാരണ ഡിപ്പാർട്ടുമെന്റിനെ ഏല്പിക്കുവാനുള്ള നടപടികൾ ഊർജ്ജിതത്തിലിരിക്കുകയാണു്.

Bridge in Cheranallur.

36. [10] **Shri M. A. Antony:** Will the Chief Minister be pleased to state:

Whether the Government have taken any steps for the construction of a bridge in the Cheranallur crossing in the Ankamali Manjapra Road in Alwaye Sub Division in this financial year?

Answer.

Yes.

Sub Treasury at Ettumanur.

37 [15] **Shri V. V. Sebastian:** Will the Chief Minister be pleased to state:

(a) whether the Government have sanctioned the opening of a Sub Treasury at Ettumanur; and

(b) if so, why that decision has not yet been implemented?

Answer.

(a) Yes.

(b) Certain minor alterations required in the building chosen for the purpose have to be attended to. Orders have been issued to the Chief Engineer, P. W. D. to carry out the work. On completion of this work the Sub Treasury will begin to function.

കായൽകൃഷി.

൩൮. [൧൭] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ കൃഷിക്കു കൊടുത്തതിൽ പല ക്രമക്കേടുകളും ഉണ്ടായിട്ടുണ്ടെന്നു കാണിച്ച് ഗവണ്മെന്റിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് ഗവണ്മെന്റ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) പരാതികൾ ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

Municipal Commissioner.

39. [18] **Shri Avira Tharakan:** Will the Chief Minister be pleased to state:

(a) Whether one Mr. M. Ramakrishnan was selected by the Publice Service Commission for appointment as Municipal Commissioner in this financial year; and

(b) if so why he was not appointed?

Answer.

(a) Yes.

(b) the matter is under consideration.

Perumbavur Munsiff's Court.

40 [19] **Shri Avira Tharakan**: Will the Chief Minister be pleased to state:

(a) whether one lady working in the Perumbavoor Munsiff's Court was thrown out of job when the Congress Ministry was in power; and

(b) if so what was the reason?

Answer.

(a) Yes.

(b) The appointment was only a temporary one.

Adjournment Motions.

12 Noon.

Mr. Speaker: Order, order. Time for interpellations is over. Yesterday the Chief Minister promised to place before the House, the facts relating to the adjournment motion given notice of by Shri K. I. Velayudhan.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) : സർ, ഈ അടിയന്തിരപ്രമേയത്തിൽ ഒരു വഴി പോലീസുകാർ അടച്ചു എന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഏതുവഴിയാണു് അടച്ചതു് എന്നുള്ളതൊന്നും ഈ മോഷനിൽ ഇല്ല. എങ്കിലും എനിക്കു കിട്ടിയ വിവരം അങ്ങനെ യാതൊരു വഴിയും പോലീസുകാർ അടച്ചിട്ടില്ല എന്നാണു്. പോലീസ് റിസർവ് ക്യാമ്പിനകത്തുകൂടി ഒരു വഴി കിട്ടുന്നതിനുള്ള ശ്രമമാണു് കാണുന്നതു്. അതിൽനിന്നാണു് ഇങ്ങനെ ഒരു മോഷൻ ഇടയായിട്ടുള്ളതു്. ആളുകൾക്കു നടക്കുന്നതിനു വേറെ ഒരു വഴിയുണ്ടു്. പോലീസ് ക്യാമ്പിനകത്തു് വഴി കൊടുക്കുന്നതു ശരിയല്ല. അവിടെ വേറെ വഴിയില്ലായ്കയുമില്ല. പോരാത്തതിനു സൗകര്യമായ ഒരു വഴി കൊടുക്കുന്നതിനു് ഗവണ്മെൻറു് ഉത്തരവു കൊടുത്തിട്ടുണ്ടു്. ആ വഴി ഒട്ടും താമസിയാതെ തുറക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുകയും ചെയ്യാം. ഇതല്ലാതെ ഒരു വഴിയും പോലീസുകാർ തടഞ്ഞിട്ടില്ല.

ശ്രീ. കെ. ഐ. വേലായുധൻ : ഒരു വഴി പുതിയതായി തുറക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾത്തന്നെ ഇവിടെ പ്രസ്താവിച്ചുവല്ലോ. അങ്ങനെ ഒരു പുതിയ വഴി ഇട്ടുകൊടുക്കുന്നതിന്റെ ആവശ്യമെന്താണു്?

ശ്രീ. എ. താണുപിള്ള : ആളുകൾക്കു നടക്കുന്നതിനാണു്.

ശ്രീ. കെ. ഐ. വേലായുധൻ : ആദ്യം ഉണ്ടായിരുന്ന വഴി തടഞ്ഞുകൊണ്ടു് ഇപ്പോൾ പുതിയതായ ഒരു വഴി തുറക്കുവാൻ പോകയല്ലേ?

ശ്രീ. എ. താണുപിള്ള: അല്ല. റിസർവ്വ് ക്യാമ്പിനകത്തുള്ള വഴിയിൽക്കൂടി ആളുകൾ നടന്നിരുന്നു. ആളുകൾക്കു നടക്കുന്നതിനു് ഇപ്പോഴും ഒരു വഴിയുണ്ടു്. കൂടുതൽ സൌകര്യങ്ങളെ ഉദ്ദേശിച്ചു് വേറെ ഒരു വഴി കൂടി തുറക്കുവാനാണു് ഏർപ്പാടു് ചെയ്തിരിക്കുന്നതു്.

ശ്രീ. കെ. ഐ. വേലായുധൻ: വളരെക്കാലമായി ആളുകൾ നടന്നുകൊണ്ടിരുന്ന ഒരു വഴി പോലീസുകാർ അടച്ചു എന്നുള്ള ആക്ഷേപത്തിന്റെ ഫലമായി മന്ത്രിമാരും ഐ. ജി. യും സ്ഥലത്തുവന്നു റിപ്പോർട്ടു് എഴുതിപ്പോയിട്ടുള്ളതു് മന്ത്രിയുടെ മുമ്പിൽ ഇരിക്കുന്ന ഫയലിൽ കാണുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിന്റെ ഫലമായിട്ടാണു് ഒരു വഴി ഉടനെ തുറക്കാൻ ഏർപ്പാടു ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. ഐ. വേലായുധൻ: ആ വഴി അടച്ചതുകൊണ്ടല്ലേ വേറെ പുതിയ വഴി തുറക്കുവാൻ ഇടയായതു്.

ശ്രീ. എ. താണുപിള്ള: വേറെ വഴി തുറക്കാൻ ഏർപ്പാടു ചെയ്തു, ഉദ്ദേശിച്ചപോലെ പൂർത്തിയായിട്ടില്ല. അതുകൊണ്ടാണു് അതു് ഉടനെ പൂർത്തിയാക്കാമെന്നു പറഞ്ഞതു്.

ശ്രീ. കെ. ഐ. വേലായുധൻ: വഴി അടച്ചുകെട്ടിയ ശേഷം ജനങ്ങളുടെ ആക്ഷേപം അനുസരിച്ചു് ജനങ്ങൾക്കു് അതിൽക്കൂടി കടന്നുപോകാൻ പെർമിഷൻ, കൊടുക്കുകയും ആ പെർമിഷൻ അടുത്തകാലത്തു തടഞ്ഞതായും ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ.

Mr. Speaker: In the light of the answers given by the Chief Minister, I reject the adjournment motion.

There are some other motions for adjournment received by me today. But all of them do not satisfy the provisions relating to adjournment motions, and so I reject them. But I would like to bring to the notice of the Chief Minister that most of them deal with the atrocities of the Police Department, and I hope that he will look into them carefully.

Motion regarding breach of privilege.

Mr. Speaker: I have received notice of a motion given notice of by Shri Chengarapalli P. Narayanan Potti. The motion is this :

> "Under rule 57 of the Travancore-Cochin Legislative Assembly Rules, I hereby give notice of my intention to raise the following question of privilege during the course of this sitting of the House ;

> In *The Kerala Kaumudi*, a leading Malayalam daily published from Trivandrum, dated the 27th March 1954, the editorial article under the caption of Thiruvazhithan (തിരുവാഴിത്താൻ) being one purporting to reflect the character and to affect the privileges of one or more members of previous Ministry who still continue to be hon. Members of this House, is highly defamatory and involves a breach of the privileges of this House;
>
> This House, therefore, resolves that this question of breach of privilege of the House be referred to a Committee of Privileges for examination, investigation and report."

I think hon. Members might have read the report. I have read it, and I think that the paper has not transgressed the limit of journalistic right to criticise and I am not satisfied that a *prima facie* case has been made out. I, therefore, rule that the motion regarding breach of privilege is not in order. We will now pass on to Legislative Business.

THE TRAVANCORE-COCHIN PUBLIC DEBT BILL.

Minister for Finance (**Shri P. S. Nataraja Pillai**) : I beg to introduce the Travancore-Cochin Public Debt Bill.

Minister for Local Self Government (**Shri P. K. Kunju**) : second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : Sir, it was considered desirable that the Reserve Bank of India should be entrusted with the management of the securities issued by Government and of the Public Debt of this State. I am just giving a history of this Bill. In order to enable the Reserve Bank to perform its duties in connection with the management of the Government securities and of the Public Debt of this State, it was necessary to make the provisions of the Public Debt Act 1944 (Central Act XVIII of 1944) applicable to this State. To give effect to this proposal, legislation by Parliament was considered desirable, and, accordingly, the Stat Legislative Assembly passed a resolution under Art. 252 of the Constitution of India to enable Parliament to enact the necessary law. This was done on 4th March 1953. I will read the resolution which was adopted by this House :

[Shri P. S. Nataraja Pillai]

"Whereas the Public Debt (Central Act) 1944 contains provisions relating to the Government securities issued by the Central Government and for the management of the Public Debt of the Central Government, and whereas the Public Debt Act has been amended to make these provisions also applicable to the securities issued by the State specified in Part A of the Schedule to the Constitution of India,

And whereas to avoid inconvenience to the public, it is deemed desirable that the laws and regulations relating to Government securities should be uniform, as far as possible throughout India ;

And whereas, it is considered desirable that the Reserve Bank of India be entrusted with the management of the securities issued by the State Government and of the Public Debt of the State,

Now, therefore, this House hereby resolves, in pursuance of Article 252 of the Constitution of India that the matters dealt with in the Act aforesaid shall be regulated in the State of Travancore-Cochin by Act of Parliament, in so far as the Government securities issued by the State Government and the Public Debt of the State Government are concerned, being matters falling within the scope of Entry 43 of the State List namely, Public debt of the State."

This was the resolution passed by this House whereby the Central Act was made applicable to this State. It was not, however, possible for the Parliament to pass the necessary measure immediately, and in the meantime, Government had to raise a loan of three crores of rupees for financing the State Development schemes envisaged under the Five Year Plan. Since the Reserve Bank of India has to perform all the work in regard to this matter, it was necessary to make the provisions of the Public Debt Act, 1944, applicable to the Government securities issued for the purpose referred to above. For this purpose, His Highness the Rajpramukh promulgated the Travancore-Cochin Public Debt Ordinance III of 1953 on 13-7-1953. Though Bill to replace the Ordinance was published, the Bill could not be proceeded with, consequent on the dissolution of the Legislative Assembly. It was necessary to replace Ordinance III by another Ordinance and Ordinance V of 1953 was promulgated on 30-10-1953. The present Bill is intended to replace Ordinance

V of 1953 by an Act of Legislature. This will be seen from the Statemant of Objects and Reasons published along with the Bill. Thus this is a very formal Bill. This House, after a debate, agreed that for all securities issued the Reserve Bank should have control. And we passed a resolution in this House accepting that position. Before an Act could be passed, a necessity arose, and an Ordinance was passed, and another Ordinance was passed. Now we have to pass this Bill in order to validate the Ordinance. Therefore, I would request that the hon. Members would give their whole-hearted support to the Bill. I move that the Bill be taken into consideration immediately.

Shri P. K. Kunju : I second it.

ശ്രീ. എം. പി. മേനോൻ: സർ, ഇതൊരു ഔപചാരികമായ ചടങ്ങു മാത്രമാണെന്നും ഇതിനെ സംബന്ധിച്ചുള്ള ഒരു പ്രമേയം ഇതിനു മുമ്പുതന്നെ പാസ്സാക്കിയിട്ടുള്ളതാണെന്നും അതുകൊണ്ടിതിനെക്കുറിച്ചു വാദപ്രതിവാദങ്ങൾ പ്രതീക്ഷിക്കുന്നില്ല എന്നും ധനകാര്യമന്ത്രി ഈ ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ടു പ്രസ്താവിക്കയുണ്ടായി. ഈ കാര്യം ഞങ്ങൾ നല്ലപോലെ മനസ്സിലാക്കുന്നുണ്ട്. പക്ഷെ ഔപചാരികമായ ചടങ്ങുകളിൽനിന്നും വ്യത്യസ്തമാണ് ഇതെന്നു ഞങ്ങൾ കരുതുന്നു. ചടങ്ങുകളുടെ പേരിൽ വളരെ നിസ്സാരമായി തള്ളാവുന്ന കാര്യങ്ങളല്ല ഈ ബില്ലിൽ ഉൾക്കൊള്ളുന്നതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ടു ഇതിൽ അടങ്ങിയിരിക്കുന്ന പൊതു തത്വത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ രാജ്യം വ്യാവസായികമായി വളരെ പിന്നണിയിൽ നിൽക്കുന്ന ഒരു രാജ്യമാണ് എന്നുള്ള പരമാർത്ഥം ധനകാര്യമന്ത്രിയും സമ്മതിക്കുന്നു. വ്യാവസായികമായ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന് നമ്മുടെ രാജ്യത്തിനു സാമ്പത്തികശക്തി കുറവാണെന്നുള്ളതു് ധനതത്വശാസ്ത്രജ്ഞനായ അദ്ദേഹവും സമ്മതിക്കും. ഈ സ്റ്റേറ്റിന്റെ എല്ലാ സാമ്പത്തികകഴിവുകളും യഥാകാലം വർദ്ധിപ്പിക്കുവാനും അതിൽനിന്നുൽഭൂതമാകുന്ന ഫലങ്ങളെ പ്രോത്സാഹിപ്പിക്കുവാനും പറ്റിയ തരത്തിലല്ല ഈ ബില്ലിലെ തത്വം എന്നു ഞാൻ വ്യസനസമേതം ഇവിടെ അറിയിച്ചുകൊള്ളുന്നു.

ഇവിടെ ഒരു പൊതുക്കടം ഉണ്ടാകണമെങ്കിൽ അതിന്റെ നടത്തിപ്പും നയരൂപീകരണവും എല്ലാം റിസർവുബാങ്കിനു വിട്ടുകൊടുക്കുന്നതിനുതകത്തക്ക ഒരു ബില്ലാണിവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഞങ്ങൾ വിശ്വസിക്കുന്നതു് ഈ റിസർവുബാങ്കു സാമാന്യജനങ്ങളുടേതല്ലെന്നും അതു ഉത്തരഇൻഡ്യയിലെ സ്ഥാപിതതാല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനായിട്ടുള്ള ഒരു സ്ഥാപനമാണെന്നുമാണ്. തിരുവിതാംകൂർ-കൊച്ചിയുടെ വളർച്ച ആഗ്രഹിക്കാത്തവരാണവർ. ഈ രാജ്യത്തു് വ്യവസായവികസനം നടക്കരുതെന്നുള്ള താല്പര്യക്കാരാണവർ. ഏതാനും നിക്ഷിപ്ത താല്പര്യക്കാരുടെ കൈയിലാണ് ഇന്നു റിസർവുബാങ്കിന്റെ പ്രവർത്തനമിരിക്കുന്നതെന്നു വിശ്വസിക്കുന്നതുകൊണ്ടും ഈ രാജ്യത്തു് വ്യവസായ വികസനത്തിന് സഹായകമാകത്തക്ക വിധത്തിൽ റിസർവുബാങ്കിന്റെ പ്രവർത്തനംകൊണ്ടു സാദ്ധ്യമല്ലെന്നു വിശ്വസിക്കുന്നതുകൊണ്ടുമാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു്.

[ശ്രീ. എം. പി. മേനോൻ]

ഞാൻ ഓർക്കുന്നതു വാസ്തവമാണെങ്കിൽ കഴിഞ്ഞ നിയമസഭയിൽ ഇതു സംബന്ധിച്ച് ഒരു പ്രമേയം പര്യാലോചനയ്ക്കു വന്നപ്പോൾ ഇന്നു ട്രഷറി ബെഞ്ചിൽ ഇരിക്കുന്ന മുഖ്യമന്ത്രി ശ്രീ. താണുപിള്ള തന്നെ ചില സംഗതികൾ ഉന്നയിക്കയുണ്ടായി. അദ്ദേഹം പ്രധാനമായി ഉന്നയിച്ച ഒരു വാദം, ഭൂനയപരിഷ്കാരം നടപ്പിൽ വരുത്താൻ പോകുന്ന അവസരത്തിൽ കൃഷിഭൂമികൾക്കു് നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നാൽ, അതിലേക്കു ഏതെങ്കിലും ലോൺ ഫ്ളോട്ടു ചെയ്യേണ്ടിവന്നാൽ, അങ്ങിനെ ഫ്ളോട്ടു ചെയ്യുന്നതിനു് ഈ അധികാരം റിസർവ്വുബാങ്കിനു വിട്ടുകൊടുത്താൽ നമുക്കു പ്രയാസങ്ങൾ നേരിടുമെന്നാണ്. ഉത്തരവാദബോധത്തോടുകൂടി അദ്ദേഹം ചൂണ്ടിക്കാണിച്ച ഇക്കാര്യം നിയമസഭാനടപടികൾ പരിശോധിച്ചതിൽനിന്നും കാണാൻ കഴിഞ്ഞതാണ്. ഇന്നും ആ സാഹചര്യങ്ങളാണ് നിലവിലുള്ളതു്. അതിനെക്കാൾ കൂടുതലായ സാഹചര്യങ്ങൾ പരിഷ്കൃതമായ ഒരു ഭൂനയം ഇവിടെ നടപ്പിലാക്കാൻ ഇന്നത്തെ മന്ത്രിസഭ വെമ്പൽകൊള്ളുന്നതായി ഇവിടെ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകഴിഞ്ഞു. അതു നടക്കണമെങ്കിൽ കടബാദ്ധ്യതകൾ ഉണ്ടാക്കിവയ്ക്കുന്നതിനുള്ള അധികാരം റിസർവ്വുബാങ്കിനു വിട്ടുകൊടുക്കുന്നതു ശരിയല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്.

മറ്റൊരു കാര്യം ധനകാര്യമന്ത്രി പ്രസ്താവിച്ചതു് പഞ്ചവത്സരപദ്ധതിയുടെ പൂർത്തീകരണത്തോടുകൂടി ഏഴുകോടി രൂപയോളം കടമാണ് ശേഷിക്കുന്നതെന്നാണ്. അതിലേക്ക് എത്രമാത്രം ലോൺ ഫ്ളോട്ടുചെയ്യേണ്ടിവരുമെന്നും അതിന് എത്ര പ്രോത്സാഹനം ലഭിക്കുമെന്നും പിന്നീടു നമുക്കു കാണാവുന്നതാണ്. സർ, പഞ്ചവത്സരപദ്ധതി പരിപൂർണ്ണ പരാജയമാണെന്നു തെളിഞ്ഞുകഴിഞ്ഞു. കുറെയെങ്കിലും ലോൺ ഫ്ളോട്ടു ചെയ്യുന്നതിനു റിസർവ്വുബാങ്ക് അനുവദിച്ചാൽ വല്ലതുമൊക്കെ ചെയ്യാൻ കഴിഞ്ഞേക്കും. അതുപോലെ ഭൂനയപരിഷ്കരണത്തിനു വേണ്ടിയും ലോൺ ആവശ്യമായി വന്നേക്കാം. ഈ അവസരത്തിൽ ട്രഷറി ബെഞ്ചുകളിൽനിന്നും ഈ തരത്തിലുള്ള ഒരു ബിൽ കൊണ്ടുവന്നതിൽ ഞങ്ങൾക്കു് അത്ഭുതമൊന്നുമില്ല. പക്ഷെ ഇവിടെ എല്ലാ അവസരങ്ങളിലും ഏതു ബില്ലിനെക്കുറിച്ചായാലും ഏതു പ്രമേയത്തെക്കുറിച്ചായാലും സാധാരണ എല്ലാ കാര്യങ്ങളും ഈ മന്ത്രിസഭ ചെയ്യുന്നതാണെന്നും, നല്ല കാര്യങ്ങൾ ചെയ്യാൻ സഹകരിക്കണമെന്നും പറയുന്നു. നല്ല കാര്യങ്ങൾ ചെയ്യാനുള്ള ആഗ്രഹമില്ലാഞ്ഞിട്ടല്ല മററു മന്ത്രിസഭകൾ പരാജയമടഞ്ഞിരിക്കുന്നതു്. ആഗ്രഹം മാത്രം കൊണ്ടു കാര്യം നടക്കുകയില്ല. പ്രവൃത്തിയിലാണതു കാണേണ്ടതു്. പ്രധാനമന്ത്രിതന്നെ ഇവിടെ ഭൂനയം ഉടനെ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണെന്നു പറഞ്ഞു. അതിനു ആവശ്യമായ സാമ്പത്തികശേഷി ഈ ഗവൺമെൻറിനില്ല. അങ്ങിനെ ഭൂനയപരിഷ്കരണം നടപ്പിലാക്കണമെന്നുള്ളതു മന്ത്രിസഭയുടെ നല്ല ആഗ്രഹമാണെങ്കിൽ അതിനു തടസ്സമാകാവുന്ന ഒരു ബില്ലാണിതു്. ബില്ലിനെ എതിർത്തുകൊണ്ടിവിടെ സംസാരിക്കുന്നവരെല്ലാംതന്നെ പരസ്പരം സഹകരിക്കണമെന്നുള്ള ആഗ്രഹം മന്ത്രിസഭാഭാഗത്തുനിന്നും പുറപ്പെടുവിക്കുകയുണ്ടായി. ഇന്നു് പശ്ചിമപർവ്വതത്തിൽ കയറിനിന്നു നല്ല കാര്യങ്ങൾ ചെയ്യുമെന്നു ഇന്നത്തെ ഭരണകക്ഷി പറയുകയാണെങ്കിൽ എവറസ്ററു കൊടുമുടിയിൽ കയറിനിന്നു് സഹകരിക്കാം എന്നു ഇവിടെ കോൺഗ്രസ്സ് നേതാവും പറയുകയുണ്ടായി. എവറസ്ററു

കൊടുമുടിയിൽ കയറാൻ ഞങ്ങൾ ഷെർപ്പാ ടെൻസിംഗും മററുമല്ല. അവിടെ കയറുന്നതിനു ഞങ്ങൾ തയ്യാറില്ല. പക്ഷെ ഇങ്ങോട്ടും ആ സഹായ ഹസ്തം നീട്ടുന്നതിനും രാജ്യതാല്പര്യത്തിന്റെ പേരിൽ സഹകരണം നൽകുന്നതിനും തയാറുണ്ടോ എന്നു് അവരോടു ചോദിക്കാൻ ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തുകയാണു്. ഈമാതിരിയുള്ള ചർച്ചാവേളയിൽ പരസ്പരം കല്ലേറുകൾ നടത്തരുതെന്നു കോൺഗ്രസ്സ് നേതാവുതന്നെ പറഞ്ഞിട്ടുണ്ടു്. ആ മറുപടി ഈ കാര്യത്തിലും ബാധകമാകുന്നതാണു്. നമ്മുടെ സ്റ്റേററിന്റെ എല്ലാ താല്പര്യങ്ങളും, നമ്മുടെ സ്റ്റേററിന്റെ സ്വതന്ത്രമായ എല്ലാ കഴിവുകളും, കേന്ദ്രത്തിനു പണയം വയ്ക്കുന്ന, കേന്ദ്രത്തിനു കാണിക്കവയ്ക്കുന്ന, ഈ സംരംഭങ്ങളെ നിരുത്സാഹപ്പെടുത്തുവാനുള്ള പരിശ്രമത്തിൽ, ഈ രാജ്യത്തെ സാമ്പത്തികകഴിവുകളെ നഷ്ടപ്പെടാതിരിക്കാനുള്ള പരിശ്രമത്തിൽ, ഞങ്ങളോടു സഹകരിക്കുവാൻ, രാജ്യത്തിന്റെ താല്പര്യത്തിനുവേണ്ടി എല്ലാവരും യോജിച്ചു പ്രവർത്തിക്കുവാൻ കോൺഗ്രസ്സ് നേതാക്കന്മാർ തയാറുണ്ടോ എന്നു ഞങ്ങൾ നോക്കുകയാണു്. ഇത്രയും കാര്യങ്ങൾ അറിയിച്ചുകൊണ്ടും ഈ ബില്ലിനെ എതിർത്തുകൊണ്ടും ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

ശ്രീ. കെ. ബാലകൃഷ്ണൻ: ശ്രീ. എം. പി. മേനോൻ ഈ ബില്ലിനെ എതിർത്തുകൊണ്ടു സംസാരിച്ചതു കേട്ടപ്പോൾ എനിക്കു് അനുഗ്രഹത്തെ പിൻതാങ്ങി ചില കാര്യങ്ങൾ പറയണമെന്നു തോന്നി. ഇതു് ധനതത്വശാസ്ത്രജ്ഞന്മാർ കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണു്. കുഴപ്പങ്ങളും വിഷമങ്ങളും ഉണ്ടു്. നമ്മുടെ കടം വായ്പയുടെ നിയന്ത്രണം എന്ന പ്രശ്നം മാത്രമല്ല ഇതിലുള്ളതു്. കൂടുതൽ വികസനപദ്ധതികൾ നാം ആവിഷ്കരിക്കുമ്പോൾ കൂടുതൽ കടം വായ്പയും ആവശ്യമായി വരും. കടം വായ്പയുടെ നിയന്ത്രണം നാം മററാർക്കെങ്കിലും വിട്ടുകൊടുക്കുന്നതിന്റെ ബുദ്ധിമുട്ടു അപ്പോഴാണറിയുക. അവർക്കു നമ്മുടെ ക്രെഡിററു കൺട്രോൾ ചെയ്യാൻ ഈ ബിൽ പരോക്ഷമായി അവസരമുണ്ടാക്കിക്കൊടുക്കും. അതുകൊണ്ടാണു് കേവലം സാങ്കേതികകാര്യത്തിൽ കവിഞ്ഞ ഒരു പ്രാധാന്യം ഈ ബില്ലിനുണ്ടെന്നു എനിക്കു തോന്നിയതു്.

സർ, തിരുവിതാംകൂർ, തിരുവിതാംകൂർ ആയിരുന്ന കാലത്തും കൊച്ചി, കൊച്ചിയായിരുന്ന കാലത്തും രണ്ടുംകൂടി ചേർന്നു് തിരുവിതാംകൂർ-കൊച്ചി ആയിരുന്ന കാലത്തും ഈ സ്റ്റേററിൽ പൊതുജനങ്ങളുടെ കൈയിൽനിന്നും കടം വായ്പ എടുക്കേണ്ടിവന്നിട്ടുണ്ടു്. ൧൯൫൦-നു മുൻപു് അതു സംബന്ധിച്ചുള്ള നിയമങ്ങളിൽ കേന്ദ്രത്തിലെ നിയമം സ്റ്റേററുകൾക്കു ബാധകമല്ലെന്നുള്ളതുകൊണ്ടു് സ്റ്റേററുകൾക്കു അവയുടെ സ്വന്തം നിയമങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ൧൯൫൦-ൽ ഇൻഡ്യൻ ഭരണഘടന നടപ്പിൽ വന്നുകഴിഞ്ഞതോടുകൂടി കടം വായ്പ കൺകറൻറു് ലിസ്റ്റിൽപെട്ട ഒരു സബ്ജക്ററായി തീർന്നു. കേന്ദ്രത്തിൽ ൧൯൪൪-ൽ പാസ്സാക്കിയ ൧൮-ാം കേന്ദ്ര വായ്പ ആക്റ്റു് നിലവിലുണ്ടു്. ആ ആക്ററിന്റെ ബാദ്ധ്യതകളിലേയ്ക്കു തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനെക്കൂടി കൊണ്ടുപോകുന്നതിനും നമ്മുടെ കടം വായ്പയുടെ മാനേജുമെൻറു് റിസർവ്വ് ബാങ്കിനെ ഏൽപ്പിക്കുന്നതിനുമായാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ബിൽ ഇവിടെ കൊണ്ടുവരുന്നതിനു മുമ്പു് ഈ

[ശ്രീ. കെ. ബാലകൃഷ്ണൻ]

ബില്ലിന്റെ അടിസ്ഥാനത്തിലുള്ള ബാദ്ധ്യതകൾക്കു് പാർലമെന്റ നിയമനിർമ്മാണം നടത്തുവാൻവേണ്ടി കഴിഞ്ഞ നിയമസഭയിൽ ഭരണഘടന ൨൫൨-ാം വകുപ്പനുസരിച്ചു ഒരു പ്രമേയം പാസ്സാക്കി. ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഈ സ്റ്റേററിനു ബാധകമായ നിയമനിർമ്മാണം പാർലമെന്റ നടത്തിയില്ല. ഇതിനിടയിൽ പഞ്ചവത്സര പദ്ധതിക്കു പണമുണ്ടാക്കുന്നതിനു ഇവിടെ ഒരു കടം വായ്പ എടുക്കേണ്ടി വന്നു. റിസർവ്വ് ബാങ്കിനെ മാനേജുമെന്റ ഏൽപ്പിക്കുന്നതായി ൧൯൫൩-ലെ ൨-ാം ആർഡിനൻസ് രാജപ്രമുഖൻ അതിനായി പുറപ്പെടുവിച്ചു. ൧൯൫൩-ലെ ൬-ാം ആർഡിനൻസായി അതിന്റെ കാലാവധി നീട്ടുകയും ചെയ്തു. ആ ആർഡിനൻസുകൾക്കു നിയമസഭയുടെ അംഗീകാരം വാങ്ങി നിയമപ്രാബല്യമുണ്ടാക്കാനാണു് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതു്.

സർ, കഴിഞ്ഞ നിയമസഭയിൽ ഇത്തരമൊരു ബിൽ പാസ്സാക്കാൻ കേന്ദ്രത്തെ പ്രേരിപ്പിക്കുന്നതിനു് ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസംഗങ്ങളും അതേ തുടർന്നു ഈ നിയമസഭയിലുണ്ടായ വാദപ്രതിവാദങ്ങളും കൗൺസിൽ പ്രൊസീഡിംഗ്സ് നോക്കി ഞാൻ പഠിച്ചു. ഈ നടപടി നമ്മുടെ സാമ്പത്തികനിലയേയും ജനങ്ങളേയും എങ്ങനെ ബാധിക്കുമെന്നു മനസ്സിലാക്കാനാണു് ഞാൻ ശ്രമിച്ചതു്.

പനമ്പിള്ളി പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഭംഗിയായ ഒരു പ്രസംഗം ചെയ്തു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുണ്ടാകുന്ന ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ, തിരുവിതാംകൂർ-കൊച്ചിയിൽ ഒരു ലോൺ ഫ്ളോട്ടുചെയ്താൽ ഇവിടെയുള്ളവർ മാത്രമെ ആ ലോണിനു് സബ്സ്ക്രൈബ് ചെയ്യുകയുള്ളുവെന്നും പുറത്തുള്ളവർ ലോണിനു് സബ്സ്ക്രൈബ് ചെയ്യുകയില്ലെന്നും, നേരെമറിച്ചു്, ഒരഖിലേന്ത്യാ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ എല്ലാ ആളുകൾക്കും സബ്സ്ക്രൈബ് ചെയ്യത്തക്കവിധത്തിൽ ഇൻഡ്യയിലെ എല്ലാ സ്റ്റേററുകൾക്കും (ബി) സ്റ്റേററുകൾക്കും അംഗീകാരയോഗ്യമായ നിലയിൽ ഒരു നിയമനിർമ്മാണം നടപ്പിൽ വരുത്താനാണു്, ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. കടം വായ്പയായി എടുക്കുന്നതിന്റെ സർവ്വവിധ നിയന്ത്രണങ്ങളും റിസർവ്വ് ബാങ്കിനു വിട്ടുകൊടുക്കണമെന്നും എങ്കിൽ മാത്രമെ സ്റ്റേററിനു പുറത്തുള്ള ആളുകൾകൂടി സബ്സ്ക്രൈബ് ചെയ്യുകയുള്ളുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആ പ്രമേയം സഭയിൽ പാസ്സാക്കിക്കഴിഞ്ഞതിനുശേഷം പഞ്ചവത്സരപദ്ധതിയുടെ ആവശ്യത്തിനായി മൂന്നുകോടി രൂപയോളം വരുന്ന ഒരു ലോൺ തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ ഫ്ളോട്ടുചെയ്തു. ലോണിന്റെ നിയന്ത്രണം ഒരു ഓർഡിനൻസുവഴി റിസർവ്വുബാങ്കിനു വിട്ടുകൊടുക്കുകയും ചെയ്തിരുന്നു. ഇതിനുമുമ്പു് തിരുവിതാംകൂർ ഗവണ്മെന്റ് പല ലോണുകളും ഫ്ളോട്ടുചെയ്തിട്ടുണ്ടു്. ആ സന്ദർഭങ്ങളിലെല്ലാം പുറത്തുള്ളവർ നല്ല ഒരു ശതമാനം സംഖ്യ ആ ലോണുകളിൽ നിക്ഷേപിക്കുകയുമുണ്ടായിട്ടുണ്ടു്. എന്നാൽ കടം വായ്പയെ സംബന്ധിച്ചുള്ള നിയന്ത്രണാധികാരങ്ങളും മാനേജുമെന്റും എല്ലാം റിസർവ്വുബാങ്കിനു വിട്ടുകൊടുത്തശേഷം തിരുവിതാംകൂർ-

കൊച്ചി ഗവണ്മെൻറ ഫ്ളോട്ടുചെയ്ത മൂന്നുകോടി രൂപയുടെ ലോൺ മൂന്നുകോടി ആക്കിയെടുക്കാൻപെട്ടപാട് എത്രയായിരുന്നു എന്നുള്ളതു് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്നതാണു്. ഗവണ്മെൻറിൽ റേഷൻ കടയ്ക്കുവേണ്ടിയും മററു കാര്യങ്ങൾക്കുവേണ്ടിയും സെക്യൂരിററിയായിട്ടും ഡിപ്പോസിററായിട്ടും ഒടുക്കിയിട്ടുള്ള തുകകൾകൂടി ഇനം മാററി ലോൺ ആക്കിത്തീർത്തു. പല ആളുകളേയും സർക്കാർ ഇടപെട്ടു വലിയ പ്രേരണയും സ്വാധീനവും ചെലുത്തി പണം പിരിച്ചെടുത്തു. അങ്ങനെ വല്ല വിധേനയും മൂന്നുകോടി രൂപ തികച്ചെടുക്കുവാനുണ്ടായ അങ്കലാപ്പാണു് അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ഒരു നിയമമുണ്ടാക്കുവാൻ ഇൻഡ്യാഗവണ്മെൻറിനെ അധികാരപ്പെടുത്തുന്ന ഒരു പ്രമേയം ഈ നിയമസഭ പാസാക്കിയതിനുശേഷം നാം കണ്ടതു്. അപ്പോൾ ഒരു ലോൺ ഒരു സ്റ്റേററ ഫ്ളോട്ടുചെയ്താൽ ആ ലോൺ ഇൻഡ്യാഗവണ്മെൻറിൻെറയോ അല്ലെങ്കിൽ റിസർവുബാങ്കിൻെറയോ നിയന്ത്രണത്തിലാണോ ഇരിക്കുന്നതെന്നു നോക്കിയല്ല പുറത്തുള്ളവർ സബ്സ്ക്രൈബ് ചെയ്യുന്നതു്; മറിച്ചു്, കടം വാങ്ങി എടുക്കുന്ന സ്റ്റേററിൻെറ സോൾവൻസിമാത്രമാണു ഇക്കാര്യത്തിൽ മണിമാർക്കററിനെ നിയന്ത്രിക്കുന്നതു്. അതിൻെറ കൂടെ പൊതുവേയുള്ള സാമ്പത്തികനിലയും ഒരു പ്രശ്നമായിരിക്കും. അല്ലാതെ ഈ ലോൺ ആരു മാനേജുചെയ്യുന്നു, ആരു നിയന്ത്രിക്കുന്നു എന്നു നോക്കി ആരും സബ്സ്ക്രൈബു ചെയ്യാറില്ല.

സർ, അന്നു് ഈ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ടു് ഒരു ലോൺ ഫ്ളോട്ടുചെയ്യുന്നതിനു കൂടുതൽ സൗകര്യമുണ്ടാക്കുന്നതിനുവേണ്ടിയാണു് ഈ പ്രമേയം പാസാക്കാൻ ആവശ്യപ്പെടുന്നതെന്നു ധനകാര്യമന്ത്രി പറഞ്ഞപ്പോൾ, അന്നു പ്രതിപക്ഷത്തുനിന്നു പി. എസ്. പി. നേതാവു്, ശ്രീ. പട്ടം താണുപിള്ള ചെയ്ത പ്രസംഗത്തിൽ ശ്രദ്ധേയമായ ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ആ പ്രസംഗം ഇവിടെ ചില മെംബർമാരെങ്കിലും ഇപ്പോൾ ഓർക്കുന്നുണ്ടായിരിക്കും. ശ്രീ. എം. പി. മേനോൻ ഇവിടെ പറയുകയുണ്ടായി, ഇവിടെ ഒരു ഭൂനയപരിഷ്കാരം നടപ്പിൽവരുത്താൻ നോക്കുകയാണെങ്കിൽ, ഭൂ ഉടമസ്ഥന്മാർക്കു്, ഒരു പക്ഷെ, നഷ്ടപരിഹാരം കൊടുക്കേണ്ട ആവശ്യത്തിലേയ്ക്കു് ഒരു തുക ഒരു പൊതുക്കടമായി എടുക്കേണ്ടി വരുമെന്നും അന്നും റിസർവുബാങ്കുകാരെ ആശ്രയിക്കേണ്ടി വരികയില്ലേയെന്നു ശ്രീ. പട്ടം താണുപിള്ള ചോദിച്ചുവെന്നും, ഒരു രാജ്യം കടം വാങ്ങുയായി പണം എടുക്കാൻ തീരുമാനിക്കുകയാണെങ്കിൽ എത്രമാത്രമെടുക്കും, എന്തിനുവേണ്ടി എടുക്കുന്നു, എന്നും മററുമുള്ള കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞു്, അതിൻെറ അംഗീകാരത്തോടുകൂടി വേണം അങ്ങനെ കടം വാങ്ങി എടുക്കാൻ എന്നും ശ്രീ. പട്ടം അന്നു പറഞ്ഞു. രാജ്യത്തിൻെറ എക്സിക്യൂട്ടീവു് ഇതു സംബന്ധിച്ചുള്ള എല്ലാം അധികാരവും വിനിയോഗിക്കേണ്ടതു് നിയമസഭയുടെ അംഗീകാരം ലഭിച്ചതിനുമേൽ മാത്രമേ ആകാവു എന്നായിരുന്നു അദ്ദേഹത്തിൻെറ അന്നത്തെ ദൃഢമായ അഭിപ്രായം. ഒരു ലോൺ ഫ്ളോട്ടുചെയ്യാനുള്ള ആവശ്യങ്ങൾ വിശദീകരിച്ചു നിയമസഭയുടെ അംഗീകാരത്തോടുകൂടി വേണം ലോൺ എടുക്കേണ്ടതെന്നും, പരമാവധി എത്ര പണം എടുക്കാമെന്നു ഒരു പരിധി നിർണ്ണയിക്കേണ്ടതു നിയമസഭയാണെന്നും അദ്ദേഹം വ്യക്തമാക്കി. കാരണം ഇന്നു കോൺഗ്രസ്സാണു് അധികാരത്തിലിരിക്കുന്ന

[ശ്രീ. കെ. ബാലകൃഷ്ണൻ]

തെങ്കിലും എന്നും കാൺഗ്രസ്സായിരിക്കണമെന്നില്ല. ഒരു കടം വാങ്ങുനിലനില്ക്കുന്ന ഗവണ്മെൻറിനെപ്പോലെ തന്നെ ഭാവിയിൽ വരുന്ന ഗവണ്മെൻറുകളെയും ബാധിക്കുന്നതാണ്. അതുകൊണ്ടു സഭയുടെ എല്ലാ വിഭാഗങ്ങൾക്കും ഗവണ്മെൻറ രാജ്യത്തിനു വരുത്തുന്ന കടംബാദ്ധ്യതകളെപ്പററി പൂർണ്ണമായ വിവരങ്ങൾ നൽകേണ്ടതാണ്. ആ കാരണത്താലാണ് നിയമസഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ കടം വാങ്ങു എടുക്കാവൂ എന്നു ശ്രീ. പട്ടം ആവേശപൂർവ്വം കഴിഞ്ഞ നിയമസഭയിൽ വാദിച്ചത്. ശ്രീ. പട്ടം താണുപിള്ള ഉന്നയിച്ച വാദമുഖങ്ങൾ അതിൻെറ പൂർണ്ണമായ അർത്ഥത്തിൽതന്നെ തൻെറ മനസ്സിലാക്കുന്നുവെന്നും ലോൺ എടുക്കേണ്ട സന്ദർഭത്തിൽ അക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യത്തിൽ തൻെറ ഗവണ്മെൻറ യാതൊരനാസ്ഥയും കാണിക്കയില്ലെന്നും ശ്രീ. പനമ്പിള്ളി അതിനു മറുപടിയായി പറഞ്ഞു. സർ, ഇവിടെ മൂന്നുകോടി രൂപയുടെ ലോൺ എടുത്തു. ഇന്നയിന്ന വ്യവസ്ഥയിൽ ഇന്നയിന്ന കാര്യങ്ങൾക്ക് ഇത്ര കോടി രൂപയുടെ ഒരു ലോൺ എടുക്കാൻ പോകുന്നുവെന്നു പറഞ്ഞു നിയമസഭയുടെ അംഗീകാരം നേടുന്നതിനുവേണ്ടിയുള്ള നടപടികൾ, ശ്രീ. പട്ടം ആവശ്യപ്പെട്ടിരുന്നതും ശ്രീ. പനമ്പിള്ളി വാഗ്ദാനം ചെയ്തിരുന്നതുമായ നടപടികൾ, ഇവിടെ നടന്നു കണ്ടില്ല.

അതുപോലെതന്നെ, പാർലമെൻറിനെക്കൊണ്ടു് നിയമം സൃഷ്ടിക്കുവാൻ പ്രമേയം കൊണ്ടുവന്നപ്പോൾ ശ്രീ. പട്ടം താണുപിള്ള മറെറാരു വാദംകൂടി ഉന്നയിക്കുകയുണ്ടായി; ഈ സ്റ്റേററ് ഒരു ലോൺ ഫ്ളോട്ടു ചെയ്യുകയാണെങ്കിൽ റിസർവ്വുബാങ്കിനോടു് ആ ലോണിനു ഗാരൻറി ആവശ്യപ്പെടുമോ എന്നു്. അതിനു ഗവണ്മെൻറ പറഞ്ഞ മറുപടി ഈ ലോണിൻെറ ഗാരൻറിയെ സംബന്ധിച്ചു റിസർവ്വുബാങ്കു യാതൊന്നും ചെയ്യുകയില്ലെന്നാണു്. റിസർവ്വുബാങ്കു്, നമ്മുടെ ദാസന്മാർ എന്ന നിലയിൽ ഈ കടം കൈകാര്യം ചെയ്യുന്ന ജോലി മാത്രമാണെടുക്കുന്നതെന്നു് ശ്രീ. പനമ്പള്ളി പറഞ്ഞു. സർ, സങ്കല്പലോകത്തു് പലതും നടക്കാറുണ്ടു്. സങ്കല്പലോകത്തു നമുക്കു ചക്രവർത്തിമാരാകാം. ലോകത്തെയാകമാനം ദാസന്മാരാക്കാം. സിംഹാസനത്തിൽ കയറിയിരിക്കാം. ചെങ്കോൽ ചുഴററാം. പക്ഷെ യാഥാർത്ഥ്യങ്ങൾ കയ്പേറിയതാണു്. നമ്മുടെ സങ്കല്പത്തിൽ, ജനപ്രതിനിധികൾ ജനങ്ങളുടെ ദാസന്മാരാണു്. ആ നിലയിൽ നോക്കുമ്പോൾ, നമ്മുടെ മന്ത്രിമാരും ജനങ്ങളുടെ ദാസന്മാരാണു്. പക്ഷെ ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാർ രാഷ്ട്രീയമായി ചെയ്യുന്ന പല തീരുമാനങ്ങളും, ജനാധിപത്യാടിസ്ഥാനത്തിൽ കൂടി നോക്കുമ്പോൾ, ജനങ്ങളുടെ താൽപര്യങ്ങൾക്കും അഭിലാഷങ്ങൾക്കും പലപ്പോഴും പൊരുത്തപ്പെട്ടല്ല നിൽക്കുന്നതെന്നുള്ളതു് ഒരു രാഷ്ട്രീയസത്യമാണു്; അതൊരു സാമൂഹ്യസത്യമാണു്. സർ, റിസർവ്ബാങ്കിനെ നമ്മുടെ ദാസന്മാരായിട്ടാണു് പരിഗണിക്കുന്നതെന്നു പറയുന്നതിൽ വാചകഭംഗിയുണ്ടെന്നല്ലാതെ യഥാർത്ഥ്യവുമായിട്ടു യാതൊരു പൊരുത്തവുമില്ല. നാം ദാസന്മാരെന്നു വിളിക്കുന്നവർ ഫലത്തിൽ നമ്മുടെ യജമാനന്മാരായിരിക്കും. റിസർവ്വു് ബാങ്കു് ഒരു അഖിലേൻഡ്യാ ബാങ്കാണു്. അഖിലേൻഡ്യാ താൽപര്യമാണു് അതിനുണ്ടായിരിക്കേണ്ടതു്. പക്ഷെ സങ്കുചിതമായ പ്രാദേശിക താൽപര്യങ്ങൾക്കു വേണ്ടി അഖിലേൻഡ്യാ താല്പര്യങ്ങൾ ആ ബാങ്കിൻെറ നേതൃത്വത്തിൽ തന്നെ ബലികഴിക്കപ്പെട്ടി

ട്ടുണ്ട്. നമ്മുടെ ക്രെഡിററിന്റെ കൺട്രോൾ അന്തരമൊരു ബാങ്കിനു വിട്ടുകൊടുത്താൽ അവസാനം നാം ദുഃഖിക്കേണ്ടിവരാതിരിക്കയില്ല.

സർ, നമ്മുടെ സംസ്ഥാനം ഫെഡറൽ റിപ്പബ്ലിക്കിന്റെ ഒരു യൂണിററാണ്. അങ്ങനെ ആയിത്തീരണമെന്നു നാം ആശിച്ചു. പക്ഷെ, ആ ഘട്ടത്തിൽ സാമ്പത്തികമായി സമ്പൂർണ്ണാധികാരവും അവകാശവും ഉണ്ടായിരുന്ന ഒരു യൂണിററായിരുന്നു നമ്മുടേതു്. നമ്മുടെ ഭരണഘടനാവിദഗ്ദ്ധന്മാർ ഇൻഡ്യയ്ക്കു് ഒരു ഫെഡറൽ ഭരണഘടനയാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും കാലാന്തരത്തിൽ അധികാരകേന്ദ്രീകരണത്തിലൂടെ ഇന്നു ഇൻഡ്യ ഏറക്കുറെ ഒരു യൂണിററി സ്റ്റേററായിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിന്റെ സമ്പത്തും നമ്മുടെ അവകാശങ്ങളും ഇതിനുമുമ്പ് അധികാരത്തിലിരുന്നവർ കുറേശ്ശ കുറേശ്ശയായി കേന്ദ്രഗവണ്മെൻറിലേക്ക് അടിയറ വച്ചിട്ടുണ്ട്. ഇന്നു് ഈ രാജ്യത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള തന്നെ ഗാംഭീര്യം നിറഞ്ഞ ഭാഷയിൽ മുമ്പ് പലപ്പോഴും പറഞ്ഞിട്ടുണ്ട്, ഈ നാട്ടിലെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ആളുകൾ അവരുടെ സ്വകാര്യതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഈ നാട്ടിലെ വിഭവങ്ങളെയും വരുമാനങ്ങളെയും കേന്ദ്രഗവണ്മെൻറിനു അടിയറ വയ്ക്കുവാൻ തയ്യാറാകുന്നതുകാണുമ്പോൾ അദ്ദേഹത്തിനു മനോവേദന തോന്നുന്നുവെന്ന്. അങ്ങനെ ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരെയും കെട്ടിടങ്ങളെയും അതുപോലുള്ള മററു് വിഭവങ്ങളെയും അടിയറവയ്ക്കുന്നതിനോ ഈ രാജ്യത്തിന്റെ ആവശ്യത്തിനായി അവയിലേതെങ്കിലും ഒരു കെട്ടിടം തിരിച്ചു ആവശ്യപ്പെടുമ്പോൾ അതിനു വാടക ചോദിക്കുന്ന രീതിയിൽ ഈ നാട്ടിലെ വിഭവങ്ങൾ കേന്ദ്രഗവണ്മെൻറിനു തീറെഴുതുന്ന രീതിയെ, ഈ നാട്ടിന്റെ വളർച്ചയുടെയും വികസനത്തിന്റെയും പേരിൽ ഇന്നത്തെ മുഖ്യമന്ത്രിതന്നെ ഈ നിയമസഭക്കകത്തു വച്ചു അനേകം തവണ ആക്ഷേപിച്ചിട്ടുണ്ട്. സർ, ഒന്നു രണ്ടു വ്യക്തികളുടെ താൽപര്യങ്ങൾക്കുവേണ്ടി ഈ നാടിന്റെ അവകാശത്തെയും അധികാരത്തെയും കേന്ദ്രത്തിലേക്കു അടിയറവെച്ചിട്ടുള്ള അനുഭവങ്ങളും ഉണ്ടു്. ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി കടമെടുക്കണമെന്നുണ്ടെങ്കിൽ ആ കടം എടുക്കേണ്ട രീതി ഏതു വിധത്തിലായിരിക്കണം, സർ? തീരുമാനിക്കാനുള്ള അവകാശം നമുക്കാണ്, പ്രയോഗത്തിൽ ആ തീരുമാനം റിസർവ്വുബാങ്കിന്റെ ഉപദേശത്തെ ആശ്രയിച്ചിരിക്കും. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഇതിൽ ഡെലിക്കേററായിട്ടുള്ള പല കാര്യങ്ങളും ഉണ്ടെന്ന് അന്നു പറയുകയുണ്ടായി. റിസർവ്വ് ബാങ്കുമായി ഈ ഗവണ്മെൻറ് പല തീരുമാനങ്ങളും ഉടമ്പടികളും ഉണ്ടാക്കിയിട്ടുണ്ട്. ഈ രാജ്യത്തിലേക്കാവശ്യമുള്ള ഒരു കടം എടുക്കാനുള്ള അധികാരവും നിയന്ത്രിക്കുവാനുള്ള അവകാശവും അതു ഇഷ്യുചെയ്യാനുള്ള അവകാശവും റിസർവ്വ്ബാങ്കിലേക്ക് വിട്ടുകൊടുക്കുന്നതിൽ പല ഡെലിക്കസിയും ഉണ്ടെന്നു പറയുന്ന ആ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു നോക്കുകയാണെങ്കിൽ ഈ നിയമനിർമ്മാണത്തിൽ പതിങ്ങിയിരിക്കുന്ന വിപത്തു നമുക്ക് മനസ്സിലാകും. ഒരു ഫെഡറൽ സ്റ്റേററ് ഒരു യൂണിററി സ്റ്റേററാക്കുന്നതിനു പ്ലാനും പദ്ധതിയുമനുസരിച്ചുള്ള ഒരു മുന്നേററം നടത്തുന്നതിന്റെ ഒരു ശാഖയാണിതു്. നമ്മുടെ സാമ്പത്തികസ്വാതന്ത്ര്യത്തിനു നേരെ വിടർന്നുവരുന്ന നീരാളിയുടെ സ്പർശിനികളായിരിക്കും റിസർവ്വ് ബാങ്ക്.

[ശ്രീ. കെ. ബാലകൃഷ്ണൻ]

നമുക്കു കടം ആവശ്യമാകുമ്പോൾ മണിമാക്കററ ഡള്ളാണെന്നു പറഞ്ഞു അവർ കടം എടുപ്പിക്കാതിരിക്കും. പലിശ കൂടുതൽ കൊടുത്താലേ കടം കിട്ടുകയുള്ളു എന്നു പറഞ്ഞു നമ്മുടെ ഋണബാദ്ധ്യതകൾ വർദ്ധിപ്പിക്കും. നമ്മുടെ രാജ്യത്തിന്റെ സ്വന്തമായ സാൾവൻസി അപ്രധാനമായ ഒരു പ്രശ്നമായിത്തീരും. ഇൻഡ്യ സ്വതന്ത്രയാകും മുമ്പു ബ്രിട്ടീഷ് ചെങ്കോലും വൈസ്രോയിയുമുണ്ടായിരുന്ന കാലത്തു നമ്മുടെ സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനത്തിൽ കടമെടുക്കാനും കൈകാര്യം ചെയ്യാനും നമുക്കു അനിഷേധ്യമായ അധികാരങ്ങളുണ്ടായിരുന്നു.

സർ, കഴിഞ്ഞ പ്രാവശ്യം ഇവിടെ നിയമസഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോൾ ഇന്നത്തെ ചീഫ്മന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ള പറഞ്ഞതുപോലെ നാം സ്വേച്ഛാപ്രഭുത്വത്തിന്റെ ചവുട്ടടിയിൽ കിടന്നിരുന്നപ്പോൾ ഉണ്ടായിരുന്ന സ്വാതന്ത്ര്യംപോലും ജനാധിപത്യംവന്നതിനു ശേഷം നമുക്കു നിഷേധിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. അന്നു് ഈ രാജ്യത്തിനുണ്ടായിരുന്ന അധികാരങ്ങളും അവകാശങ്ങളും ജനാധിപത്യം വന്നതിനു ശേഷം കേന്ദ്രത്തിനു അടിയറവച്ചുകൊണ്ടു് പോവുകയാണെങ്കിൽ, അതായതു്, നമ്മുടെ സകല അധികാരവകാശങ്ങളും കേന്ദ്രഗവൺമെൻറിനു വിട്ടുകൊടുത്തിട്ടു് വികസിക്കുവാനും വളരുവാനും ചരിത്രം സൃഷ്ടിക്കുവാനും ആണ് നാം ഭാവിക്കുന്നതു് എങ്കിൽ നമ്മുടെ രാജ്യം ശാമമപിയാതെ നാശഗർത്തത്തിൽ ആണ്ടുപോകുമെന്നാണ് എനിക്കു ഗവൺമെൻറിനെ അറിയിക്കുവാനുള്ളതു്. നമ്മുടെ അവകാശങ്ങൾ ദിവസംതോറും ഓരോന്നോരോന്നായി നമ്മിൽനിന്നും ചോർന്നു് പൊയിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ചോർന്നുചോർന്നു് ഒരു ദിവസം പ്രഭാതത്തിൽ നാം ഉണർന്നുനോക്കുമ്പോൾ നാം ഒരു മലമ്പാമ്പിന്റെ വായിൽ അകപ്പെട്ടിരിക്കുന്നതായി കാണുവാൻ സാധിക്കും. ഈ ബില്ല് ഇവിടെ പാസാക്കുകയാണെങ്കിൽ അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നുള്ളതു് ഞങ്ങൾ ഊഹിക്കുന്നതുപോലെതന്നെ അന്നു് പട്ടം താണുപിള്ളയും ഊഹിച്ചതാണ്. ഞങ്ങളുടെ ആശങ്കകളും അഭ്യൂഹങ്ങളും പോലെതന്നെ അദ്ദേഹവും ഇതിനെക്കുറിച്ചു് ഉൽക്കണ്ഠ പ്രകടിപ്പിച്ചു എന്ന കാര്യം കഴിഞ്ഞ നിയമസഭയിലെ നടപടികൾ ഓർമ്മിക്കുന്നവർക്കു് മനസ്സിലാക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഭാഷയിൽ ഗാംഭീര്യം നിറഞ്ഞ സ്വരത്തിൽ അദ്ദേഹം ഈ ബില്ലിന്റെ ഭവിഷ്യത്തുകളെപ്പററി പറഞ്ഞതു് ചിലർക്കെങ്കിലും ഓർമ്മകാണും.

ശ്രീ. എ. താണുപിള്ള: വാദപ്രതിവാദത്തിന്റെ അവസാനത്തിൽ ഈ ബില്ലിനെ അനുകൂലിച്ചാണ് ഞാനും എന്റെ പാർട്ടിയും വോട്ടുചെയ്തതെന്നു് അറിയാമോ ?

ശ്രീ. കെ. ബാലകൃഷ്ണൻ: അതെ, സർ, പക്ഷെ അദ്ദേഹം അനുകൂലിച്ചു് വോട്ടുചെയ്തതിനേക്കാൾ ഘനം, പ്രതികൂലിച്ചു പറഞ്ഞ വാചകങ്ങൾക്കാണ്.

ശ്രീ. എ. താണുപിള്ള: പ്രസംഗത്തിൽ എന്തെല്ലാം പറഞ്ഞാലും വോട്ടുചെയ്യുന്നതല്ലേ കണക്കാക്കേണ്ടതുള്ളൂ.

ശ്രീ. കെ. ബാലകൃഷ്ണൻ: ശരിയാണ്. പക്ഷെ കേന്ദ്രത്തിന്റെ മാന്യതയിൽ വിശ്വസിച്ചുകൊണ്ടും അവർ നമ്മോടു മാന്യമായ തരത്തിൽ പെരുമാറും എന്നു പ്രതീക്ഷിച്ചുകൊണ്ടും അങ്ങ് അതിനെ പിൻതാങ്ങുകയാണു ചെയ്തതു്. നമ്മോടു് ഏതു വിധത്തിലാണ് അവർ മാന്യത കാണിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നമ്മുടെ പട്ടാളം കിടന്നിരുന്ന പാങ്ങോടു് പട്ടാളം ക്യാമ്പ് ഇൻഡ്യാഗവണ്മെന്റിന് വിട്ടുകൊടുത്തതിനുശേഷം നമ്മുടെ റിസർവ്വ് പോലീസിനെ സൂക്ഷിക്കുവാൻ അതു് തിരിയെ കിട്ടണമെന്നു പറഞ്ഞപ്പോൾ അതിന് ൧൫൦൦൦ രൂപ ആവശ്യപ്പെട്ടവരാണു സർ, അവർ. അങ്ങനെയാണ് അവരുടെ മാന്യത അവർ പ്രകടിപ്പിച്ചതു്. നാം മാന്യമായ രീതിയിൽ അവരോടു പെരുമാറുമ്പോൾ മാന്യമായ രീതിയിൽ ഇങ്ങോട്ടും പെരുമാറുവാനുള്ള മാന്യത അവർക്കും ഉണ്ടായിരിക്കണമെന്നുള്ള കാര്യം അവർ മറന്നുപോകുന്നു. സർ, അവരുടെ മാന്യതയിൽ വിശ്വസിച്ചു നാം കുറെ ദൂരം മുന്നോട്ടുപോയാൽ നമ്മുടെ മാന്യത അപകടത്തിലാകാതിരിക്കയില്ല. കേന്ദ്രത്തിന് നാം നൽകിയിട്ടുള്ള അവകാശാധികാരങ്ങൾ എല്ലാം തന്നെ നമ്മെയും നമ്മുടെ ഉദ്യോഗസ്ഥന്മാരെയും ചവുട്ടിമെതിക്കാനാണ് അവർ ഉപയോഗിക്കുന്നതു്. നാം ഇങ്ങനെ ഒരു പ്രമേയം പാസാക്കുന്നതുകൊണ്ടു്, അതായതു് ഭരണഘടന ൨൫൨-ാം വകുപ്പനുസരിച്ചുള്ള പ്രമേയം പാസ്സാക്കുന്നതുകൊണ്ടു്, നമ്മുടെ അധികാരത്തിനു കുറവു വരാതെ സൂക്ഷിക്കണമെന്നും ശ്രീ. പട്ടം പറഞ്ഞു. അവർ മാന്യമായി പെരുമാറുമെന്നു നാം വിശ്വസിച്ചു. ഇനിയും അവർ മാന്യമായിത്തന്നെ പെരുമാറുമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നതെങ്കിൽ എനിക്ക് ഇതിൽ തർക്കമില്ല. നമുക്കുള്ള അധികാരങ്ങളും അവകാശങ്ങളും നാം കേന്ദ്രത്തിനു വിട്ടുകൊടുത്തിട്ടു്, നമ്മുടെ കാര്യം വരുമ്പോൾ, അവരുടെ കാരുണ്യത്തെ ആശ്രയിക്കുവാനുള്ള ഒരു പരിതഃസ്ഥിതി സംജാതമാകാതിരിക്കുവാൻ വേണ്ടിയാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നതു്. നമ്മുടെ കടം വായ്പകളുടെ നിയന്ത്രണം പരിപൂർണ്ണമായി കേന്ദ്രത്തിന് വിട്ടുകൊടുക്കുന്നതുകൊണ്ടുള്ള ഈ നിയമനിർമ്മാണത്തിൽ നിന്നും നാം പിൻവാങ്ങണമെന്നും കേന്ദ്രഗവണ്മെന്റിന്റെ മുന്നിൽ ഈ അതിമനോഹരമായ കൊച്ചുരാജ്യത്തെ കാഴ്ചവയ്ക്കരുതേ എന്നും ഞാൻ അഭ്യർത്ഥിക്കുന്നു. കാൺഗ്രസിന്റേതല്ലാത്ത പുരോഗമനപരമായ പരിപാടികൾ ഉണ്ടെന്ന് അവകാശപ്പെടുന്ന ഈ മന്ത്രിസഭ ഈ കാര്യങ്ങളെല്ലാം വേണ്ടവണ്ണം ആലോചിച്ചു് പ്രവർത്തിക്കണമെന്നുമാത്രം ഞാൻ അഭ്യർത്ഥിക്കുന്നു. തിരുത്താവുന്നതും തിരുത്താനസാദ്ധ്യമായതുമായ തെറ്റുകളുണ്ടു്. അറിഞ്ഞുകൊണ്ടു തെറ്റുചെയ്താൽ തിരുത്താൻ വിഷമമായിരിക്കും. അറിഞ്ഞുകൊണ്ടു ചതിക്കരുതേ എന്നു പറയാനാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നതു്. നാം സ്നേഹിക്കുന്ന ഭാരതത്തിലെ ഈ നന്ദനോദ്യാനം ആർക്കും അടിമപ്പെടാതിരിക്കട്ടെ. ശ്രീ. എം. പി. മേനോന്റെ അഭിപ്രായങ്ങളോടു യോജിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. എൻ. പരമേശ്വരൻപിള്ള: സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു് സംഗതമായ ചില കാര്യങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ബഹുമാനപ്പെട്ട തിരുവനന്തപുരം

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

മെംബർ ഇവിടെ ചിത്രീകരിച്ചു കാണിച്ചതുപോലെ ഈ സ്റ്റേററിന്റെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല. വമ്പിച്ച സാമ്പത്തിക വികസനപരിപാടികൾ മുമ്പിൽ വച്ചുകൊണ്ടു് പുരോഗമിക്കുന്ന ഒരു രാജ്യത്തിനു—ജനാധിപത്യവ്യവസ്ഥിതിയിൽ വളർന്നുവരുന്ന ഒരു രാജ്യത്തിനു്—അതിന്റെ സാമ്പത്തികപ്രവർത്തനങ്ങൾക്കു് ആവശ്യമായ പരിപാടികൾ ഉണ്ടാക്കുന്നതിൽ ഒരു അനപേക്ഷണീയമായ ചടങ്ങു മാത്രമാണു്, ഈ പബ്ലിക്കു് ഡെററകൾ ഉണ്ടാക്കുക എന്നുള്ളതു്. പബ്ലിക്ക ഡെററകൾ ഫ്ളോട്ടു ചെയ്യുക എന്നുള്ളതു് സാധാരണക്കാരന്റെ ആവശ്യമാണെന്നുണ്ടെങ്കിൽ അടുത്തു നമുക്കു പര്യാലോചിക്കുവാനുള്ളതു് അതിന്റെ മാനേജുമെന്റു നൽകുവാൻ ഉദ്ദേശിക്കുന്ന റിസർവ്വ് ബാങ്കിനെപ്പററിയാണു്. അതായതു് റിസർവ്വ് ബാങ്കിനു് പബ്ലിക്കഡെററകളുടെ മാനേജുമെന്റു നൽകുന്നതു് യുക്തമായിരിക്കുമോ എന്നുള്ളതാണു്. ധാരാളം സമ്പാദ്യം ആവശ്യത്തിൽ കവിഞ്ഞു് കയ്യടക്കിവച്ചിരിക്കുന്ന മുതലാളിമാരുടെ പക്കൽനിന്നും കൂടുതലുള്ള സമ്പാദ്യം സാധാരണക്കാരന്റെ ആവശ്യത്തിനു് റിസർവ്വ് ചെയ്യുന്നതിനു് സാധിക്കത്തക്കവണ്ണം ഉള്ള ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള പല ഉപാധികളിൽ ഒന്നു് പബ്ലിക്കഡെററു് ഫ്ളോട്ടു ചെയ്യുകയാണെന്നു് ഐക്യമുന്നണിക്കാരും സമ്മതിക്കുമെന്നു് വിശ്വസിക്കുന്നു. രാജ്യത്തിന്റെ സാമ്പത്തികഭദ്രതക്കു വേണ്ടി പല പദ്ധതികളും ആസൂത്രണം ചെയ്തിരിക്കുന്ന ഈ അവസരത്തിൽ ൨൦൦൦ കോടിയിൽപരം രൂപ പഞ്ചവത്സരപദ്ധതിക്കായി നീക്കിവച്ചിട്ടുണ്ടു്. ഇതിൽ ഒരു ഭാഗം നമ്മുടെ സ്റ്റേററിലേക്കും കൂടിയാണു്. ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതി കൂടാതെ വേറൊരു പഞ്ചവത്സരപദ്ധതികൂടെ ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുണ്ടു്.

The House rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

Elections to Committees on Estimates and Public Accounts.

2 p. m.]

Mr. Speaker : Order, order. On a scrutiny of the nomination papers filed for the election to the Committee on Estimates and the Committee on Public Accounts, it was found that all the nominations were valid. As the number of candidates nominated to each of these committees is equal to the number of Members to be elected there is no necessity to take a poll. The following Members are, therefore, declared elected to the respective Committees:

Committee on Estimates.

1. Shri T. T. Daniel
2. ,, T. K. Divakaran
3. ,, K. C. George

4. Shri K. A. Sivarama Bharati
5. ,, K. I. Velayudhan
6. ,, Kalathil Velayudhan Nair

Committee on Public Accounts.

1. ,, D. Anantaraman
2. ,, K. Manjunatha Prabhu
3. ,, Chengarapalli P. Narayanan Potti
4. ,, N. Parameswaran Pillai
5. ,, A. A. Rahim
6. ,, K. Sattanatha Karayalar

Election to the Travancore-Cochin State Aid to Industries Board.

Mr. Speaker : Three Members have to be elected to the Travancore-Cochin State Aid to Industries Board. Nominations have been filed in respect of four Members, namely, Shri P. P. Antony, Shri M. P. Menon, Shri T. S. Ramaswami and Shri S. Seshadrinatha Sarma. They have been found to be valid. The election to choose three Members will be held today, as already announced, in the Committee Room on the first floor of the Assembly Chamber between the hours of 2-5 P. M. and 4-30 P. M. The election will not, of course, obstruct the proceedings of the House.

The Assistant Secretary to the Assembly has been appointed as the officer for conducting the poll. Hon. Members may according to their convenience go to that room and vote between the hours specified. After the close of the poll at 4-30 P. M. the counting will be done by me at 5 P. M. and the results declared.

The Travancore-Cochin Public Debt Bill. (*contd.*)

ശ്രീ. എൻ. പരമേശ്വരൻപിള്ള (തുടർച്ച) : സർ, നമ്മുടെ രാജ്യത്തു ആവിഷ്കരിച്ചിരിക്കുന്ന വികസനപരിപാടികളുടെ പൂർത്തീകരണത്തിനു ആവശ്യമായ ധനശേഖരണത്തിന്റെ ഒരു ചടങ്ങെന്ന നിലയിൽ ലോൺ ഫ്ളോട്ടുചെയ്യുന്നതു ആവശ്യമാണെന്നുള്ളതിനു പുറമേ ഈ സംസ്ഥാനത്തിന്റെ നാലു അതിർത്തികൾക്കുള്ളിലെന്നുമാത്രമല്ല ഇൻഡ്യാമഹാരാജ്യം ആകമാനമുള്ള ആളുകൾ ഇങ്ങനെയുള്ള പബ്ലിക്ക് ഡെററിനു കാൺട്രിബ്യൂട്ട് ചെയ്യേണ്ടതു് ആവശ്യമാണു്. അതിലേക്കുവേണ്ടിയാണു് റിസർവ് ബാങ്ക് ആഫ് ഇൻഡ്യയെ ഇതിന്റെ ചുമതലക്കാരായി വച്ചിരിക്കുന്നതു്. ഇതുപോലെയുള്ള ബില്ലുകൾ മററു സംസ്ഥാനങ്ങളും പാർട്ടുബി സ്റേററുകളും പാസ്സാക്കിയിട്ടുണ്ടെന്നു നമുക്കറിയാം. നമ്മുടെ വികസനപരിപാടികൾ പുരോഗമിപ്പിക്കുന്നതിനുവേണ്ടി ഇൻഡ്യക്കുവെളിയിലുള്ള ഇന്റർനാഷണൽ മാണിററി ഫണ്ട് വേൾഡ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം സിദ്ധിക്കാൻ നാം വെമ്പൽകൊള്ളുന്ന ഈയവസര

[ശ്രീ. എൻ. പരമേശ്വരൻപിള്ള]

ത്തിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പബ്ലിക്ക്ഡെററിന്റെ വ്യാപ്തി ഈ സംസ്ഥാനത്തിനകത്തുമാത്രമായി ഒതുക്കിനിർത്തണമെന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഭാരതത്തിലുള്ള ആകമാനം ആളുകൾക്കും സബ്സ്ക്രൈബ് ചെയ്യത്തക്കതരത്തിൽ രൂപീകരിച്ചിരിക്കുന്നതു ഏതുതരത്തിലാണ് ആക്ഷേപകരമാകുന്നതെന്ന് എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. അങ്ങിനെ ഭാരതത്തിന്റെ പ്രധാനഘടകമായി, പൊതുവെയുള്ള കാര്യങ്ങളിൽ സജീവമായി ഭാഗഭാക്കായി ഭാരതത്തിനുള്ള എല്ലാ പ്രയോജനങ്ങളും ഈ സ്റ്റേററിന് സിദ്ധിക്കുന്നതിലേക്കു ആവശ്യമായ ഒരു നിയമനിർമ്മാണമാണിതു്. റിസർവ്ബാങ്ക് ഇപ്പോൾ ചില മുതലാളിമാരുടെയും കുത്തകക്കാരുടെയും സ്വാധീനത്തിൽ ഇരിക്കുകയാണെന്നു തിരുവനന്തപുരം മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിൽ വലിയ പരമാർത്ഥമുണ്ടെന്നു എനിക്കു അഭിപ്രായമില്ല. റിസർവ് ബാങ്ക് ഭാരതം ഒട്ടാകെ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്. സ്റ്റേററിനെ സംബന്ധിക്കുന്ന ധനപരമായ പല ചുമതലകൾ ആ ബാങ്കിനു നിർവ്വഹിക്കേണ്ടതുണ്ട്. അതിന്റെ പ്രയോജനം നമുക്കും സിദ്ധിക്കേണ്ടതാണ്. ഇപ്പോൾ വടക്കെ ഇൻഡ്യയിലെ ചില ആളുകളാണ് ആ ബാങ്കിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ള ആരോപണം ഉന്നയിച്ച് ഇൻഡ്യയിലെ ഒരു ഭാഗമായി കഴിയാനാഗ്രഹിക്കുന്ന നാം ഈവക പൊതുകാര്യങ്ങളിൽ ഭാഗഭാക്കാകാതിരിക്കുന്നതു ശരിയല്ല. റിസർവ്ബാങ്ക് ഇവിടത്തെ തൊഴിലാളികൾക്കും കൃഷിക്കാർക്കുംവേണ്ടി എന്തെല്ലാം കാര്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഇവിടെ സഹകരണ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റേററ അപ്പക്സ് ബാങ്ക് രൂപീകരിച്ചിട്ടുള്ളതിൽ 8 ലക്ഷം രൂപ റിസർവ്ബാങ്ക് ഓഹരി എടുത്തിട്ടുണ്ട്. അങ്ങിനെ കൃഷിക്കാർക്ക് സഹായം കിട്ടത്തക്ക ഒരു പദ്ധതി ഇവിടെ നടപ്പാക്കിയിട്ടുണ്ടെന്നുള്ളവിവരം ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ എല്ലാം രംഗങ്ങളിൽ നമ്മുടെ സംസ്ഥാനത്തു റിസർവ് ബാങ്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയുമോ എന്നുള്ള ഒരു പരിപാടിയിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കയാണ് ചെയ്യുന്നതു്. കഴിഞ്ഞ ദിവസം ഐക്യമുന്നണിപാർട്ടിയിലുള്ള ഒരു മെംബർ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഈ രാജ്യത്തിനു ദോഷമാണെന്നു വരത്തക്കവിധത്തിൽ പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നു. സഹകരണസംഘങ്ങൾക്ക് നമ്മുടെ നാട്ടിൽ സുപ്രധാനമായ ഒരു ഭാവിയുണ്ട്. ഇതിനെ എതിർക്കുന്നതു ഇടനിലക്കാരും ചൂഷകന്മാരുമായ ആളുകളാണ്. ഈ വിവരം ഇവിടത്തെ പൊതുജനങ്ങൾക്ക് അറിയാമെന്നുള്ളതാണ്. അതിനെ റിസർവ്ബാങ്കിന്റെ പ്രയോജനകരങ്ങളായ പദ്ധതികൾ മുഖാന്തിരം ഇവിടത്തെ ഗ്രാമീണർക്ക് പ്രയോജനം വരുത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ മററു രംഗങ്ങളിൽ കൂടി പ്രവർത്തനം നടത്തുന്നതിനു ഈ സ്റ്റേററിന്റെ ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള ഒരു ഉപാധിയാണ് ഈ ബില്ലിൽ അന്തർഭവിച്ചിരിക്കുന്നതു്. ആ നിലയിൽ നമ്മുടെ വികസനപരിപാടികൾ തുടരുന്നതിന് മേലാലും പബ്ലിക്ക്ഡെററുകൾ വേണ്ടിവരുമ്പോൾ എടുക്കുന്നതിന് സൗകര്യമുള്ള ഒരു നിയമനിർമ്മാണമാണ് ഇതെന്നു വിചാരിക്കുന്നതിൽ

തെററില്ല. ആനിലയിൽ ഇതൊരു പുരോഗമനപരമായ നിയമനിർമ്മാണമെന്നുള്ള അഭിപ്രായം പുറപ്പെടുവിച്ചുകൊണ്ടു് ഞാൻ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, ഇന്നു ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെപ്പററി സംസാരിക്കുമ്പോൾ സുമാർ ഒരുകൊല്ലംമുമ്പു് ഈ ബില്ലിനെ സംബന്ധിച്ച ഒരു പ്രമേയം അവതരിപ്പിച്ചുകൊണ്ടു് അന്നത്തെ ധനകാര്യമന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസംഗത്തെ ആസ്പദമാക്കി ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. താണുപിള്ള പ്രസംഗിച്ചപ്പോൾ അദ്ദേഹം ആദ്യം പറഞ്ഞ ഒരു വാചകം എൻെറ ഓർമ്മയിൽവരുന്നു. അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ ആ വാചകം വായിച്ചുകൊള്ളട്ടെ:

> "The motion seeks to invest the Indian Parliament with certain powers which this Legislature under the Constitution now enjoys."

ഇന്നു നിയമസഭയ്ക്കു് പരമാധികാരമുള്ള നിയമനിർമ്മാണാവകാശം കേന്ദ്ര പാർലമെൻറിലേക്കു് വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു നിയമനിർമ്മാണമാണു് ഇവിടെ ചെയ്യാൻ പോകുന്നതെന്നു അർത്ഥം വരത്തക്ക വിധത്തിലാണു് അദ്ദേഹം അന്നു് പ്രസംഗം ആരംഭിച്ചതു്.

സർ, അവതരിപ്പിച്ച പ്രമേയവും ഇന്നു നിയമരൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലും യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൻെറ സാമ്പത്തികഭദ്രതക്കു് എന്തെങ്കിലും പ്രയോജനം ചെയ്യുന്ന ഒന്നാണെങ്കിൽ നിശ്ചയമായും ഞങ്ങൾ ആരുംതന്നെ അതിനെ എതിർക്കുകയില്ലായിരുന്നു. അദ്ദേഹത്തിൻെറ അന്നത്തെ പ്രസംഗം സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്ന ഞങ്ങൾക്കു് ഇതു മുഴുവൻ ശരിയായിട്ടുള്ള രീതിയിൽപോകുന്ന ഒരു നിയമനിർമ്മാണം അല്ലെന്നുള്ള ഒരു തോന്നൽ അന്നുതന്നെ ഉണ്ടായിട്ടുള്ളതാണു്. മുമ്പു് അദ്ദേഹം ഇവിടെ പ്രസ്താവിക്കയുണ്ടായി, അദ്ദേഹവും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രജാസോഷ്യലിസ്റ്റ്പാർട്ടിയും ഇതിനെ അനുകൂലിച്ചു എന്നു്. അതു ഞങ്ങൾ സമ്മതിച്ചു. പക്ഷെ, ആ പ്രമേയത്തെ അനുകൂലിക്കുന്നതിനുമുമ്പു് അദ്ദേഹം ചെയ്ത പ്രസംഗം വാസ്തവത്തിൽ ഇങ്ങനെ ഒരു നിയമനിർമ്മാണത്തിൻെറ ആവശ്യകതയെക്കുറിച്ചു് ഈ സഭയിലെ പലയാളുകളുടെയും ഉള്ളിൽ ഉണ്ടായിരുന്ന സംശയത്തെ പ്രതിഫലിപ്പിക്കുകയാണു് ചെയ്തതു്. ഇപ്പോഴും ഞങ്ങൾ അതു മറന്നിട്ടില്ല. ഇപ്പോൾ എന്തിനാണു് ഇങ്ങനെ ഒരു നിയമനിർമ്മാണം ഇവിടെ ഉണ്ടാകാൻ ഇടയായിട്ടുള്ളതെന്നാണു് നാം ആലോചിക്കേണ്ടതു്. ൧൯൫൦-നു ശേഷം നാലുകൊല്ലമായി ഇത്രയുംകാലം ഈ നിയമത്തിൻെറ സഹായമില്ലാതെ ഇവിടെ നിർവ്വഹിച്ചുവന്നിരുന്ന ദൈനംദിനകാര്യങ്ങൾ ചെയ്തുതീർക്കാൻ ഇന്നു ഇങ്ങനെയുള്ള ഒരു നിയമനിർമ്മാണത്തിൻെറ ആവശ്യമുണ്ടോ എന്നുള്ള സംഗതി നാം വളരെ ശ്രദ്ധിച്ചു പരിശോധിക്കേണ്ടതാണു്. ഇതു് വേറെ നാലു പാർട്ടു ബി സ്റ്റേററുകളും ചില എ സ്റ്റേററുകളും പാസ്സാക്കിയിട്ടുണ്ടെന്നും പറഞ്ഞുകേട്ടു. ഇൻഡ്യൻ ഭരണഘടനയുടെ ൨൫൨-ാം ആർട്ടിക്കിൾ പ്രകാരം ഇപ്രകാരമുള്ള ഒരു നിയമ

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി]

നിർമ്മാണം രണ്ടിലധികം സ്റ്റേറ്റുകൾ ചെയ്യുകയാണെങ്കിൽ അതു പാർലമെന്റിന്റെ നിയമനിർമ്മാണത്തിനു തുല്യമായിത്തീരുന്നതും പിന്നീട് ആ നിയമം പിൻവലിക്കുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ സ്റ്റേറ്റു നിയമസഭകൾക്ക് അധികാരമില്ലാതെവരുന്നതും ആണ്. ആ നിലയിൽ ഇങ്ങനെ ഒരു നിയമം നാം ഇപ്പോൾ ഇവിടെ ഉണ്ടാക്കിക്കഴിഞ്ഞാൽ ഇതുസംബന്ധിച്ച് ഏതെങ്കിലും ഭേദഗതിചെയ്യാനുള്ള അവകാശം ഈ നിയമസഭയ്ക്കു പിന്നീട ഉണ്ടായിരിക്കുമോ എന്നുള്ളകാര്യവും നാം ഈ സമയത്തു വളരെ കാര്യമായി ആലോചിക്കേണ്ട ഒരു വസ്തുതയാണ്. ൧൯൩൫-ലെ ഗവണ്മെന്റ് ആഫ് ഇൻഡ്യാ ആക്ടിലും ഇതുപോലെ കൺകറന്റായി നിയമനിർമ്മാണം ചെയ്യാനുള്ള അവകാശം കേന്ദ്രത്തിനും പ്രാവിൻസുകൾക്കും സ്റ്റേറ്റുകൾക്കും കൊടുത്തിരുന്നു. പക്ഷെ അന്ന് അങ്ങിനെ ഒരു നിയമനിർമ്മാണം ചെയ്തശേഷം അതു പിൻവലിക്കാനും ഭേദഗതിചെയ്യാനുമുള്ള സ്വാതന്ത്ര്യം സ്റ്റേറ്റുകൾക്ക് നിഷേധിക്കപ്പെട്ടിട്ടില്ലെന്നുള്ളകാര്യവും നാം ഓർക്കണം. ഇൻഡ്യൻ ഭരണഘടനയുടെ ദോഷത്തെയോ മേന്മയെയോ കുറിച്ച് ഞാൻ ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. സാങ്കേതികമായിട്ട് വന്നുചേരാവുന്നതും, അനുഭവത്തിൽ വന്നതിനുശേഷം ഉണ്ടാകാവുന്നതും ആയ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻവേണ്ടിയാണ് ഞാൻ ഇതു പറയുന്നത്. ഇങ്ങനെ ഒരു ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ മുമ്പുനടന്ന ചർച്ചകളുടെ വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ നമ്മുടെ സ്റ്റേറ്റിലെ ആസ്തികൾക്ക് പെട്ടെന്നു വന്നുചേരുന്ന പരിണാമം എന്തായിരിക്കുമെന്ന് നാം ആലോചിക്കണം. നമുക്കുള്ള പല അവകാശങ്ങളും അധികാരങ്ങളും തിരിച്ചെടുക്കാൻ വയ്യാത്തവിധത്തിൽ കേന്ദ്രത്തിനു കാഴ്ചവയ്ക്കുക എന്നുള്ളതാണ് ഇതിന്റെ ഫലം. നമ്മുടെ ഭരണഘടന ഒരു ഫെഡറൽ ഭരണഘടനയാണെന്നു പറയാറുണ്ട്, അതായത് ഘടകസ്റ്റേറ്റുകൾക്ക് ഒരുപാധിവരെ പലതരത്തിലുള്ള നിയമനിർമ്മാണങ്ങൾ ചെയ്യാൻ അധികാരം നൽകിയിട്ടുള്ള ഒരു ഫെഡറൽ ഭരണഘടനയാണ്. നാം വളരെനാൾ സമരംചെയ്തത് അവശിഷ്ടാധികാരങ്ങൾ സ്റ്റേറ്റുകൾക്ക് ഉണ്ടായിരിക്കാൻ വേണ്ടിയായിരുന്നു. അങ്ങിനെ ആയിരുന്നു എന്നുള്ളത് കാൺഗ്രസ്സിന്റെയും നമ്മുടെ സ്വാതന്ത്ര്യ സമര ചരിത്രങ്ങളുടെയും പേജുകൾ തള്ളിനോക്കിയാൽ അറിയാം. പണ്ഡിതമോട്ടിലാൽ നെഹ്റു എഴുതി ഉണ്ടാക്കിയ ഒരു ഭരണഘടന അന്നത്തെ കാൺഗ്രസ്സുകാർ സ്വീകരിക്കാതിരിക്കാൻ കാരണം അന്ന് അത് വളരെ കേന്ദ്രീകൃതമായ അധികാരങ്ങളോടുകൂടിയ ഒന്നായിരുന്നതുകൊണ്ടാണെന്നു പട്ടാഭി സീതാരാമയ്യർ എഴുതിയ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ ചരിത്രം നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. നാം അതിനുവേണ്ടി സമരംചെയ്തു എങ്കിലും ഇങ്ങനെയുള്ള ഒരു ഭരണഘടനയാണ് നമുക്ക് കിട്ടിയിരിക്കുന്നത്. ആർട്ടിക്കിൾ ൨൪൮ പ്രകാരം അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തിൽതന്നെയാണ് സ്ഥിതിചെയ്യുന്നതെന്നു നമുക്കറിയാം. സ്റ്റേറ്റുലിസ്റ്റും കേന്ദ്രലിസ്റ്റും കഴിച്ച് ബാക്കിയുള്ള ലിസ്റ്റുകളെ സംബന്ധിച്ച് നിയമനിർമ്മാണം ചെയ്യാനുള്ള അധികാരം കേന്ദ്രത്തിനുതന്നെയാണ്. ൪൭ ഐറ്റം അതിലുണ്ട്. അവയെക്കുറിച്ചെല്ലാം നിയമനിർമ്മാണം ചെയ്യാനുള്ള അധികാരം കേന്ദ്രത്തിനുതന്നെയാണുള്ളത്.

ഭരണഘടനപ്രകാരം നമുക്കു സിദ്ധിച്ചിട്ടുള്ള പരിമിതമായ അവകാശാധികാരങ്ങൾ പോലും കേന്ദ്രത്തിന്റെ മുന്നിൽ അടിയറ വെയ്ക്കാൻ നമ്മുടെ ഭരണാധികാരികൾക്കു് സങ്കോചമുണ്ടായിട്ടില്ലെന്നു് നിരവധി സംഭവങ്ങൾ ഇതിനകം വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. ഒരു ഉദാഹരണം പറയാം. ൧൯൪൯-ലാണെന്നു തോന്നുന്നു, ഇൻഡ്യൻ കാൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ, ഭരണഘടനയിലെ ൩൭൧-ാം വകുപ്പിനെപ്പറ്റിയുള്ള ചർച്ച നടന്നപ്പോൾ, ജനപ്രാതിനിധ്യസ്ഥാപനങ്ങളിൽ വളരെ വളരെ പരിചയവും പാരമ്പര്യവുമുള്ള തിരുവിതാംകൂറിനെ ഈ ൩൭൧-ാം വകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നു് ഇവിടെനിന്നും പോയ പ്രതിനിധികൾ വാദിച്ചു. ശ്രീ. പട്ടം താണുപിള്ളയും അതിനെ എതിർത്തു ചർച്ച നടത്തിയെന്നാണു് എന്റെ ഓർമ്മ. ഈ വാദങ്ങൾക്കു മറുപടിയായി തിരുവിതാംകൂർ, കൊച്ചി, മൈസൂർ, മുതലായ രാഷ്ട്രീയപ്രബുദ്ധതയുള്ള രാജ്യങ്ങളെ ഉദ്ദേശിച്ചല്ല ഈ ൩൭൧-ാം വകുപ്പു ഏർപ്പെടുത്തിയിട്ടുള്ളതെന്നും, വളരെ പിന്നോക്കം നിൽക്കുന്ന പല നാട്ടുരാജ്യങ്ങളും വടക്കേ ഇൻഡ്യയിലുണ്ടെന്നും അവയെ മുന്നിൽ വച്ചുകൊണ്ടാണു് ഈ ൩൭൧-ാം വകുപ്പു് ഭരണഘടനയിൽ ചേർത്തിരിക്കുന്നതെന്നും സർദാർ പട്ടേൽ അന്നു് കാൺസ്റ്റിറ്റ്യുവന്റ് അസംബ്ളിയിൽ പ്രസ്താവിച്ചു. തിരുവിതാംകൂറിനേയും കൊച്ചിയേയും പോലെ സാക്ഷരതയിലും സംസ്കാരത്തിലും വളരെ പുരോഗതി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളെ ഉദ്ദേശിച്ചല്ല ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതെന്നു് സർദാർ പട്ടേൽ ഉറപ്പു നൽകിയിട്ടുള്ളതുകൊണ്ടാണു് ഇതു് പാസ്സാകുന്നതിനെ തങ്ങൾ എതിർക്കാതിരുന്നതെന്നു് അക്കാലങ്ങളിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവനും സമ്മതിച്ചിട്ടുണ്ടു്. തിരുവിതാംകൂർ-കൊച്ചിയെ ഈ ൩൭൧-ാം വകുപ്പിൽനിന്നും ഒഴിവാക്കാമെന്നു് വാക്കുമൂലം ഉള്ള ഒരു പ്രസ്താവന ഉണ്ടായിട്ടുള്ളതല്ലാതെ, ഈ വകുപ്പു നമ്മെ ബാധിക്കുന്നതല്ലെന്നുള്ള ഒരു ഉറപ്പു് നമുക്കു ഇതേവരെ കിട്ടിയിട്ടില്ല. എന്നു മാത്രമല്ല, പ്രായപൂർത്തി വോട്ടവകാശമനുസരിച്ചു നിയമസഭാ തിരഞ്ഞെടുപ്പു കഴിഞ്ഞ അവസരത്തിൽ, ഇവിടെ പ്രസിഡന്റു ഭരണം വരും, അഡ്മിനിസ്ട്രേറ്റർ ഭരണം വരും, അങ്ങനെ വന്നാൽ നമുക്കു എന്തുനില സ്വീകരിക്കണം, എന്തു നടപടിയാണു നടത്താനുള്ളതു് എന്നൊക്കെ ഇവിടെ ബഹളങ്ങൾ ഉണ്ടായിക്കൊണ്ടിരുന്ന അവസരത്തിൽ, കേന്ദ്രത്തിൽ നിന്നും ഒരു ഉദ്യോഗസ്ഥൻ ഈ സഭയിൽ വന്നിരുന്നു് നടപടികൾ വീക്ഷിച്ചുകൊണ്ടിരുന്നുവെന്നുള്ള കാര്യം ഈ സഭയിലുള്ള ഏതാനും ബഹുമാനപ്പെട്ട അംഗങ്ങൾക്കെങ്കിലും അറിവുള്ളതാണു്. ഭരണഘടന പ്രകാരം സിദ്ധിച്ചിട്ടുള്ള ആനുകൂല്യങ്ങൾപോലും ശരിയായി ഉപയോഗിക്കാതെ മററു കാര്യങ്ങളിൽ വ്യാപൃതരായിക്കഴിഞ്ഞ ഇവിടത്തെ ഭരണകക്ഷികൾ ഈ ൩൭൧-ാം വകുപ്പിന്റെ പരിധിയിൽനിന്നും നമ്മുടെ സംസ്ഥാനത്തെ ഒഴിവാക്കാൻ യാതൊന്നും ചെയ്തില്ലാ എന്നുള്ള പരമാർത്ഥം വ്യക്തമായി ഇന്നും ശേഷിക്കുന്നു. ഇവിടെ ഒരു ഫെഡറൽ ഫൈനാൻഷ്യൽ എഗ്രിമെന്റ് ഉണ്ടാക്കി റവന്യു ഇനത്തിൽ നമുക്കുണ്ടായിരുന്ന പല ആദായമാർഗ്ഗങ്ങളും കേന്ദ്രത്തിനു് അടിയറ വച്ചു. പത്തു കൊല്ലത്തേക്കു നമ്മുടെ ആദായത്തിൽ കുറഞ്ഞുവരുന്ന തുക നമുക്കു നഷ്ടപരിഹാരമായി തന്നുകൊള്ളാമെന്നു് ഇവിടെ ൧൯൪൯-ൽ അവരുടെ കമ്മീഷൻ വന്ന

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

അവസരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ആദ്യത്തെ മൂന്നു വർഷത്തേക്കു് ഒരു ക്ലിപ്തതുക വീതവും, പിന്നീടുള്ള ഏഴു വർഷത്തേക്കു് കുറഞ്ഞു കുറഞ്ഞു വരുന്ന ഒരു തുകയും തരാമെന്നാണു തീർച്ചപ്പെടുത്തിയിട്ടുള്ളതു്. പക്ഷെ, പുകയില, തീപ്പെട്ടി, സസ്യോല്പന്നങ്ങൾ മുതലായവയുടെ നികുതിയിനങ്ങളിൽനിന്നുള്ള തുക മാത്രമാണു് നമുക്കു തന്നുകൊണ്ടിരിക്കുന്നതു്. ഫൈനാൻസു് കമ്മീഷൻ റിപ്പോർട്ടു വരെ മാത്രമെ ഇതനുസരിച്ചു് അനുക്രമമായി കുറഞ്ഞുവരുന്ന ഒരു സംഖ്യ നമുക്കു് അവകാശപ്പെടാൻ കഴിയൂ. പല കാര്യങ്ങൾക്കും കേന്ദ്രഗവണ്മെൻറിൻെറ സൗമനസ്യം നമ്മുടെ ഗവണ്മെൻറിനാവശ്യമായിരിക്കുന്നു. ന്യായമായി കിട്ടാനുള്ളതു് ചോദിച്ചു വാങ്ങാൻ നമ്മുടെ ഭരണകക്ഷികൾക്കു സാധിച്ചിട്ടില്ലെന്നാണു് ഇവയെല്ലാം വ്യക്തമാക്കുന്നതു്. ഒരു പാർട്ടിക്കാണു് ഇതുവരെ ഇവിടെ ഭരണാധികാരം ലഭിച്ചിട്ടുള്ളതു്. ഏതു പാർട്ടിയിൽപ്പെട്ടവരായിരുന്നാലും നല്ലകാര്യങ്ങൾ സ്വീകരിക്കാനും, ചീത്തകാര്യങ്ങൾ ചീത്തയാണെന്നു തുറന്നു പറയാനുമുള്ള മനഃസ്ഥിതിയുണ്ടായിരിക്കണമെന്നാണെൻെറ അഭിപ്രായം.

സർ, ഇന്നത്തെ നിലയിൽ ഈ ബില്ലിനെ സംബന്ധിച്ചു് പ്രസക്തമായ ചില സംശയങ്ങൾ ഉയർന്നുവരുന്നുണ്ടു്. യാതൊരു കുഴപ്പവും ന്യൂനതയും കൂടാതെതന്നെ നമ്മുടെ ദൈനംദിന ഭരണകാര്യങ്ങൾ നടന്നുവരുന്നതിലേയ്ക്കു് ഇങ്ങനെയൊരു നിയമം നിർമ്മിക്കേണ്ട ആവശ്യമുണ്ടോ എന്നു നാം ആലോചിക്കണം. ഭരണഘടനയനുസരിച്ചു് നമുക്കു കിട്ടിയിട്ടുള്ള അധികാരങ്ങളിൽ ചിലതു നാം കേന്ദ്രത്തിനു വിട്ടുകൊടുക്കണമോ എന്നാണു് ഇപ്പോൾ ചിന്തിക്കാനുള്ളതു്. തിരുവിതാംകൂർ-കൊച്ചിക്കു വെളിയിലുള്ളവർക്കും കൂടി ബാധകമാകത്തക്കവണ്ണം നമ്മുടെ പൊതുക്കടം മാനേജുചെയ്യാൻ നമ്മുടെ ദേശീയബാങ്കായ റിസർവ്വ ബാങ്കിനെ ഏല്പിക്കുന്നതു നന്നായിരിക്കുമെന്നു്, കഴിഞ്ഞ കൊല്ലം ഇവിടെ പ്രമേയം പാസ്സാക്കിയ സന്ദർഭത്തിൽ ധനകാര്യമന്ത്രി പ്രസ്താവിച്ചതായി ഞാൻ ഓർമ്മിക്കുന്നു. എന്നാൽ റിസർവ്വ ബാങ്കിനെ സംബന്ധിച്ചിടത്തോളം അതു് ഇന്നാട്ടിലെ ദേശീയോദ്യമങ്ങളെ എത്രമാത്രം പ്രോത്സാഹിപ്പിക്കുമെന്നുള്ളതും ഇത്തരുണത്തിൽ ചിന്താവിഷയമാകേണ്ടതാണു്. ഫാക്ടറികൾക്കും ഫാക്ടറി വ്യവസായങ്ങൾക്കും ഒരു ഭീഷണിയായിട്ടാണു് റിസർവ്വബാങ്കു നിൽക്കുന്നതെന്നു് ഒരു പ്രമേയം തൃശ്ശൂർ ബാങ്കിംഗ് കാർപ്പറേഷൻ കൂടിയ അവസരത്തിൽ പാസ്സാക്കിയിട്ടുണ്ടു്. ഇന്നു് പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട ചീററർ മെമ്പർ ഡാക്ടർ എ. ആർ. മേനവൻ പ്രസ്തുത യോഗത്തിൽ സംബന്ധിക്കുകയും റിസർവ്വ ബാങ്കിൻെറ ഇടപെടൽ തദ്ദേശീയ ബാങ്കിംഗ് വ്യവസായത്തിനു ഹാനികരമായിരിക്കും എന്നു് പ്രസ്താവിക്കുകയും ചെയ്തതായിട്ടാണു് എൻെറ ഓർമ്മ. തെററാണെങ്കിൽ അദ്ദേഹം തിരുത്തണമെന്നപേക്ഷ. ഈ നാട്ടിലെ ജനങ്ങൾ റിസർവ്വബാങ്കിനെ ഈ നിലയിലാണു വീക്ഷിക്കുന്നതെന്നു് നാം മനസ്സിലാക്കണം.

എനിക്കു ഈ ബിൽ പാസ്സാക്കുന്നതിനുമുമ്പു് ചില ചോദ്യങ്ങൾ സഭയിൽ വയ്ക്കാനുണ്ടു്. അതിനു് മുഖ്യമന്ത്രിയോ, ധനകാര്യമന്ത്രിയോ, പ്രതിപക്ഷനേതാവോ മറുപടി പറയുമെന്നു ഞാൻ വിചാരിക്കുന്നു—കാര്യങ്ങൾ ഗ്രഹിക്കുവാൻവേണ്ടി മാത്രം ചോദിക്കുന്നതാണു്—ഒന്നാമതു ഈ നിയമനിർമ്മാണം ചെയ്യുന്നതുകൊണ്ടു് സ്റ്റേററ ലിസ്റ്റിലെ ൪൩-ാം ഇനമായ പബ്ലിക്കു് ഡെററു് കേന്ദ്രത്തിനു വിധേയമാകുമോ എന്നു ഞങ്ങൾക്കറിയണം.

രണ്ടാമതായി ഈ ബില്ല് ഇപ്പോഴുള്ള കടങ്ങളെ മാത്രമെ ബാധിക്കുകയുള്ളോ, ഇനിയുമുള്ള കടങ്ങളെയും ബാധിക്കുമോ എന്നറിയണം.

മൂന്നാമത്തേതു്, ഒരു പുതിയ വായ്പ ഇവിടെ എടുക്കുവാൻ പോകുന്നു എന്നുള്ള പരസ്യം പ്രസിദ്ധപ്പെടുത്തുന്നതിനും വായ്പ ഫ്ളോട്ട് ചെയ്യാനും റിസർവ് ബാങ്കിന്റെ അനുവാദം ആവശ്യമായി വരുമോ, അതോ നമ്മുടെ രാജ്യത്തിന്റെ സാൾവൻസിയെ മാത്രമെ അതു് ആശ്രയിച്ചിരിക്കയുള്ളോ? നമ്മുടെ സാൾവൻസിയെ മാത്രം ആശ്രയിച്ചിരിക്കുമെങ്കിൽ ഞങ്ങൾക്ക് എതിരഭിപ്രായമൊന്നുമില്ല.

അടുത്തതായി, ഭാവിയിൽ നമ്മുടെ ഗവണ്മെന്റ് എടുക്കുന്ന പൊതുക്കടങ്ങൾക്ക് റിസർവ്ബാങ്ക് ഗ്യാറന്റി തരുമോ എന്നും, ആ മാതിരി പൊതുക്കടങ്ങൾ റിസർവ് ബാങ്ക് ഏറ്റെടുക്കുമോ എന്നും അറിയേണ്ടതാണ്. ഇങ്ങനെ ഒരു നിയമമില്ലാതെ ഒരു പുതിയ ലോൺ ഫ്ളോട്ട് ചെയ്യുന്നതിന് പ്രായോഗികമായ തടസ്സം വല്ലതുമുണ്ടോ? പൊതുക്കടം സംബന്ധിച്ച ആക്ററിനെക്കുറിച്ച് ആലോചിക്കുന്നതിനുമുൻപ് ഈ ഗവണ്മെന്റ പുറപ്പെടുവിച്ചിട്ടുള്ള കടങ്ങൾക്ക് ഈ സംസ്ഥാനത്തിനു വെളിയിലുള്ള ആളുകൾ സബ്സ്ക്രൈബ് ചെയ്തിട്ടുണ്ടോ? ഈ സംശയങ്ങളെല്ലാം ഈ നാട്ടുകാരിലെല്ലാം ഇങ്ങനെ നിലനിൽക്കുന്നിടത്തോളം കാലം പ്രത്യേകിച്ചുള്ള യാതൊരു ആവശ്യവും ഇല്ലാതെ ഒരു നിയമനിർമ്മാണം നടത്തുന്നതിന്റെ ഉദ്ദേശമെന്താണ്? നമ്മുടെ നിയമസഭയ്ക്കു പൂർണ്ണാധികാരമുള്ള ഒരു നടപടിയെ സംബന്ധിച്ചിടത്തോളം ആ അധികാരത്തെ ഇൻഡ്യൻ പാർലമെന്റിനു വിട്ടുകൊടുക്കുന്നതിനുമുമ്പ് നാം രണ്ടുവട്ടം ആലോചിക്കേണ്ടിയിരിക്കുന്നു. നമുക്കുള്ള അധികാരത്തെ പ്രത്യേകിച്ച് ഒരാവശ്യവുമില്ലാതെ, യഥാർത്ഥത്തിൽ നാം കളയുകയാണു ചെയ്യുന്നതു്. കൈയിലിരിക്കുന്ന ഈ അധികാരം വിട്ടുകൊടുക്കുന്നതായാൽ ഒരിക്കലും നമുക്കതു് ഇൻഡ്യൻ ഭരണഘടനയുടെ കീഴിൽ നിന്നുകൊണ്ടു് തിരിയെ വാങ്ങാൻ സാധിക്കുകയില്ല. ഞാൻ ഇങ്ങനെയൊക്കെ പറയുന്നുവെങ്കിലും ഒരു പക്ഷെ ഈ ബിൽ ഇവിടെ പാസ്സാകുമായിരിക്കും. ബിൽ പാസ്സാക്കിയെടുത്തശേഷം അതു ബുദ്ധിമോശമായിപ്പോയി, അങ്ങനെ അധികാരം ഇൻഡ്യൻ പാർലമെന്റിനു കൊടുക്കേണ്ട ആവശ്യം ഇല്ലായിരുന്നു എന്നും മററും പിന്നീടൊരിക്കൽ പശ്ചാത്തപിക്കേണ്ടിവരും എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിച്ച ഒരു വാചകം തന്നെ ഇവിടെ എനിക്കു പറയേണ്ടിയിരിക്കുന്നു. അതായതു് ഈ ഗവണ്മെന്റ് കുറേക്കാലം നിലനിന്നെന്നും വരും, ഇല്ലെന്നും വരും എന്നു് അദ്ദേഹം പറയുകയുണ്ടായി. അതിന്റെ അർത്ഥം ഇനിയും ഗവണ്മെന്റുകൾ കൂടെക്കൂടെ ഉണ്ടാകാൻ ഇടയുണ്ടെന്നാണ്, ഗവണ്മെന്റുകൾ വന്നും പോയും ഇരിക്കും. ഭരിക്കുന്ന പാർട്ടി ഏതായാലും ഇവിടെ ഗവണ്മെന്റ് ഇല്ലാതെയിരിക്കുകയില്ല. മുൻ ഗവണ്മെന്റ് ചെയ്ത ഒരു കാര്യം രാജ്യസ്നേഹപരമല്ലായിരുന്നുവെന്നു് പിന്നീടു വരുന്ന ഗവണ്മെന്റിനു് തോന്നിക്കാനിടയാവുന്നതു് അത്ര ആശാസ്യമാണെന്നു തോന്നുന്നില്ല. ഇതുപോലെയുള്ള കാര്യങ്ങൾ ഇനിയും ഉണ്ടാകാൻ പോകുന്ന ഗവണ്മെന്റിനെക്കൂടിയും ബാധിക്കുന്നതാണ്. ഈ നിയമം ഇവിടെ പാസ്സാകുന്നപക്ഷം രാജ്യത്തിന്റെ ഭാവിഭാഗധേയത്തിൽ സാരമായ തകരാറുണ്ടാകും. ഭരണകക്ഷി ഏതു പാർട്ടിയായാലും ശരി

പാർട്ടിയെ നോക്കാതെ രാജ്യക്ഷേമത്തെ മുൻനിറുത്തിവേണം ഇങ്ങനെയുള്ള ബില്ലുകൾ അവതരിപ്പിക്കേണ്ടതും അവ പാസ്സാക്കേണ്ടതും. ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു് രാജ്യക്ഷേമത്തിനു ഹാനിയാണു് ഉണ്ടാകാൻ പോകുന്നതെന്നു് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട അമ്പലപ്പുഴ മെമ്പറോടു് എനിക്കു് ആദ്യമായി പറയാനുള്ളതു്, ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് ഒരു ഫെഡറൽ ഫിനാൻസ് ഇൻറഗ്രേഷൻ എഗ്രിമെൻറിൻെറ വെളിച്ചത്തിലാണെന്നാണു്. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ ആക്ടിലെ ൨൯൩-ാം വകുപ്പും ൨൭൮-ാം വകുപ്പും നല്ലപോലെ വായിച്ചതിനുശേഷം ഈ ബിൽ വായിച്ചിരുന്നുവെങ്കിൽ ഈ വാദപ്രതിവാദത്തിനു് ഇടവരികയില്ലായിരുന്നു. തീർച്ചയായും അദ്ദേഹം ഇവിടെ ഉന്നയിച്ച പല വാദമുഖങ്ങളും സംശയങ്ങളും ഇല്ലാതെ കഴിയുമായിരുന്നു എന്നു മാത്രമല്ല, ബില്ലിനെ അനുകൂലിച്ചുകൊണ്ടു് കൈപൊക്കുകയും ചെയ്യുമായിരുന്നു. അതുപോലെ തന്നെ ശ്രീ. പോററിക്കു മുൻപു് സംസാരിച്ച പല മെമ്പറന്മാർക്കും ഈ ബില്ലിൽ അന്തർഭവിച്ചിട്ടുള്ള നന്മകൾ എന്തെല്ലാമാണെന്നു് മനസ്സിലാകാത്തതുകൊണ്ടായിരിക്കണം എതിർത്തു സംസാരിച്ചിട്ടുള്ളതെന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. ടി. ഭാസ്കരൻപിള്ള: ബില്ലിനെപ്പററി സംസാരിക്കേണ്ടതു് മന്ത്രിയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബില്ലിനെപ്പററി സംസാരിക്കുന്നതിനു് ഒരു മന്ത്രിക്കുള്ളതുപോലെ എനിക്കും അവകാശമുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്.

സർ, ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്:

> "Whereas it is expedient to make provision relating to Government Securities issued by the Government and for the Management by the Reserve Bank of India of the Public Debt of the Government."

അതായതു് ഈ സ്റ്റേററു് ഇപ്പോൾ എടുത്തിട്ടുള്ള കടത്തിൻെറ ചുമതലകൾ റിസർവ്വ് ബാങ്കിനെ ഏല്പിക്കുന്നതിനുവേണ്ടിയാണു്, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വാദമുഖങ്ങളെ സംബന്ധിച്ചു് ഇവിടെ പറയുന്നതു് ഞാൻ സഭയിൽ വായിക്കാം:

> "The Public Debt Act, 1944 (Central Act XVIII of 1944) and the Rules made thereunder by the Central Government shall, as far as may be, apply to Government securities of the State of Travancore-Cochin issued on or after the 13th day of July 1953, as they apply to Government securities of a State specified in part 'A' of the First Schedule to the Constitution of India."

അതായത് ഈ സംസ്ഥാനത്തിന് ഒരു പബ്ലിക്ക് ഡെറ്റ് റെയ്സ് ചെയ്യണമെന്നുണ്ടെങ്കിൽ അത് മാനേജു ചെയ്യുന്നതിന് ൧൯൪൪-ലെ പൊതുകടം നിയമത്തിൽ എന്തെല്ലാം അധികാരങ്ങളുണ്ടോ അവയെല്ലാം റിസർവ്വ് ബാങ്കിന് ഉണ്ടായിരിക്കുമെന്നാണ്. എന്നാൽ ഈ ബില്ല് അനുസരിച്ച് പൊതുക്കടം എടുക്കേണ്ടത് ആവശ്യമാണോ, അതോ അല്ലയോ എന്നു തീരുമാനിക്കുന്നതിനുള്ള അവകാശം നമ്മുടെ ഗവണ്മെൻറിനാണുള്ളത്. ആ കാര്യത്തെ സംബന്ധിച്ച് എന്തിനു റിസർവ്വ് ബാങ്കുമായിട്ടു ആലോചിക്കുന്നു എന്നാണെങ്കിൽ അത് ഈ സ്റ്റേറ്റിൻെറ നന്മയ്ക്കുവേണ്ടി മാത്രമാണ്. മന്ത്രിമാരിലും, ഉദ്യോഗസ്ഥന്മാരിലും അനുദ്യോഗസ്ഥന്മാരിലും ഒരു ലോൺ ഫ്ളോട്ടു ചെയ്യേണ്ട ആവശ്യമുണ്ടെന്ന് ഏതെങ്കിലും കാലഘട്ടത്തിൽ ഒരു തോന്നലുണ്ടായാൽ, അതിന്മേൽ ഉണ്ടാകുന്ന കടം കൊടുത്തുതീക്കുന്നതിനുള്ള കാലാവധി നിണ്ണയിക്കുന്നതിനും പലിശറേററ് നിശ്ചയിക്കുന്നതിനും മററും ആലോചനകൾ നടത്തേണ്ടത് സാമ്പത്തികശാസ്ത്രത്തിൽ വിദഗ്ദ്ധജ്ഞാനമുള്ള ഏജൻസികളുമായിട്ടായിരിക്കണം. അതുകൊണ്ടാണ് റിസർവ്വ് ബാങ്കുമായിട്ടു ഇടപെടേണ്ടിവന്നത്. ഈ സംസ്ഥാനംപോലെ വേറെ വേറെ സംസ്ഥാനങ്ങൾ ഇൻഡ്യാ സാമ്രാജ്യത്തിലുണ്ട്. എല്ലാവക്കും ഒരേ അവസരത്തിൽ ലോൺ ഫ്ളോട്ടു ചെയ്യേണ്ട ഒരു അവസരം ഉണ്ടായെന്നിരിക്കട്ടെ. അങ്ങിനെ വരുമ്പോൾ റിസർവ്വ് ബാങ്കുമായിട്ട് ആലോചിക്കാതെ പ്രവത്തിക്കുന്നത് കൂടുതൽ കുഴപ്പത്തിനു കാരണമായിത്തീരുന്നതാണ്. അതുകൊണ്ടാണ് ഈ കാര്യത്തിൽ അവരുമായിട്ട് ഒരു കോവാപ്പറേഷൻ നമ്മുടെ സംസ്ഥാനത്തിനുണ്ടായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെംബർ പറയുന്നത്, എപ്പോഴെങ്കിലും രാജ്യത്തിനുവേണ്ടി ഒരു പൊതുക്കടം എടുക്കുന്നുവോ അപ്പോൾ മുതൽ സ്റ്റേറ്റിനുള്ള അധികാരം മുഴുവനും റിസർവ്വ് ബാങ്കിനാണെന്നാണ്. ഈ ബില്ല് പാസ്സാക്കിയാലും ഇല്ലെങ്കിലും പൊതുക്കടത്തെ സംബന്ധിച്ചിടത്തോളം റിസർവ്വ് ബാങ്ക് നമ്മുടെ ഗവണ്മെൻറിൻെറ യജമാനൻ ആയിരിക്കുന്നതല്ല.

ശ്രീ. എം. പി. മേനോൻ: യജമാനൻ അല്ലെങ്കിലും ഉപദേഷ്ടാവായിരിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയല്ലാതെ ഒരിക്കലും യജമാനൻ ആയിരിക്കയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ബില്ലിൻെറ അവതരണത്തിന് അവരുടെ ഉപദേശം വേണ്ടയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉപദേശം ആവശ്യമാണ്. ൧൯൫൧-ൽ നാം എടുത്ത കടം റിസർവ്വ്ബാങ്കിനെക്കൂടി ബാധകമാകണമെന്നു വിചാരിച്ചാണ് ഈ പബ്ലിക് ഡെററ് ബിൽ ഇവിടെ സമീകരണത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളത്. കഴിഞ്ഞകൊല്ലം ഈ പൊതുക്കടത്തെ സംബന്ധിക്കുന്ന ഒരു റസലൃഷൻ ഇൻഡ്യൻ ഭരണഘടന ൨൯൩-ാം വകുപ്പ് അനുസരിച്ച് ഞാൻ ഈ സഭയിൽ അവതരിപ്പിക്കയുണ്ടായി. റസലൃഷൻ പാസ്സാക്കുന്ന കാര്യത്തിൽ പല മെംബറന്മാക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നിട്ടും എൻെറ വിശദീകരണത്തിനുശേഷം അവർ എല്ലാവരും അനുകൂലിക്കയാണുണ്ടായത്. ഇന്നു ചീഫ് മന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയും ഒടുവിൽ അനുകൂലിച്ചു വോട്ടുചെയ്യുകയു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

ണ്ടായി. പബ്ലിക്ഡെററിനെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഉണ്ടാക്കാനുള്ള അധികാരം ഇൻഡ്യൻ പാർലമെൻറിനു കൊടുക്കുന്നതായിരുന്നു അന്നത്തെ റസല്യൂഷൻ. അന്ന് ഈ നിയമസഭയിൽ പാസ്സാക്കിയ റസല്യൂഷൻ അനുസരിച്ച് പാർലമെൻറ് ഒരു നിയമനിർമ്മാണം ചെയ്യാത്തതുകൊണ്ടാണ് ഇന്ന് ഒരു ബില്ലായി രൂപാന്തരപ്പെട്ടു ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിൽ ആർക്കും സംശയിക്കത്തക്ക യാതൊന്നുമില്ല. ഈ കടത്തിനെ സംബന്ധിച്ചിടത്തോളവും റിസർവ്വ് ബാങ്കിനെക്കൊണ്ട് മാനേജ്ജ് ചെയ്യിക്കണമെന്നുണ്ടെങ്കിൽ ഈ ബില്ല് ഇവിടെ പാസ്സാക്കാതെ തരമില്ല. ഈ ബിൽ പാസ്സാകുന്നതുമൂലം നമുക്കുണ്ടായിരുന്ന അധികാരങ്ങൾ വിട്ടുപോയിയെന്ന് സംശയിക്കുന്ന ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബറോടും മററും എനിക്കു പറയാനുള്ളതു് നഷ്ടപ്പെട്ട അധികാരം മുഴുവനും ഈ ബിൽ പാസാകുന്നതോടുകൂടി തിരികെ കിട്ടുമെന്നുള്ളതാണ്. അതുകൊണ്ട് ഏതു ഉദ്ദേശത്തോടും ആവേശത്തോടും കൂടിയാണോ ബഹുമാനപ്പെട്ട മെംബറന്മാർ ഈ ബില്ലിനെ എതിർത്തിട്ടുള്ളതു്, ആ ഉദ്ദേശത്തോടും ആവേശത്തോടുംകൂടിത്തന്നെ ഈ ബില്ലിനെ അനുകൂലിച്ച് വോട്ടുചെയ്യുമെന്നുതന്നെയാണ് എൻെറ വിശ്വാസം. മാത്രമല്ല ഇന്നു പാസാക്കുന്ന ഈ നിയമം നാളെ റദ്ദു ആക്കാനുള്ള അവകാശവും ഈ നിയമസഭയ്ക്കുണ്ട്. അതായതു് ഇതിനെ സംബന്ധിച്ച് ഒരു റിപ്പീലിംഗ് ബില്ല് ഈ നിയമസഭയ്ക്കു് വേണമെന്നുണ്ടെങ്കിൽ കൊണ്ടുവരാം. അതുകൊണ്ടും നമുക്ക് ഈ ബില്ലിനെ അനുകൂലിക്കുന്നതിൽ തെററില്ല.

ശ്രീ. ടി. വി. തോമസ്: ഒരു റിപ്പീലിംഗ് ബിൽ അവതരിപ്പിക്കുന്നതിനു് ഈ സഭയിലെ എത്ര അംഗങ്ങൾ യോജിക്കണം എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സഭയിൽ രണ്ട് അംഗങ്ങൾ യോജിച്ചാൽ മതി. അങ്ങനെ യോജിച്ചു ഒരു ബില്ലുകൊണ്ടു വരികയാണെങ്കിൽ ശ്രീ. നടരാജപിള്ള കൊണ്ടുവന്ന ഈ ബില്ലിനെ ക്യാൻസൽ ചെയ്യാൻ സാധിക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ ബില്ല് ഇൻഡ്യൻ ഭരണഘടനയിലെ 252-ാം വകുപ്പനുസരിച്ച് ചെയ്യുന്ന ഒരു നിയമനിർമ്മാണമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബറിൻെറ മനസ്സിൽ എന്തോ ചിലതു്കെട്ടുപിണഞ്ഞു കിടക്കുന്നുയെന്നാണ് എനിക്കു തോന്നുന്നതു്. ഭരണഘടനയുടെ 252-ാം വകുപ്പനുസരിച്ച് ഒരു നിയമനിർമ്മാണമല്ല ഇതു്. ഭരണഘടനയിലെ 252-ാം വകുപ്പ് ഒരു നിയമനിർമ്മാണം ചെയ്യാൻ ഉള്ള അധികാരം പാർലമെൻറിനു വിട്ടുകൊടുക്കുന്നതാണ്. ആ വകുപ്പനുസരിച്ച് നിയമനിർമ്മാണം ചെയ്യാൻ കൊണ്ടുവന്നിട്ടുള്ള അന്നത്തെ പ്രമേയവും ഇപ്പോഴത്തെ ഈ ബില്ലുമായിട്ടു യാതൊരു ബന്ധവുമില്ല. ഇപ്പോഴത്തെ ഈ ബില്ലിനെ സംബന്ധിച്ച് ഞാൻ ഒന്നുകൂടി ആവർത്തിച്ചു പറയാം. കഴിഞ്ഞ തവണ പ്രമേയം പാസാക്കിയിട്ടുള്ളതു് കടത്തിനെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണം ചെയ്യാൻ ഉള്ള അധികാരം പാർലമെൻറിനു വിട്ടു

കൊടുക്കുക എന്നുള്ളതായിരുന്നു. ൨൫൨-ാം വകുപ്പനുസരിച്ച് പാർലമെൻറിൽനിന്നും നിയമനിർമ്മാണം ചെയ്യാനുള്ളതുകൊണ്ടാണ് ആ അധികാരം വിനിയോഗിച്ച് ൧൯൫൭ ജൂലായി നമ്മുടെ സ്റ്റേററ് എടുത്തിട്ടുള്ള പൊതുക്കടത്തെ സംബന്ധിച്ച ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. പൊതുക്കടം മാനേജ് ചെയ്യാൻ ഈ ബിൽ മുഖേന റിസർവ്വ് ബാങ്കിന് അധികാരം കൊടുക്കാൻ പോകയാണ്. അങ്ങനെ അധികാരം കൊടുക്കുന്നത് തെററാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അവ പിൻവലിക്കാനുള്ള നിയമങ്ങൾ കൊണ്ടുവരികയും ചെയ്യാം അതനുസരിച്ച് പിൻവലിക്കയും ചെയ്യാം. ൧൯൫൮ ജൂലൈ മാസത്തിൽ നമ്മുടെ സ്റ്റേററിൽ ഒരു പൊതുക്കടം എടുത്തു. ആ പൊതുക്കടം എടുത്തത് മാനേജ് ചെയ്യുവാൻ റിസർവ്വ്ബാങ്കിന് അധികാരം കൊടുക്കുവാൻ പോവുകയാണ്. ഒരു ബില്ലുമൂലമാണ് അതിനു അധികാരം കൊടുക്കുന്നത്. ഈ അധികാരം കൊടുക്കുന്നത് തെററാണോ ശരിയാണോ എന്നു മാത്രം ചോദിച്ചാൽ അധികാരം കൊടുത്തത് തെററാണോ ശരിയാണോ എന്നു തീരുമാനിക്കുന്നതിന് മറെറാരു കാലത്തെ സാദ്ധ്യമാവുകയുള്ളു. നേരേമറിച്ച് ബഹുമാനപ്പെട്ട മെംബർ ഉദ്ദേശിച്ചമാതിരി ൨൫൨-ാംവകുപ്പനുസരിച്ച് നിയമസഭ നടപ്പാക്കിയ പ്രമേയത്തിന്മേൽ പാർലമെൻറ് ഒരു ബിൽ കൊണ്ടുവരികയാണെങ്കിൽ ഈ പറഞ്ഞതെല്ലാം പ്രസക്തങ്ങളാണ്. പാർലമെൻറിൽ നിയമസഭ പ്രമേയം പാസ്സാക്കിയതിനെ അടിസ്ഥാനപ്പെടുത്തി ഒരു ബിൽ കൊണ്ടുവന്നുകഴിഞ്ഞിട്ടില്ല. ഇവിടെ ഇപ്പോൾ ഈ നിയമസഭയ്ക്കു് കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചുള്ള നിയമനിർമ്മാണാധികാരം ഉപയോഗിക്കുകയാണ് നാം ചെയ്യുന്നത്. ഈ നിയമനിർമ്മാണാധികാരം ഉപയോഗിക്കുന്നതിന് തടസ്സമായി ൨൫൨-ാംവകുപ്പ് പറയേണ്ട ആവശ്യമില്ല എന്നാണ് എനിക്കു വളരെ താഴ്മയായി ഇവിടെ ബോധിപ്പിക്കുവാനുള്ളത്. നാം ഇതിൻെറ ഗുണദോഷങ്ങളെപ്പററി ചിന്തിക്കുക. എന്തധികാരമാണ് റിസർവ്വ് ബാങ്കിന് ഈ ബിൽ മൂലം കിട്ടുന്നതെന്ന് നാം ചിന്തിക്കുക അതു് അറിയണമെങ്കിൽ തീർച്ചയായും ൧൯൪൪-ലെ പബ്ലിക്ക് ഡെററ് ആക്ററ് വായിക്കണം. അതിൻെറ സെക്ഷൻ ഏതാണെന്നു് ഇപ്പോൾ എനിക്കു് ഓർമ്മയില്ല. അതു് പിന്നീട് ഞാൻ നോക്കി പറയാം.

ശ്രീ. കെ. എ. ബാലൻ : ഒരു സംശയമുണ്ട്. കഴിഞ്ഞതവണ പാസ്സായ പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ പാർലമെൻറിൽ ഒരു നിയമം കൊണ്ടുവന്നാൽ ആ നിയമത്തിന് നാം ബാദ്ധ്യസ്ഥരാകേണ്ടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞതവണ പാസ്സായ പ്രമേയം അനുസരിച്ച് ഒരു ബിൽ പാർലമെൻറിൽ കൊണ്ടുവന്നാൽ നാം അതിന് ബാദ്ധ്യസ്ഥരായിത്തീരും. പക്ഷേ, അതും ഇതുമായിട്ടു ബന്ധമില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : കഴിഞ്ഞ നിയമസഭ, ൨൫൨-ാംവകുപ്പനുസരിച്ച് പാസ്സാക്കിയ പ്രമേയവും ഈ ബില്ലും ഒരേ കാര്യത്തിനുള്ളതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കഴിഞ്ഞതവണ ഈ നിയമസഭയിൽ പാസ്സാക്കിയ പ്രമേയംമൂലം ഈ നിയമസഭയ്ക്കുള്ള നിയമനിർമ്മാണാധികാരം പാർലമെൻറിലേയ്ക്കു് കൊടുത്തിരിക്കുകയാണു്. ഈ ബില്ലുമൂലം ഈ നിയമസഭയുടെ നിയമനിർമ്മാണാധികാരം ഉപയോഗിക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ ബില്ലിൻെറ ഉള്ളടക്കവും ഇവിടെ പാസ്സാക്കിയ പ്രമേയത്തിൻെറ ഉള്ളടക്കവും ഒന്നുതന്നെയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: രണ്ടും രണ്ടു കാര്യത്തിലുള്ളതാണു്. അപ്പോൾ നിയമനിർമ്മാണത്തിനുള്ള നമ്മുടെ അധികാരം നാം വിട്ടുകളഞ്ഞു എന്നുള്ള അടിസ്ഥാനത്തിന്മേൽ ഇവിടെ നടന്ന വിമർശനങ്ങൾ അപ്രസക്തങ്ങളാണു്. റിസർവ്വ് ബാങ്കിനു് ഇവിടത്തെ പബ്ലിക്ക് കടങ്ങൾ മാനേജു ചെയ്യുവാൻ ഏൽപ്പിക്കുന്നതു് ശരിയാണോ തെററാണോ എന്നേ ഉള്ളൂ അഭിപ്രായമെങ്കിൽ:

ശ്രീ. ടി. വി. തോമസ്: കഴിഞ്ഞതവണ പാസ്സാക്കിയ പ്രമേയം പബ്ലിക് ഡെററിൻെറ അധികാരം റിസർവ്വ് ബാങ്കിനു് വിട്ടുകൊടുത്തു എന്നാണു്. ഇപ്പോൾ പാസ്സാക്കുവാൻ പോകുന്ന ബിൽ പബ്ലിക് ഡെററ് റിസർവ്വ് ബാങ്കിനെ മാനേജുചെയ്യുവാൻ ഏൽപ്പിക്കുകയാണു്. അപ്പോൾ രണ്ടും ഒന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കഴിഞ്ഞ തവണ ഇവിടെ കൊണ്ടുവന്ന പ്രമേയം 252-ാംവകുപ്പു് അനുസരിച്ചുള്ളതാണു്. ആ വകുപ്പു് ഞാൻ വായിക്കാം.

"If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make rules........"

അതായതു് സ്റ്റേററ് നിയമസഭയ്ക്കു് ആവശ്യമായ ഒരു നിയമനിർമ്മാണം പാർലമെൻററ് നടത്തണമെന്നു് ഒരു സ്റ്റേററ് നിയമസഭക്കു് അഭിപ്രായമുണ്ടെങ്കിൽ അപ്രകാരം ഒരു നിയമനിർമ്മാണം പാർലമെൻറിനു് ചെയ്യാവുന്നതാണു്."

ശ്രീ. കെ. ബാലകൃഷ്ണൻ: കഴിഞ്ഞ നിയമസഭയിൽ 252-ാംവകുപ്പനുസരിച്ചു് ഇവിടെ ഒരു പ്രമേയം പാസ്സാക്കി. അതനുസരിച്ചു് പാർലമെൻററ് നിയമനിർമ്മാണം ചെയ്തിട്ടില്ല. പാർലമെൻററ് നിയമനിർമ്മാണം ചെയ്യാത്തതുകൊണ്ടാണോ ഈ ബില്ലു് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്? അതോ ഈ ബില്ലിൻെറ ഉദ്ദേശം പാർലമെൻററ് നിയമനിർമ്മാണം നടത്തുന്നതുവരെ ഇടക്കാലത്തേയ്ക്കു് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാനാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: പ്രമേയം പാസ്സാക്കിയപ്പോൾ നിയമനിർമ്മാണം ചെയ്യുവാനുള്ള സൗകര്യം നമുക്കില്ലാതിരിക്കുകയാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ : നഷ്ടപ്പെട്ടുപോയ അധികാരം തിരിച്ചെടുക്കണമെന്നു പറഞ്ഞു. അതു് എങ്ങനെയാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട അമ്പലപ്പുഴ മെമ്പർ പറഞ്ഞു, ഈ സഭയുടെ നിയമനിർമ്മാണാധികാരം വിട്ടുകളഞ്ഞുവെന്നു്. അതു ശരിയല്ല എന്നാണു് ഞാൻ പറഞ്ഞതു്. ഈ ബില്ലുകൊണ്ടു ചെയ്യുന്നതു് നമ്മുടെ സ്വാഭിപ്രായമനുസരിച്ചു് എടുത്ത കടം മാനേജു ചെയ്യുവാൻ റിസർവ്വു ബാങ്കിനു് അധികാരം കൊടുക്കുകയാണു്. നമ്മുടെ സ്റ്റേററിൽനിന്നു് പലക്കും ബോണ്ടോ പ്രോമിസറി നോട്ടോ കൊടുത്തിട്ടുണ്ടാകും. ആ ബോണ്ടിനും പ്രോമിസറി നോട്ടിനും കൊടുക്കേണ്ടതായ പലിശ റിസർവ്വ ബാങ്കു് കൊടുത്തുകൊള്ളണമെന്നു നിശ്ചയിക്കുകയാണു് ചെയ്യുന്നതു്. അതുപോലെ ഒരാളുടെ കൈയ്യിലുള്ള പ്രോമിസറി നോട്ടു് വേറെ ഒരാൾക്കു് കൊടുക്കുകയാണെങ്കിൽ രജിസ്റ്ററിൽ അതിന്റെ പേർ മാററി എഴുതണം. അതിനുള്ള അധികാരം റിസർവ്വുബാങ്കിൽ കൊടുത്തിരിക്കുകയാണു്. അതുപോലെ ഒരാളുടെ ബോണ്ടോ പ്രോമിസറി നോട്ടോ കൈമോശം വന്നുപോയാൽ അതിനു പകരം അയാൾക്കു വേറെ സെക്യൂരിട്ടി കൊടുക്കണം. അങ്ങനെ ഈ ഗവണ്മെൻറിന്റെ ഒരു ഏജൻറായി—കാര്യസ്ഥനായി നമ്മുടെ പബ്ലിക്കു് ഡെററുകളുടെ കാര്യത്തിൽ പ്രവർത്തിക്കുവാൻ നാം റിസർവ്വു ബാങ്കുപോലെയുള്ള ഒരു ബാങ്കിനെ ഏല്പിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഏജൻറ അഡ്മിനിസ്ട്രേററായി മാറുകയാണെങ്കിലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സംശയമില്ലാത്തതിനെപ്പററി ചോദിക്കുകയാണെങ്കിൽ എനിക്കൊന്നും പറയാനില്ല. റിസർവ്വ ബാങ്കിനു നമ്മെ ഡിക്റ്റേററു ചെയ്യുവാൻ ഒരു അധികാരവുമില്ല.

Dr. A. R. Menon : Can you raise a loan supposing that the Reserve Bank advises you against it?

Shri Panampilli Govinda Menon : The power is there. റിസർവ്വ്ബാങ്കു് ൪ ശതമാനമോ ൪½ ശതമാനമോ പലിശയ്ക്കു് ലോൺ റെയിസു് ചെയ്യുവാൻ പറഞ്ഞാലും മൂന്നുശതമാനത്തിനോ മൂന്നരശതമാനത്തിനോ ലോൺ റെയിസു ചെയ്യുവാൻ നമുക്കധികാരമുണ്ടു്.

Dr. A. R. Menon : Suppose I ask you not to raise a loan and this Government want to raise a loan ?

Shri Panampilli Govinda Menon ; They can do it. They can go against the advice.

ശ്രീ. ടി. വി. തോമസ് : അവരുടെ അഡ്വൈസിനു എതിരായി ലോൺ റെയിസുചെയ്താൽ സംഖ്യ പിരിഞ്ഞുകിട്ടുകയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരുടെ അഡ്വൈസിനു എതിരായി പ്രവൃത്തിക്കുകയാണെങ്കിൽ അവർക്കും കുറെ ഡിസ്ക്രിഷൻ ഉണ്ടു്. എത്ര പണ്ഡിതന്മാരും വിദഗ്ദ്ധന്മാരുമായ ആളുകൾക്കും അബദ്ധം പററുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ടു്. പക്ഷേ, ഈവക കാര്യങ്ങളിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അറിവും വൈദഗ്ദ്ധ്യവുമുള്ള ആളുകളുടെ അഭിപ്രായം, അവരുടെ ഉപദേശം, സ്വീകരിക്കുകയായിരിക്കും ബുദ്ധിപൂർവ്വകമായിട്ടുള്ളത്. അതാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത്. നാം മൂന്നുകോടി രൂപയുടെ കടം എടുത്തിട്ട്. അതിൻെറ പലിശ കിട്ടുവാനുള്ള ആളുകൾ ബോംബെയിലും മദിരാശിയിലും മൈസൂറിലും അതുപോലെ മററു പല സ്ഥലങ്ങളിലുമുണ്ട്. അവർ എല്ലാവരും തിരുവനന്തപുരത്തു വന്നു പലിശ വാങ്ങി പോകണമെന്നാണോ പറയുന്നത്. ബോംബെയിൽനിന്നും മൈസൂറിൽനിന്നും മദിരാശിയിൽനിന്നുംമററും നമ്മുടെ ഗവണ്മെൻറിനു പണം കടംകൊടുത്തിട്ടുള്ള ആളുകൾക്ക്, അവർക്കു കിട്ടുവാനുള്ള പലിശ കിട്ടുവാനുള്ള സൌകര്യമില്ലെങ്കിൽ അതിൻെറ ഫലം നാം കൊടുത്തിരിക്കുന്ന സെക്യൂരിററിയുടെ മാർക്കററ കുറയുകയായിരിക്കും. എന്തുകൊണ്ടെന്നാൽ, ബോംബെയിലോ മദിരാശിയിലോ ഡൽഹിയിലോ മൈസൂരിലോ ഉള്ള ഒരു ഇൻവെസ്റ്റർ അയാൾക്ക് അയാളുടെ പ്രോമിസറി നോട്ടോ, ബോണ്ടോ, അനുസരിച്ചുള്ള സംഖ്യയുടെ പലിശ കിട്ടണമെങ്കിൽ തിരുവനന്തപുരത്തു വരണമെന്നുള്ള നില വരികയാണെങ്കിൽ നമ്മുടെ സെക്യൂരിററിയിൽ സംഖ്യ ഇൻവെസ്ററുചെയ്യുവാൻ ആളുകൾ ഉണ്ടാകയില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം മൂന്നാം നിയോജകമണ്ഡലത്തിലെ മെംബർ പറഞ്ഞ മാതിരി നാം റെയിസുചെയ്യുന്ന ലോണിൽ നമ്മുടെ രാജ്യത്തുള്ള ആളുകളായിരിക്കും കൂടുതൽ ഇൻവെസ്റ്റേഴ്സ്. എന്നാൽ നമ്മുടെ ബോണ്ടുകൾക്കും പ്രോമിസറിനോട്ടുകൾക്കും നാണയക്കമ്പോളത്തിൽ വളരെ നല്ല പ്രചാരം ഉണ്ടാകണമെങ്കിൽ അതു കൈമാററാനുള്ള സൌകര്യമുണ്ടാകണം. ഇപ്പോൾ ബോംബെയിൽ ഉള്ള ഒരാൾ നമ്മുടെ ഒരു ബോണ്ടോ പ്രോമിസറിനോട്ടോ വാങ്ങുന്നു എന്നുവരികിൽ ഈ ബിൽ പാസാക്കുകയാണെങ്കിൽ അയാൾക്കു അതിൻെറ പലിശ ബോംബെയിലെ റിസർവ്വ്ബാങ്കിലോ അല്ലെങ്കിൽ ബോംബെയിലെ ഏതെങ്കിലും ബാംകിലോ പോയി വാങ്ങാം. അതുപോലെ അതു മറെറാരാൾക്കു വിൽക്കണമെന്നുണ്ടെങ്കിൽ അയാളുടെ പേർ രജിസ്റ്ററിൽ നിന്നു വെട്ടി എഴുതണമെന്നുണ്ടെങ്കിൽ അതാതു സ്ഥലത്തുള്ള റിസർവ്വ്ബാങ്കിൽ ചെന്നാൽ മതി.

ശ്രീ. കെ. എ. ബാലൻ: ഒരു ബാങ്കിൻെറ ജോലിയല്ലേ ഇതു്, ഇതു ഏതു ബാങ്കിനും ചെയ്തുകൂടേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു റിസർവ്വ് ബാങ്കിനെയാണോ മറേറതെങ്കിലും ബാങ്കിനെയാണോ ഏൽപിക്കേണ്ടതു് എന്നാണ് ബഹുമാനപ്പെട്ട മെംബർ ചോദിക്കുന്നതു്. മൂന്നു നാലുകോടി രൂപ കടമെടുക്കുമ്പോൾ ആ കാര്യം മാനേജുചെയ്യുന്നതിനു ഒരു കാര്യസ്ഥൻ വേണം. നമ്മുടെ രാജ്യം ചെറുതായിരുന്നപ്പോൾ നമ്മുടെ ഫൈനാൻസു ഡിപ്പാർട്ടുമെൻറ് നമ്മുടെ പബ്ലിക് ഡെററിൻെറ കാര്യം നോക്കിയിരിക്കാം. അന്നു നാം നാണയമാർക്കററിൽ ചെന്നു കടം എടുക്കേണ്ട ആവശ്യമില്ലായിരുന്നു. ഇന്നു നാം ആൾ ഇൻഡ്യാ സെററപ്പിൽ ഇൻഡ്യയുടെ ഒരു ഭാഗമായി തീർന്നിരിക്കുകയാണ്. അതുകൊണ്ടു് ഈ വക കാര്യങ്ങളിൽ മറെറല്ലാവരും പ്രവർത്തിക്കുന്നതുപോലെ നമ്മളും പ്രവർത്തിക്കേണ്ട കാര്യമുണ്ട്. മററുള്ളവർ പ്രവർത്തിക്കുന്നതുപോലെ നമ്മളും പ്രവർത്തിച്ചില്ലെങ്കിൽ നമ്മുടെ സെക്യൂരിററിയുടെ വില കുറയും, റിസർവ്വ്ബാങ്കിനെപ്പോലെയുള്ള ഒരു

സ്ഥാപനം അതിനുവേണ്ടി പ്രവൃത്തിക്കുകയാണെങ്കിൽ അതു നമ്മുടെ ഗവൺമെൻറിനും നമ്മുടെ ഫൈനാൻസിനും വളരെ ഗുണകരമായിട്ടുള്ള ഒരു കാര്യമാണ്. അതല്ലാതെ ചിലർ സംശയിക്കുന്നതുപോലെ ഇതിൽ കേന്ദ്രത്തിൻെറ കയ്യേററമോ റിസർവ്വ്ബാങ്കിനു നമ്മുടെ ആസ്തികൾ പണയപ്പെടുത്തലോ ഒന്നും ഇല്ലെന്നു വളരെ താഴ്മയായി ഞാൻ ഈ സഭയിൽ ബോധിപ്പിക്കുന്നു. സർവ്വസാധാരണമായ ഈ കാര്യത്തെപ്പററി നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ, ഏതു കക്ഷിയിൽപ്പെട്ടവരായാലും എതിർപ്പുണ്ടാക്കുന്നതുപോലും നമ്മുടെ ഈ വക പ്രവൃത്തികൾക്കു ഹാനികരമാകുമെന്നു എനിക്കു സംശയമുണ്ട്. നമ്മുടെ ഗവമ്മെൻറിനു പബ്ളിക്ക് ഡെററ ഉണ്ടായതിനുശേഷം അതു് ഏതെങ്കിലും വിധത്തിൽ മാനേജു ചെയ്യുന്ന കാര്യത്തിൽ എല്ലാ അംഗങ്ങളും ശ്രദ്ധയുള്ളവരാണെന്നു കരുതി ഞാൻ പറയുകയാണ്. ഒന്നുകൂടി ഞാൻ ഓമ്മിപ്പിച്ചുകൊള്ളട്ടെ. നമ്മുടെ ഇടയിൽ ധാരാളം പണമുള്ളവർ അവരുടെ ചില ഉയർന്ന കാര്യങ്ങൾ നോക്കാൻ ബാങ്കിനെ ഏൽപിക്കാറുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ ധാരാളത്തിലധികം വ്യാപാരമുള്ള ആളുകൾ അവരുടെ പല കാര്യങ്ങളും മാനേജുചെയ്യുവാൻ ബാങ്കുകളെ ഏൽപിക്കാറുണ്ട്. ഗവമ്മെൻറ് തീർച്ചയായും ഇങ്ങനെയുള്ള ധനസംബന്ധമായ കാര്യങ്ങൾ മാനേജു ചെയ്യുവാൻ ബാങ്കിനെയാണ് ഏൽപിക്കേണ്ടതു്.

ശ്രീ. ടി. പി. സീതാരാമൻ: മറെറല്ലാരാജ്യങ്ങളിലും ഈ റിസർവ്വ്

3 P. M. ബാങ്കിൻെറ നിയന്ത്രണത്തിലാണോ വായ്പകൾ എടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൽക്കട്ടായിൽ അതേ, മദ്രാസിലും അങ്ങിനെതന്നെയാണ്. അഞ്ചു കോടിയും, പത്തു കോടിയും രൂപയുടെ പബ്ലിക്ക് ഡെററുകൾ മാനേജുചെയ്യുന്നതിനു് റിസർവ്വ് ബാങ്കിനെ സാദ്ധ്യമാകയുള്ളു. അതുകൊണ്ടു അവരെ ഏല്പിക്കുകയാണു ചെയ്തിട്ടുള്ളതു്. നമ്മുടെ രാജ്യത്തുള്ള ഏകദേശവല്ക്കരിച്ചിട്ടുള്ള ബാങ്കാണ് അതു്. ബ്രിട്ടീഷ് അധികാരം ഇവിടെ ഇല്ലാതെവന്നതുമുതൽ ആദ്യമായി ദേശവല്ക്കരിച്ചിട്ടുള്ള ഒരു സ്ഥാപനമാണ് റിസർവ്വ്ബാങ്ക്. അതും മുമ്പ് ഒരു ഷെയർ ഹോൾഡേഴ്സ് ബാങ്കു തന്നെയായിരുന്നു.

ശ്രീ. എം. പി. മേനോൻ: അങ്ങനെയാണെങ്കിൽ നമ്മുടെ ഫൈനാൻഷ്യൽ ട്രാൻസാക്ഷൻസ് ബാങ്കിനെ ഏല്പിക്കണമെന്നുള്ള അഭിപ്രായത്തെ അനുകൂലിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെങ്ങനെയാണ്?

ശ്രീ. എം. പി. മേനോൻ: കൊച്ചിയിൽ മുമ്പു നടത്തിവന്നിരുന്നതുപോലെ ബാങ്കുകളെ ഏല്പിക്കാമല്ലൊ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നമ്മുടെ ട്രഷറികളിലും ഗവമ്മെൻറിനു ചില വ്യവസ്ഥകൾ ഉണ്ട്. അതേപ്പററി കൂടുതൽ പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് പറയാതിരിക്കുകയാണ്.

വേറെ ഒരു സംഗതികൂടി ഓക്കണം. റിസർവ്വ്ബാങ്കു മാത്രമാണ് ദേശവല്ക്കരിച്ചിട്ടുള്ള ബാങ്ക്. ഇമ്പീരിയൽബാങ്ക്, സെൻട്രൽ ബാങ്കും ഇങ്ങനെയുള്ള ബാങ്കുകൾ ഷെയർഹോൾഡേഴ്സിൻെറ ബാങ്കാണ്,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

എന്നാൽ, ഈ ബാങ്ക് ജനങ്ങളുടെ ബാങ്കാണ്. ഇൻഡ്യാഗവമ്മെൻറിൻെറ ബാങ്കാണ്. അതുകൊണ്ടു് തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് എടുക്കുന്ന കടങ്ങളുടെ ചുമതല ഈ ബാങ്കിനെ ഏല്പിക്കണമെന്നുള്ളതാണ് ഈ ബില്ലിൽ അടങ്ങിട്ടുള്ള തത്വം. ഈ റിസവ്വ്ബാങ്ക് നമുക്കങ്ങനെ അവഗണിക്കാവുന്ന ഒരു സ്ഥാപനമല്ല. ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് പലപ്പോഴും വളരെ ഏറെ അതായതു് വേസ് ആൻറ് മീൻസ് കാര്യങ്ങൾക്കായി പണം കിട്ടുന്നതിനായിട്ട് ഈ ബാങ്കിനെ ആശ്രയിക്കേണ്ടതായി വരും. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജററിൽ പതിനേഴുകോടി രൂപ ചെലവും അത്രതന്നെ വരവും കാണിച്ചിട്ടുണ്ടെങ്കിലും അതിനേക്കാൾ എത്രയോ കൂടുതലായ സംഖ്യകൾ ചില സമയങ്ങളിൽ ചിലവഴിക്കേണ്ട സന്ദർഭങ്ങൾ വരും. വേസ് ആൻറ് മീൻസ് അഡ്വാൻസ് വേണമെങ്കിൽ അതു് ഇവിടെനിന്നാണു കിട്ടുക. അങ്ങനെ നേരിയ പലിശയിൽ ഇവിടത്തെ ക്യാപ്പിററലിസ്റ്റിക്ക് ബാങ്കുകൾക്ക് ആക്കെങ്കിലും അങ്ങനെ അഡ്വാൻസുചെയ്യുവാൻ കഴിയുമോ. അപ്പോൾ വേസ് ആൻറ് മീൻസ് ഇനത്തിൽ എവിടെനിന്നു ധനകാര്യമന്ത്രിക്ക് പണം കിട്ടും. റിസവ്വ്ബാങ്ക് അങ്ങനെ ഇൻഡ്യയിൽ വേസ് ആൻറ് മീൻസ് അഡ്വാൻസ് ഇനത്തിൽ പണം കൊടുക്കുകയാണ്. പെട്ടെന്നു ചില പോയിൻറ്സ് ആഫ് ടൈമിൽ അങ്ങനെ കൊടുക്കേണ്ടിവരും. അങ്ങനെ ഒരു കൊല്ലത്തെ ചരിത്രത്തിനിടയിൽ ചിലപ്പോൾ പോയിൻറ്സ് ആഫ് ടൈം വരും. അപ്പോൾ വേസ് ആൻറ് മീൻസ് അഡ്വാൻസായി പണം എടുക്കേണ്ട അവസരങ്ങളുണ്ടാകും. നമ്മുടെ വേസ് ആൻറ് മീൻസ് മോശമായിരുന്നാലും അതുകൊണ്ട് നമ്മുടെ ഫൈനാൻഷ്യൽ പൊസിഷൻ മോശമായിരിക്കുകയില്ല. പിന്നെ പല കാര്യങ്ങളുമുണ്ട്. അതു് തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ ഒരു കൊല്ലത്തെ ആകെയുള്ള വരുമാനത്തിൽ എത്ര വലിയ ഒരു സംഖ്യ ഭക്ഷ്യധാന്യങ്ങൾക്കായി നാം ചെലവാക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ നമുക്ക് റിസവ്വ് ബാങ്കിനെ ആശ്രയിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ആശ്രയിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലെല്ലാം അവർ സഹായിക്കുന്നുമുണ്ട്. അതുകൊണ്ടു ഈ റിസവ്വ് ബാങ്ക് എന്നു പറയുന്നതു് നമ്മെ അധികാരമില്ലാതാക്കുന്നതിനോ കടക്കാരാക്കുന്നതിനോ വന്നിട്ടുള്ള ഒരു സ്ഥാപനമാണെന്നു് ബഹുമാനപ്പെട്ട അംഗങ്ങളിൽ ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം ഒന്നു മാററണമെന്നു എനിക്കപേക്ഷയുണ്ട്.

ഇങ്ങനെയുള്ള ബില്ലുകൾ കൊണ്ടുവരുമ്പോൾ തീച്ചയായും അതിനെ സഭ മുഴുവൻ ഏകപക്ഷമായി അനുകൂലിക്കുകയാണ് ഈ സഭയുടെ അന്തസ്സിനും ഈ രാജ്യത്തിൻെറ മേന്മയ്ക്കും നല്ലതെന്നെനിയ്ക്കു തോന്നുന്നു. ഇതിനെ എതിക്കാൻ യാതൊരു കാര്യവുമില്ല. ഇതാണ് ഇതിൻെറ അവസ്ഥ. അതുകൊണ്ടു് ഞാനീബില്ലിനെ ശക്തിയായി അനുകൂലിക്കുകയാണ്. അതു കഴിഞ്ഞവർഷം ഞാൻ പ്രമേയം കൊണ്ടുവന്നതുകൊണ്ടല്ല. പഴയ കടങ്ങളും, ഇനി എടുക്കാവുന്ന കടങ്ങളും ൧൯൪൯-ലെ റൂളുകളും നിബന്ധനകളും അനുസരിച്ച് പബ്ലിക്ക് ഡെററനാണു പറയുക. ഇതു് ഒരു ഏജൻസി എഗ്രിമെൻറാണ്. ഇതു നമുക്ക് എന്നു വേണമോ മാററുകയും ചെയ്യാം. മാററണമെന്നല്ല ഞാൻ പറയുന്നതു്. അതി

നുള്ള അധികാരം നമുക്കുണ്ട്. അതുകൊണ്ട് ഈ ബില്ലിൽ അപകടമുണ്ട്, ഇതിൽ തെററുണ്ട്, ഈ ബിൽ കൊണ്ടുവരുന്നതുമൂലം ഇന്നത്തെ മന്ത്രിസഭ ഏതെങ്കിലും അധികാരം കേന്ദ്രത്തിനടിയറവയ്ക്കുന്നു എന്നൊക്കെ പറയുന്നതു് അടിസ്ഥാനരഹിതമാണെന്നറിയിച്ചുകൊണ്ട് ഞാനീബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: ഈ റിസർവ്വ് ബാങ്കിന്റെ ബ്രാഞ്ചുകൾ തിരുവിതാംകൂർ-കൊച്ചിയിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാനീബില്ലിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ കാൺസ്റ്റിററ്യൂഷൻ ൩൭൧-ാംവകുപ്പും ൨൫൨-ാംവകുപ്പും ഈ ബില്ലും വായിച്ചുനോക്കിയിട്ട് ഈ അഭിപ്രായം പറയുമായിരുന്നോ എന്ന് ബഹുമാനപ്പെട്ട ചാലക്കുടിമെംബർ പറഞ്ഞതു കേട്ടപ്പോൾ എനിക്ക് പൊട്ടക്കണ്ണൻ കോങ്കണ്ണനെ കുററം പറയുന്നു എന്നാണു തോന്നിയതു്. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഈ കാൺസ്റ്റിററ്യൂഷൻ പരിശോധിച്ചിട്ടില്ല. ആർട്ടിക്കിൾ വായിച്ചിട്ടില്ല എന്നു പറയുന്നതിനുള്ള ഔദ്ധത്യം എനിക്കില്ല എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അദ്ദേഹം ഈ കാൺസ്റ്റിററ്യൂഷൻ ൨൫൨-ം, ൩൭൧-ം ആർട്ടിക്കിളും വായിച്ചിട്ടുണ്ടെങ്കിൽ അതു് അദ്ദേഹത്തിനു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല എന്നു് ഖേദപൂർവ്വം ഈ സഭയെ അറിയിക്കുന്നു. ഈ ബിൽ ഇവിടെ ഹാജരാക്കുന്നതിനെ എതിർക്കുന്നതിനു പല കാരണങ്ങളുമുണ്ട്. ആ കാരണങ്ങളിൽ ഏതൊരു കാരണങ്ങൾകൊണ്ടാണ് എന്ന് എന്റെ ഭാഗത്തു എന്റെ പാർട്ടി അതിനു വ്യക്തമായി ഈ സഭയെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ ഈ സഭയിൽ കൊണ്ടുവരുന്നതിന് സാങ്കേതികമായ ചില കാരണങ്ങളാൽ ഞാൻ എതിർക്കുകയാണ്. സാങ്കേതികമായ കാരണങ്ങൾ എന്നു ഞാൻ പറഞ്ഞതു് ഇന്നു് സഭയിലെ ട്രഷറിബഞ്ചിൽ ഇരിക്കുന്നവർ തന്നെ ഈ ബിൽ പാസ്സാക്കുന്നതിന് സഭയ്ക്കധികാരം ഇല്ലെന്നും ഈ ബിൽ പാസ്സാക്കിയാൽ അതു് ഈ സ്റ്റേററിന്റെ അധികാരത്തിൽ കവിഞ്ഞ ഒരു പ്രവൃത്തിയാണെന്നും അതുപോലെ ഈ ബിൽ ഇപ്പോൾ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നുമാണ് എനിക്കീസഭയെ അറിയിക്കുവാനുള്ളതു്. ബഹുമാനപ്പെട്ട ചാലക്കുടി മെംബർ ഈ ബില്ലും ഫിബ്രുവരി-മാർച്ചുമാസത്തിലെ റെസലൂഷനും തമ്മിൽ ബന്ധമില്ല എന്നു പറയുമ്പോൾ അതു മനസ്സിലാക്കാൻ സാധിക്കുന്നില്ല എന്നല്ല, അതു തെററാണെന്നുതന്നെ ഞാൻ വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു.

കാൺസ്റ്റിററ്യൂഷൻ ൨൫൨-ാംവകുപ്പു അനുസരിച്ച് ഈ സഭയിൽ ഹാജരാക്കി പാസ്സാക്കിട്ടുള്ള ഒരു പ്രമേയമനുസരിച്ച് ഈ സഭയിലെ ചില അധികാരങ്ങൾ കേന്ദ്രത്തിലേയ്ക്കു് വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ ഇവിടെ ഒരു ബില്ല പ്രത്യേകമായി കൊണ്ടുവരേണ്ട ആവശ്യമില്ല. അതായതു ഭരണഘടനയ്ക്കു് കടലാസ്സിന്റെ വിലപോലും കൊടുത്തിട്ടില്ല എന്നുള്ള സംഗതി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ മറന്നുപോയിരിക്കുന്നു എന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഏ. താണുപിള്ള: ഈ അധികാരം എങ്ങനെ വിട്ടുകൊടുത്തു എന്നാണ് ബഹുമാനപ്പെട്ട മെംബർ പറയുന്നതു്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: നമ്മുടെ അധികാരം എങ്ങനെ കളഞ്ഞു എന്നാണു ചോദിക്കുന്നതു്. സർ, ൧൯൫൨ മാർച്ചിൽ ഇന്നു പ്രതിപക്ഷ നേതാവായിരിക്കുന്ന അന്നത്തെ ഫൈനാൻസുമന്ത്രി കൊണ്ടുവന്നു പാസ്സാക്കിയതും ഇന്നത്തെ പ്രധാനമന്ത്രി ഉൾപ്പെടെ ആളുകൾകൂടി പാസ്സാക്കിയതുമായ ഒരു പ്രമേയത്തിലേക്കു് ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കുകയാണു്. അതിൽ പറഞ്ഞിരിക്കുന്നതു്:

> "Now, therefore, this House hereby resolves, in pursuance of Article 252 of the Constitution of India, that the matters dealt with in the Act aforesaid shall be regulated, in the State of Travancore-Cochin, by Act of Parliament, in so far as Government securities issued by the State Government etc."

ശ്രീ. എ. താണുപിള്ള: അതിനെ റദ്ദുചെയ്യുന്നതിനു പാർലമെന്റു നടപടി നടത്തിയെന്നല്ലാതെ നമ്മുടെ അവകാശം വിട്ടുകൊടുത്തു എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ കാൺസ്റ്റിറ്റ്യൂഷൻ എഴുതിവച്ചിരിക്കുന്ന ഭരണഘടനയാണു്. അതിൽ ഓരോ പാർലമെന്റിലുള്ള അധികാരങ്ങൾ എന്താണെന്നു വ്യക്തമായിട്ടു രേഖപ്പെടുത്തിയിട്ടുണ്ടു്. സർ, നമ്മുടെ ഷെഡ്യൂൾ ൭-ാം പ്രകാരം എടുക്കുന്ന പബ്ലിക്ക് ഡെറ്റിനെപ്പറ്റി ആർട്ടിക്കിൾ ൨൫൨-ൽ അങ്ങനെയുള്ള അധികാരങ്ങൾ റസല്യൂഷൻകൊണ്ടു് പാർലമെന്റിലേക്കു് മാറ്റുന്നതിനു് നമുക്കു അധികാരമുണ്ടെന്നു പറയുന്നുണ്ടു്. സർ, അങ്ങനെ മാറ്റിക്കഴിഞ്ഞാൽ പാർലമെന്റു് അതു സ്വീകരിച്ചു് അതനുസരിച്ചു പ്രവർത്തിച്ചില്ലെങ്കിൽ ആ റസല്യൂഷൻ മടങ്ങിവരുമെന്നുള്ളതിനെതിരായി ഒരാർട്ടിക്കിൾപോലും പറയുന്നില്ല സർ. ഞങ്ങൾ എന്തു പറഞ്ഞാലും തെറ്റാണെന്നും അതിനെതിരു പ്രവർത്തിക്കുന്നതിനു്...

ശ്രീ. എ. താണുപിള്ള: ഈ പ്രമേയമനുസരിച്ചു് പാർലമെന്റു് നിയമമുണ്ടാക്കിയാൽ ഈ അസംബ്ലിക്കു് ഭേദഗതി ചെയ്യാമോ റദ്ദുചെയ്യാമോ അവകാശമില്ലെന്നല്ല ഇവിടെ പാസ്സാക്കിയ പ്രമേയം. നമുക്കു് അതനുസരിച്ചു് നിയമമുണ്ടാക്കിക്കൂടെന്നു ഭരണഘടനയിൽ വല്ലതും പറയുന്നുണ്ടോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇവിടെ ഒരു റസല്യൂഷൻ പാസ്സാക്കുന്നതിനായിട്ടു് ബഹുമാനപ്പെട്ട ഫൈനാൻസുമന്ത്രി പറഞ്ഞു പെട്ടെന്നു് ഇതു പാസ്സാക്കിയില്ലെങ്കിൽ പാർലമെന്റിൽ ഈ അധികാരം എടുക്കുമെന്നു്, പിന്നീടു പാസ്സാക്കിയ ഉടനെ പറഞ്ഞു അതു വേണ്ടാ എന്നു്.

ഒരു ദിവസം ഒരു വിധത്തിൽ പ്രസംഗിക്കുക, മറ്റൊരു ദിവസം മറ്റൊരു വിധത്തിൽ പ്രസംഗിക്കുക. ഇന്നത്തെ പ്രധാനമന്ത്രി ഇപ്പോൾ പറയുന്ന പാർലമെന്റു ഇതുവരെ നമ്മുടെ പ്രമേയം സ്വീകരിച്ചിട്ടില്ലായെന്നു്. ഇതിന്റെ അർത്ഥമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട തിരുവാർപ്പു മെമ്പർ ഒന്നുകിൽ ഞാൻ പറഞ്ഞതു ശരിക്കു മനസ്സിലാക്കിയില്ല, അല്ലെങ്കിൽ ഞാൻ പറഞ്ഞതിനെ ദുർവ്യാഖ്യാനം ചെയ്യുന്നുവെന്നു പറ

യേണ്ടിയിരിക്കുന്നു. ഭരണഘടനാ 252-ാംവകുപ്പിൽ അതിന്റെ ഉദ്ദേശമെന്താണെന്നു് വ്യക്തമായി പറയുന്നുണ്ടു്. അതിൽ പറയുന്നതു് ഇങ്ങനെയാണു്.

> "It shall be lawful for Parliament to pass an Act for regulating that matter accordingly.............."

അപ്പോൾ പാർലമെന്റിനു ഈ വിഷയത്തെപ്പററി നിയമനിർമ്മാണം ചെയ്യുന്നതിനുള്ള അധികാരം നാം വിട്ടുകൊടുക്കുകയാണു് ചെയ്യുന്നതു്.

<u>ശ്രീ. കെ. ബാലകൃഷ്ണൻ</u>: സർ, ഒരു പായിൻറു് ആഫു് ആർഡർ. ഇതെന്താണെന്നു മനസ്സിലായില്ല. ബഹുമാനപ്പെട്ട മെമ്പർ ഒരു ചോദ്യം ചോദിക്കുകയാണോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ഒരു ചെറിയ എക്സ്പ്ലനേഷൻ കൊടുക്കുകയാണു്. അതു് ബഹുമാനപ്പെട്ട തിരുവാർപ്പുമെമ്പർക്കു് വിരോധമാകുകയില്ലെന്നു വിശ്വസിക്കുന്നു.

സർ, ആ വകുപ്പിൽ റസലൂഷൻ പാസായാൽ,

> "If resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful............"

എന്നാണു് പറയുന്നതു്. അങ്ങനെയൊരു റസലൂഷൻ ഈ വകുപ്പിനുണ്ടായിരുന്നില്ലെങ്കിൽ ഷെഡ്യൂളിന്റെ കിടപ്പുകൊണ്ടു് പാർലമെൻറു നിയമനിർമ്മാണം ഉണ്ടാക്കിയാൽ അതിനു നിയമസാധുത്വം ഉണ്ടായിരിക്കുകയില്ല. കഴിഞ്ഞ തവണ പ്രമേയം പാസായതുകൊണ്ടു്"

എന്നു മാത്രമേ ഉള്ളൂ. പാർലമെൻറു നിയമമുണ്ടാക്കിയാൽ സ്റ്റേററിനു പ്രവേശനമില്ലാതെ വരുന്നതു് 252-ലെ രണ്ടാംഉപവകുപ്പു അനുസരിച്ചാണു്. ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുന്നതു് നിയമത്തിനു തടസ്ഥമല്ലെന്നു അതുകൊണ്ടു കാണാവുന്നതാണു്.

<u>ശ്രീ. എൻ. രാഘവക്കുറുപ്പു്</u>: പാർലമെൻറിനു ഇതു സംബന്ധിച്ചു് നിയമം ഉണ്ടാക്കാനുള്ള അധികാരം ഒരു പ്രമേയം മുഖേന നാം വിട്ടുകൊടുത്തിരിക്കുന്നതുകൊണ്ടു് ഈ നിയമസഭയിൽ പാസ്സാക്കാൻ അധികാരമുണ്ടോയെന്നുള്ളതിനെപ്പററിയാണു് എനിക്കു് സംശയമുള്ളതു്. പിന്നെ, ദുർവ്യാഖ്യാനത്തെപ്പററി പറയുന്നു. ദുർവ്യാഖ്യാനമെന്നതു് ബഹുമാനപ്പെട്ട ചാലക്കുടി മെംബറിന്റെ കുത്തകമാത്രമല്ലെന്നു ഓർമ്മിക്കേണ്ടതാണു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: എന്നു പറഞ്ഞതിന്റെ അർത്ഥം ഈ സമയത്തു ബഹുമാനപ്പെട്ട മെംബർ ദുർവ്യാഖ്യാനംചെയ്യാൻ പോകുന്നുവെന്നാണോ? ചാലക്കുടി മെംബറിന്റെ മാത്രമല്ല ദുർവ്യാഖ്യാനത്തിന്റെ കുത്തക, തിരുവാർപ്പുമെംബറിന്റെ കൂടിയാണു് എന്നാണല്ലോ പറഞ്ഞതു്.

<u>ശ്രീ. എൻ. രാഘവക്കുറുപ്പു്</u>: അപ്പോൾ ദുർവ്യാഖ്യാനത്തിന്റെ കുത്തക ചാലക്കുടി മെംബർക്കു മാത്രമല്ലായുള്ളതു്, പുത്തനാപുരം മെംബർക്കും കൂടിയുണ്ടു്.

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, ൧൯൫൩ മാർച്ചിൽ ഒരു റസല്യൂഷൻ പാസാക്കിയതിനുശേഷം വീണ്ടും ഇപ്രകാരം ഒരു നിയമം ഈ സഭയുടെ മുമ്പിൽ കൊണ്ടുവരുന്നതിനോ, ചർച്ചചെയ്യുന്നതിനൊ, പാസാക്കുന്നതിനോ അധികാരമില്ല. രണ്ടാമതായി എനിക്കു പറയുവാനുള്ളത് ൧൯൪൪-ലെ ഇൻഡ്യൻ പബ്ലിക്ക്ഡെറ്റ് ആക്റ്റ് ഇന്ന് തിരുവിതാംകൂർ-കൊച്ചിയിലും നടപ്പിലിരിക്കുന്നുവെന്നാണ്. കാരണം ഈ നിയമം കാൺസ്റ്റിറ്റ്യൂഷൻ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് ഇൻഡ്യാഗവണ്മെൻറു ഉണ്ടാക്കിയിട്ടുള്ള ഒരു നിയമമാണ്. അങ്ങനെയൊരു നിയമം ഇൻഡ്യാഗവണ്മെൻറ് ഉണ്ടാക്കിയാൽ ഭരണഘടന ൩൭൨-ാംവകുപ്പിൻപ്രകാരം അതു് സാധുവായിരിക്കുന്നതാണ്. ൩൭൨-ാം വകുപ്പിൽ പറയുന്നതു് ഇങ്ങനെയാണ്:

"Notwithstanding the repeal by this Constitution of the enactments referred to in article 395 but subject to the other provisions of this Constitution, all the law in force in the territory of India immediately before the commencement of this Constitution shall continue in force."

ഭരണഘടനാനിയമം നടപ്പിൽ വരുത്തുന്നതിനുമുമ്പ് പാർലമെൻറു പാസാക്കിയിട്ടുള്ള എല്ലാ നിയമങ്ങളും, അതു് ഭരണഘടനാനിയമങ്ങൾക്ക് വിരുദ്ധമല്ലാത്തിടത്തോളം കാലം നിലവിലിരിക്കുന്നുവെന്നാണ്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ കഴിഞ്ഞ പ്രാവശ്യം ഈ അസംബ്ലിയിൽക്കൂടി പാസാക്കിയെടുത്തു. റെസല്യൂഷൻെറ ഒരുഭാഗം ഞാനിവിടെ വായിക്കാം.

"The said Public Debt Act has been amended to make its provisions also applicable to securities issued by the States specified in Part A of the First Schedule to the Constitution of India."

അതായതു്, ൧൯൪൪-ലെ ആക്റ്റനുസരിച്ച് ൧൯൫൨-ൽ ഇൻഡ്യയിലെ ഏഴു സംസ്ഥാനങ്ങളിൽ നിയമപ്രാബല്യം വന്നിരിക്കുകയാണ്. അങ്ങനെ നിയമപ്രാബല്യം വന്നതു് ൨൫൨-ാംവകുപ്പനുസരിച്ച് ഈ റസല്യൂഷൻ ഈ അസംബ്ലിയിൽ പാസ്സാക്കിയതുകൊണ്ടായിരിക്കണം. അതിനുശേഷം ആ രാജ്യങ്ങൾക്ക് ഇതു് നിയമമായി തീർന്നിട്ടുണ്ട്. പബ്ലിക്ക്ഡെറ്റ് ആക്റ്റ് ൨൫൨-ാംവകുപ്പു അനുസരിച്ച് റസല്യൂഷൻ പാസാക്കിയിരിക്കുന്ന നിലയ്ക്കു് നമ്മുടെ രാജ്യത്തും അതു് നിയമമായി തീർന്നിരിക്കുകയാണ്. ൨൫൨-ാംവകുപ്പിൽ ഇങ്ങനെ പറയുന്നു:

"If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the State except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses

of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly............ and any Act so passed shall apply to such States and to any other State......"

അസംബ്ലിയിൽ റസല്യൂഷൻ പാസ്സാക്കുന്നതിനുമുമ്പ് നിയമമായില്ലെങ്കിൽതന്നെയും ഇതിൻപ്രകാരം റസല്യൂഷൻ പാസാക്കിയതുകൊണ്ട് ൧൯൪൪-ലെ പബ്ലിക്ക് ഡെറ്റ് ആക്റ്റ് ഈ രാജ്യത്തെ നിയമംകൂടിയായിതീർന്നിട്ടുണ്ട്. പാർലമെൻറിൽ നിയമിച്ചിട്ടുള്ള ഒരു നിയമത്തോടു തുല്യം പ്രാബല്യം അതിനുണ്ട്. അങ്ങനെയൊരു നിയമനിർമ്മാണം കഴിഞ്ഞാൽ പിന്നെ പാർലമെൻറിനു പുതിയനിയമം ഉണ്ടാക്കേണ്ടയാവശ്യമില്ല. ൧൯൫൨ മാർച്ചുമാസത്തിൽ ഇൻഡ്യയിൽ ഏഴു സംസ്ഥാനങ്ങളിൽ നിലവിൽ വന്നിട്ടുള്ള പബ്ലിക്ക് ഡെററ് ആക്റ്റ്, അതിനുശേഷം ഏതെങ്കിലും സംസ്ഥാനഅസംബ്ലി ഭരണഘടന ൨൫൨-ാംവകുപ്പു അനുസരിച്ച് ഒരു റസല്യൂഷൻ പാസാക്കുന്നപക്ഷം അവിടെയും അന്നുമുതൽ നിയമം ആകുമെന്നാണ് ഈ വകുപ്പുപറയുന്നതു്. ഈ പ്രമേയം ൧൯൫൨ മാർച്ചിൽ ഈ രണ്ടു സംസ്ഥാനങ്ങളെയും മാത്രമല്ല അനേകം സംസ്ഥാനങ്ങളിൽ പാസാക്കിയിട്ടുണ്ട്. അങ്ങനെ അതു് നിയമമായിട്ടും ഉണ്ട്. അതിനാൽ അപ്രകാരം നിയമമായിട്ടുള്ള ഇൻഡ്യൻ പാർലമെൻറിലെ ഒരു നിയമം, മററു സംസ്ഥാനങ്ങളിൽ അംഗീകരിച്ചിട്ടുള്ള ആ നിയമം, പുതിയതായി രണ്ടിൽ കൂടുതൽ സംസ്ഥാനങ്ങളിൽ നിയമമായിട്ടുണ്ടെങ്കിൽ, മൂന്നാമത്തെ സംസ്ഥാനത്തു അതൊരു നിയമമാക്കണമെങ്കിൽ പാർലമെൻറു പുതിയതായി ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യമില്ലെന്നും, മുമ്പുണ്ടാക്കിയിരിക്കുന്ന നിയമംതന്നെ ഈ സംസ്ഥാനത്തിനു യോജിക്കുമെന്നും പറയുന്ന സ്ഥിതിക്ക് ഇങ്ങനെ ഒരു ബില്ലുകൊണ്ടുവന്നതു് അജ്ഞതകൊണ്ടാണെന്നു ഞാൻ പറയുന്നില്ലെങ്കിലും തെററിദ്ധാരണകൊണ്ടാണെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോടും അതിനുവേണ്ട ഉപദേശം കൊടുക്കുന്നതിനു സദാ തയ്യാറായിരിക്കുന്ന പ്രതിപക്ഷനേതാവിനോടും ഞാൻ അപേക്ഷിക്കുന്നു. അതിനവർ തയ്യാറില്ലെങ്കിൽ ഈ ബിൽ തള്ളിക്കളയണമെന്ന് ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നു.

Shri Chengarapalli P. Narayanan Potti : Sir, shall we have the benefit of the Advocate-General's opinion on this matter at this stage ?

Shri A. Thanu Pillai : Opinion on what ?

Shri Chengarapalli P. Narayanan Potti : On the legal and constitutional position of the Public Debt Bill now under discussion.

Mr. Speaker : Since the House wants the opinion of the Advocate-General, he can speak.

അഡ്വക്കേറ്റ്-ജനറൽ : സർ, നിയമപരമായി ഈ ബില്ല് പരിശോധിക്കുന്നപക്ഷം ഇതിൽ പ്രതിപക്ഷനേതാക്കന്മാരും വേറെ ചില ബഹുമാനപ്പെട്ട മെംബറന്മാരും സംശയിക്കുന്നതുപോലെ വലുതായ തെറ്റുകളോ നിയമപരമായ അബദ്ധങ്ങളോ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ഭരണഘടനയിലെ ൨൫൨-ാം വകുപ്പു അനുസരിച്ച് ഇതിനു മുമ്പ് ഒരു പ്രമേയം ഈ സഭയിൽ പാസാക്കിയിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെംബറന്മാർക്ക് അറിവുള്ളതാണ്. ൨൫൨-ാം വകുപ്പു അനുസരിച്ച് ചില മാന്യമെംബർമാർ പറയുന്നതുപോലെ അതിന്റെ വ്യാപ്തി എന്താണെന്നാണു നോക്കേണ്ടതു്. ൨൫൨-ാം വകുപ്പിൽ പറയുന്നതു്;

> "If it appears to the Legislatures of two or more States to be desirable that any of the matters with respect to which Parliament has no power to make laws for the States except as provided in articles 249 and 250 should be regulated in such States by Parliament by law, and if resolutions to that effect are passed by all the Houses of the Legislatures of those States, it shall be lawful for Parliament to pass an Act for regulating that matter accordingly, and any Act so passed shall apply to such States and to any other State by which it is adopted afterwards by resolution passed in that behalf by the House or, where there are two Houses, by each of the Houses of the legislature of that State,"

എന്നാണ്. ഈ ഭരണഘടനയുടെ രണ്ടാം ഷെഡ്യൂൾ അനുസരിച്ചു ഓരോ സ്റ്റേറ്റിന്റെയും, അല്ലെങ്കിൽ പ്രവിശ്യയുടെയും പ്രത്യേക അധികാരത്തിന്റെ വ്യാപ്തി എത്രയുണ്ടെന്നുള്ളതിനെപ്പറ്റി നിയമം നിർമ്മിക്കുന്നതിനുള്ള അവകാശം അതാതു് സംസ്ഥാനത്തിനുതന്നെ ഉണ്ടായിരിക്കുന്നതാണ്. ഒരു ഫെഡറൽ കാൺസ്റ്റിട്യൂഷന്റെ സ്വഭാവമനുസരിച്ച് ഓരോ പ്രവിശ്യക്കും വിട്ടുകൊടുത്തിട്ടുള്ള അധികാരത്തിൽ കേന്ദ്രഗവണ്മെന്റ് പ്രവേശിക്കുന്നുണ്ടെങ്കിൽ അതാതു സംസ്ഥാനത്തുള്ള നിയമസഭയുടെ ആനുകൂല്യവും സമ്മതവും ഇല്ലാതെ അങ്ങനെ പ്രവേശിക്കാൻ പാടില്ല. അതിലേയ്ക്കു ഒരു ഉപാധിയായിട്ടു് വച്ചിട്ടുള്ള ഒരു വകുപ്പാണ് ൨൫൨. ആ വകുപ്പു അനുസരിച്ച് ഓരോ സംസ്ഥാനത്തുമുള്ള നിയമസഭകൾക്കും, അതിലേക്കുവേണ്ടി കേന്ദ്രത്തിനെ അധികാരപ്പെടുത്തി ഒരു പ്രമേയം പാസാക്കിയല്ലാതെ വിട്ടുകൊടുത്തിട്ടുള്ള വിഷയങ്ങളെസംബന്ധിച്ചു കേന്ദ്രഗവണ്മെന്റിനു പ്രവേശിക്കാൻ അർഹതയില്ല. അല്ലാതെ പ്രവേശിച്ചാൽ അതു് നിയമപരമായ ഒരു തെറ്റായിരിക്കും. പിന്നെ നമ്മുടെ നിയമസഭയിൽ എന്താണ് നടന്നതു്? ൨൫൨-ാം വകുപ്പു അനുസരിച്ച് അതിലേക്കു കേന്ദ്രത്തിൽനിന്നും ഒരു ചട്ടം ഉണ്ടാക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഒരു സമ്മതമാണ് കഴിഞ്ഞതവണ നിയമസഭയിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. ആ സമ്മതത്തെത്തുടർന്നു ഒരു നിയമം കേന്ദ്രത്തിൽനിന്നും പാസാക്കിട്ടില്ലായെന്നുള്ളതു പരമാർത്ഥമാണ്. അങ്ങനെ പാസാക്കിയിട്ടില്ലാത്തിടത്തോളംകാലം ഭാവിയിൽ വരാൻപോകുന്ന നിയമം ഒന്നിനെയും ബാധിക്കുകയില്ലായെന്നുള്ളതിനു സംശയമില്ല. മേലാൽ കേന്ദ്ര

ത്തിൽനിന്നും ഈ ഭാരം ഏറെറടുത്തു് അവർ ഒരു നിയമം ഉണ്ടാക്കുന്നതുവരെ ഈ സഭയുടെ പരമാധികാരം ആ വിഷയത്തിൽ നഷ്ടപ്പെട്ടിട്ടില്ലെന്നു കാണാവുന്നതാണു്. ൨൫൨-ാം വകുപ്പു അനുസരിച്ചു് ചില അധികാരങ്ങൾ കേന്ദ്രത്തിലേക്കു വിട്ടുകൊടുത്തിട്ടുണ്ടു്. ആ അധികാരം കേന്ദ്രം ഏറെറടുക്കുകയോ അതിനുവേണ്ടി ഏതെങ്കിലും നിയമം പ്രാബല്യത്തിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു് പബ്ലിക് ഡെററ് ഓഫ് സ്റ്റേററ് എന്ന ഒരു വിഷയത്തെപ്പററി നിയമനിർമ്മാണം ചെയ്യുന്നതിനു ഈ സഭയ്ക്കു പരമാധികാരം ഉണ്ടെന്നുള്ളതിനെപ്പററി രണ്ടുപക്ഷത്തിനു അവകാശമില്ല. കേന്ദ്രത്തിൽ നിന്നും ഇതുസംബന്ധിച്ചു് ഒരു ചട്ടം പാസാക്കുകയാണെങ്കിൽ നമ്മുടെ ഗവണ്മെൻറിൻെറ അധികാരത്തിനു് ഏതെങ്കിലും തരത്തിൽ ഹാനി ഉണ്ടാകുമോ എന്നുള്ള പ്രശ്നം തന്നെ ഉദിക്കുന്നില്ല.

ശ്രീ. എം. പി. മേനോൻ: നാം ഈ പ്രമേയം പാസാക്കിയിട്ടുള്ള സ്ഥിതിക്കു് അതനുസരിച്ചു് ഒരു ചട്ടമുണ്ടാക്കുവാനുള്ള അധികാരം കേന്ദ്രത്തിനില്ലേ?

അഡ്വക്കേററ് ജനറൽ: ഉണ്ടു്. മി. മേനോൻ പറഞ്ഞതുപോലെ അധികാരം വിട്ടുകൊടുത്തിരിക്കുന്ന സ്ഥിതിക്കു് കേന്ദ്രത്തിനു് ആ അധികാരം ചെലുത്താം എന്നുള്ളതിനെപ്പററി സംശയമില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ ബില്ല് പാസാക്കുന്നപക്ഷം മുമ്പു പാസാക്കിയിട്ടുള്ള പ്രമേയത്തിൻെറ സാരാംശത്തിനു് ഇതു് വിരുദ്ധമാകുകയില്ലേ?

അഡ്വക്കേററ് ജനറൽ: ഇല്ല. അതായതു് നാം പ്രമേയം പാസാക്കിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിൽ കൊണ്ടുവരാത്തിടത്തോളം കാലം ഈ ഗവണ്മെൻറിൻെറ അധികാരസീമക്കു് യാതൊരു ഹാനിയും ഉണ്ടാകുന്നതല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആ പ്രമേയം ഈ ബില്ലിൻെറ പ്രവർത്തനത്തെ ബാധിക്കുകയില്ലേ?

അഡ്വക്കേററ്-ജനറൽ: ആ പ്രമേയത്തിൻെറ പ്രാബല്യം ഒരു ചട്ടം ഉണ്ടാകുന്നതുവരെ മാത്രമെ ഇരിക്കുകയുള്ളു. പക്ഷേ കേന്ദ്രത്തിൽനിന്നും പ്രമേയമനുസരിച്ചുള്ള ഒരു ചട്ടം പാസാക്കുകയാണെങ്കിൽ അതിൽ കവിഞ്ഞ ഒരു അധികാരം ഈ സഭക്കുണ്ടാകുകയില്ലെന്നു മാത്രമേയുള്ളു.

ശ്രീ. കെ. ബാലകൃഷ്ണൻ: പ്രമേയം പാസാക്കിയിട്ടുള്ള സ്ഥിതിക്കു് ൧൯൪൪-ലെ പബ്ലിക്ക് ഡെററ് സംബന്ധിച്ചുള്ള സെൻട്രൽ ആക്ററ് നമുക്കു് ബാധകമാണോ?

അഡ്വക്കേററ്-ജനറൽ: അല്ല. പ്രമേയമനുസരിച്ചുള്ള നിയമം പാസാക്കുന്നതുവരെയും നമുക്കു് പ്രത്യേകമായി ബില്ല് പാസാക്കി എടുക്കുവാനുള്ള അധികാരമുണ്ടു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഈ ബില്ല് ഇപ്പോൾ കൊണ്ടുവരുവാനുള്ള ആവശ്യമുണ്ടോ എന്നുള്ളതിനെസംബന്ധിച്ചാണു്. ഈ അടുത്തകാലത്തു് ഒരു ബില്ല് കേന്ദ്രത്തിൽനിന്നും പാസാക്കിയിട്ടില്ലാത്ത

[അഡ്വക്കേററ്-ജനറൽ]

സ്ഥിതിക്ക്, പക്ഷെ അങ്ങനെ ഇങ്ങനെ ഒരു നിയമം കേന്ദ്രഗവണ്മെൻറിനു ഉണ്ടാക്കുവാനുള്ള അധികാരം നാം വിട്ടുകൊടുത്തിരിക്കുന്ന സ്ഥിതിക്ക് ഈ ബില്ലിൻെറ ആവശ്യം ഇപ്പോൾ ഉണ്ടോ എന്നു് ചില ബഹുമാനപ്പെട്ട മെമ്പറന്മാർ സംശയിക്കുന്നുണ്ട്. ൧൯൪൪-ലെ പബ്ലിക്കഡെററ് ആക്ററിനെ സംബന്ധിച്ചിടത്തോളം, നിയമം പാസാക്കുവാനുള്ളവകാശവും സ്വാതന്ത്ര്യവും കേന്ദ്രഗവണ്മെൻറിനുണ്ട്. ഭരണഘടനയിലെ ൯൬, ൯൭ ൧ ഈ വകുപ്പുകളുടെ വ്യാപ്തിയെപ്പററി ചില ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിച്ചതു കേട്ടു. അവയുടെ വ്യാപ്തി എന്താണെന്നു സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം മുമ്പ് ഗവർണർമാരുടെ പ്രവിശ്യകളുമായിരുന്ന ചില പ്രവിശ്യകളിൽ മുമ്പ് ഉണ്ടായിരുന്ന ചില നിയമങ്ങൾ ഊർജ്ജിതത്തിൽ ഇരിക്കണമെന്നുള്ള ഉദ്ദേശത്തിലാണ് അവ ഏർപ്പെടുത്തിയിട്ടുള്ളതു്. ൧൯൩൫-ലെ ഇൻഡ്യാഗവണ്മെൻറിൻെറ നിയമം നമുക്ക് ബാധകമല്ല. ഈ രാജ്യത്താണെങ്കിൽ മുമ്പ് നിലവിലിരുന്ന നിയമങ്ങൾ തന്നെ ഭേദപ്പെടുത്തുന്നതുവരെ പ്രാബല്യത്തിൽ ഇരിക്കുന്നതാണ്. അതിനാൽ ഈ കാര്യത്തിൽ സകല അവകാശങ്ങളും അധികാരങ്ങളും ചെലുത്തുന്നതിന് ഈ ഗവണ്മെൻറിനു സ്വാതന്ത്ര്യമുണ്ട്. ഈ ബില്ലിൻെറ ആവശ്യത്തെക്കുറിച്ചു പറയുകയാണെങ്കിൽ റിസർവ്വ്ബാങ്കിന് നാം ചില അധികാരങ്ങളും അവകാശങ്ങളുമെല്ലാം കൊടുത്തിട്ടുണ്ട്; ഓരോ സ്ഥലത്തേയും പബ്ലിക്കഡെററ് ശരിയായി നിർണ്ണയിക്കുന്നതിനുവേണ്ടി ഒരു ബാങ്കർ എന്നുള്ള നിലയിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിന് ചില അധികാരങ്ങൾ വിട്ടുകൊടുക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ രാജ്യത്തിൻെറ ആവശ്യത്തിനുതന്നെ ചിലപ്പോൾ രണ്ടോ മൂന്നോ കോടി രൂപ കടമെടുക്കുന്നു എന്നു വിചാരിക്കുക. ഈ കടം സംബന്ധിച്ചു് പുറമെയുള്ള ആളുകളുമായി സമ്പർക്കം ഏർപ്പെടുത്തി, ഇന്നയിന്ന പലിശ നൽകണം, ഇന്നയിന്നസ്ഥലത്തു് പലിശ വാങ്ങിക്കാം, അതിനു ഇന്നയിന്നതരത്തിലുള്ള എഗ്രിമെൻറ് വേണ്ടും ആവശ്യമുണ്ട്, അങ്ങനെയുള്ള കാര്യങ്ങൾ നിർണ്ണയിക്കുന്നതിന് ഒരു സ്ഥാപനം ആവശ്യമാണ്. അങ്ങനെയുള്ള അധികാരങ്ങളാണ് ഇപ്പോൾ റിസർവ്വ്ബാങ്കിനു നൽകിയിട്ടുള്ളതു്. അങ്ങനെ ഒരു ബാങ്കിന് ഇങ്ങനെയുള്ള അധികാരങ്ങൾ വിട്ടുകൊടുത്തതുകൊണ്ട് പ്രയോജനമുണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിൽ ധനതത്വശാസ്ത്രവിദഗ്ദ്ധന്മാരുടെ അഭിപ്രായം ചോദിക്കണമെന്നല്ലാതെ വെറും പരിമിതമായ നിയമജ്ഞാനം മാത്രമുള്ള എനിക്ക് പറയാവുന്നതല്ല. ഏതായാലും ഇങ്ങനെ ഒരു സ്ഥാപനത്തിൻെറ ആവശ്യമുണ്ട്. ഈ ആക്ററിനു അനുബന്ധമായി കൊള്ളിച്ചിട്ടുള്ള ഏ ഷെഡ്യൂൾ അനുസരിച്ചു്, ഏ സ്റ്റേററുകളെ സംബന്ധിച്ചിടത്തോളം ഈ ഡെററുകളുടേയും മററും പരിപാലനത്തിനുവേണ്ടി ഒരു സ്ഥാപനമായി കൊള്ളിച്ചിട്ടുള്ളതു് റിസർവ്വ്ബാങ്കാണ്. ഈ റിസർവ്വ് ബാങ്കിനെ ബാങ്കേഴ്സായി നിയമിച്ചതിൻെറ ഉദ്ദേശം, നമ്മുടെ രാജ്യത്തുള്ള ആളുകൾക്കുതന്നെ കടംകൊടുത്തതു് തിരിയെ കൊടുക്കുവാനുള്ള മാർഗ്ഗങ്ങൾ സുകരമാക്കുന്നതിനാണ്. മദ്രാസ്സ്, സെൻട്രൽപ്രോവിൻസസ് മുതലായ സംസ്ഥാനങ്ങൾ പബ്ലിക്ക്ഡെററ്സ് ഫ്ളോട്ടുചെയ്തിട്ടുമുണ്ട്. പക്ഷെ, നാമും ഇങ്ങനെ ഫ്ളോട്ടുചെയ്യുകയാണെങ്കിൽ അതിനെക്കുറിച്ചുള്ള നിയന്ത്രണങ്ങളെല്ലാം ഒരു സ്ഥാപനത്തിനു കൊടുക്കേണ്ടിവരും.

അതാണ് റിസർവ്വ്ബാങ്ക്. ഇപ്പോൾ ഈ അധികാരങ്ങൾ കൊടുത്തിരിക്കുന്നതു് മൂന്നുകൊല്ലകാലാവധി വച്ചാണ്. അതു കഴിഞ്ഞാൽ അവരുമായിട്ടുള്ള എഗ്രിമെൻറ് ഭേദപ്പെടുത്തുന്നതിനു നമുക്കധികാരമുണ്ടു്. ഈ കാര്യങ്ങളെല്ലാം പര്യാലോചിക്കുകയാണെങ്കിൽ ഈ ബില്ലു കൊണ്ടുവന്നിരിക്കുന്നതു് ആവശ്യമാണെന്നാണ് എൻെറ വിനീതമായ അഭിപ്രായം. കൂടുതൽ കാര്യങ്ങൾ പറഞ്ഞു് ഈ സഭയുടെ സമയം ദുരുപയോഗപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. കെ. മഞ്ജുനാഥപ്രഭു: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഇന്നു് തിരുവിതാംകൂർ കൊച്ചിയിൽ പബ്ലിക്ക് ഡെററ് സംബന്ധിച്ചുള്ള ഒരു ഓർഡിനൻസ് നിലവിലിരിപ്പുണ്ടു്. ആ ഓർഡിനൻസ് അനുസരിച്ചുള്ള ഒരു ബില്ലാണ് ഇപ്പോൾ ഇവിടെ അവതരിപ്പിക്കുന്നതു്. ഈ ബില്ലിൻെറ ആവശ്യകതയെപ്പററിയും സാധുതയെപ്പററിയും ചില ബഹുമാനപ്പെട്ട മെംബറന്മാർ സംസാരിക്കുകയുണ്ടായി. ഈ ബില്ലിൻെറ objects and reasons എന്നു പറയുന്ന ഭാഗത്തു് വിശദമായി പറഞ്ഞിട്ടുള്ളതു് സഭയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു:

> "It was considered desirable that the Reserve Bank of India should be entrusted with the management of the securities issued by the Government and of the Public Debt of the State. An agreement was accordingly entered into with the Reserve Bank. In order to enable the Reserve Bank to perform the duties in connection with the management of the Government securities and of the public debt of the State, it was necessary to make the provisions of the Public Debt Act, 1944 (Central Act XVIII of 1944) applicable to this State. To give effect to this proposal, legislation by Parliament was considered desirable and accordingly the State Legislative Assembly passed a resolution under Article 252 of the Constitution to enable Parliament to enact the necessary law. It was not however possible for Parliament to do so and in the meantime Government had to raise a loan of three crores of rupees for financing the State Development Scheme envisaged in the Five Year Plan. Since all duties in connection with the raising of new loans have to be performed by the Reserve Bank, it was necessary to make the provisions of the Public Debt Act, 1944 applicable to the Government securities issued for the purpose referred to above. For this purpose, His Highness the Rajpramukh promul-

[ശ്രീ. കെ. മഞ്ജനാഥപ്രഭു]

> gated the Travancore-Cochin Public Debt Ordinance III of 1953 which was later on replaced by Ordinance V of 1953. The Bill is intended to replace Ordinance V of 1953 by an Act of the Legislature."

എന്നാണ് ഇതിന്റെ ഉദ്ദേശമെന്നു പറയുന്നു. റിസർവ്വ് ബാങ്കിന് ഇങ്ങനെയുള്ള അധികാരങ്ങൾ വിട്ടുകൊടുക്കുന്നതു ശരിയാണോ എന്നു ചില ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് സംശയമുണ്ട്. റിസർവ്വ്ബാങ്ക് ഇൻഡ്യയിലെ ഫിനാൻസു സംബന്ധിച്ചുള്ള അതോറിട്ടിയാണ്. ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകൾക്കും ഫിനാൻഷ്യൽ ഹെൽപ്പ് നൽകുന്ന ഒരു സ്ഥാപനമാണ്. ഇന്ന് തിരുവിതാംകൂർ-കൊച്ചിയിൽ കൊച്ചു കൊച്ചു വ്യവസായങ്ങൾ ധാരാളം തല പൊക്കിവരുന്നുണ്ട്. തിരുവിതാംകൂർ-കൊച്ചിയിലെ ജനസംഖ്യ വളർന്നുവരുന്നതും ഭൂമി വളരെ കുറവായിരിക്കുന്നതും മൂലം ഇത്രയധികം ചെറിയ വ്യവസായങ്ങൾക്കുള്ള സാദ്ധ്യത മറ്റു യാതൊരു രാജ്യത്തിനുമില്ല. ഇവിടത്തെ ജനങ്ങളുടെ അത്യാവശ്യങ്ങൾ നടത്തുന്നതിന് ധാരാളം വ്യവസായങ്ങൾ ഉണ്ടാകണം. അതിനെല്ലാം റിസർവ്വ് ബാങ്കിന്റെ സഹായം കൂടുതൽ കൂടുതൽ ആവശ്യമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ മാനേജ്മെന്റിൽ വിട്ടുകൊടുക്കുകയാണെങ്കിൽ അവക്കു നമ്മോടു ചില ചുമതലകളെല്ലാം നിറവേറേണ്ടിവരും. ഇവിടത്തെ ജനസംഖ്യ കണക്കാക്കി കൂടുതൽ ലോൺസും മറ്റും നൽകുന്നതിനു നിർബന്ധിക്കുവാൻ നമ്മുടെ ഗവണ്മെന്റിന് അവകാശമുണ്ടായിരിക്കും. അതുകൊണ്ട് ഈ അധികാരങ്ങൾ വിട്ടുകൊടുക്കുന്നതുകൊണ്ട് സ്റ്റേറ്റിന് ഗുണമല്ലാതെ ദോഷമുണ്ടാകുന്നതല്ല. മാത്രമല്ല ഇൻഡ്യയുടെ ഒരു ചെറുഘടകം മാത്രമായ തിരുവിതാംകൂർ-കൊച്ചി സ്വമേധയാ സാമ്പത്തികതാൽപ്പര്യങ്ങളിൽ നിൽക്കാൻ സാധിക്കാത്ത സ്ഥിതിക്ക് ഇങ്ങനെയൊരു സഹായം ആവശ്യമാണ്. നമ്മുടെ സാമ്പത്തിക സ്ഥിതി നന്നാകുന്നതോടൊപ്പം ഇൻഡ്യ ഒട്ടുക്ക് ഉള്ള സാമ്പത്തിക സ്ഥിതി നന്നാകണം. നാം തിരുവിതാംകൂർ-കൊച്ചിയിലെ പൗരന്മാർ ആയിരിക്കുന്നതുപോലെ ഇൻഡ്യയിലെയും പൗരന്മാർ ആണെന്നുള്ള കാര്യം നാം മറക്കരുത്. അതിനാൽ പബ്ലിക്ക് ഡെറ്റിന്റെ മാനേജ്മെന്റ റിസർവ്വ് ബാങ്കിനു വിട്ടുകൊടുക്കുന്ന ഈ ബില്ലിനോടു ഞാൻ യോജിക്കുന്നു.

Shri A. A. D. Luiz : May I explain for the benefit of this House the difficulties that would be experienced by the Stock Exchanges in India if a Public Debt Bill of this nature is not passed? The securities issued by this Government and held by persons in and outside India will assume a high and definite status if the Reserve Bank of India is authorised to handle the same. If the Travancore-Cochin Government strikes at a new method for handling their Government papers, a method contrary to that adopted by Madras, Bombay, West Bengal and Mysore it is definite that these securities will depreciate in value and one may not be able to improve the value of the securities thereafter. It is to

the advantage of the Government that has issued the securities and definitely to the advantage of the people who are holding and dealing with these securities that they are negotiable in the most easy manner possible. If the holder of the security is resident outside India, he will not be able to negotiate if any institution other than the Reserve Bank of India that is dealing with Government papers is handling these securities as well. You will be paralising the entire set up; you will be actually dislocating the commercial world and lowering the value of the securities if new methods are resorted to. At the same time I may also state that it would be causing a gloomy prospect for the finances of the State. In the present set up especially when the people of the State have to look up to the various stock exchanges to meet their demands, to sell and buy, it is not possible for us to strike a distinction and say that our securities shall not be handled by the Reserve Bank of India, a National institution. In this connection it would be very interesting to consider another aspect of the question. Suppose we authorise a bank within our State to handle these securities, and if that bank happens to have no branch at a particular place where these securities are handled in large quantities, just imagine the difficulties in store for the holder of the securities to negotiate them. I do not think that many of the indigenous banks of this State have satisfactory arrangements to meet the demands of Stock Exchanges. Further, they will not be able to handle a situation when the holder of a security is resident outside India, for all Foreign Exchange is under the control of the Reserve Bank of India. I am not prepared to challenge the learned opinion expressed by Mr. Rāghava Kurup and Mr. Panampilli Govinda Menon, but I confidently feel that if the provisions as envisaged in the Bill before the House is not accepted by this House, we will be creating considerable amount of difficulties to the public at large. I am absolutely certain that the value of the securities is going to be considerably hampered if the Bill is not passed forthwith.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): ഈ ബില്ലിനെ സംബന്ധിച്ച് പല ആക്ഷേപങ്ങളും ഇവിടെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ എന്താണ് ഇതിന്റെ യഥാർത്ഥമായ നില? ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നത് ഇൻഡ്യൻ പബ്ലിക്ക് ഡെറ്റ് ആക്റ്റ് നമ്മുടെ പബ്ലിക്ക് ഡെറ്റുകളെ സംബന്ധിച്ചിടത്തോളം ഉപയോഗപ്പെടുത്തണമെന്നുള്ളതാണ്. പബ്ലിക്ക് ഡെറ്റ് ആക്റ്റ് സംബന്ധിച്ചുള്ള സൗകര്യം ഇൻഡ്യൻ സെൻട്രൽ ഗവണ്മെന്റിന്റെയും പാർട്ട് എ സ്റ്റേറ്റുകളുടെയും പൊതുകടങ്ങൾ മാനേജു ചെയ്യുന്നതു റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ വഴി വേണമെന്നാണ്. അങ്ങനെ റിസർവ് ബാങ്ക് മാനേജു ചെയ്യുന്നതുകൊണ്ട്

ശ്രീ. ഏ. താണുപിള്ള.]

പല സൗകര്യങ്ങളും ഗുണങ്ങളും ഉണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുവാൻ കഴിയുന്നതല്ല. എന്നാൽ ഭരണഘടന അനുസരിച്ച് പബ്ലിക്ക് ഡെററ് സ്റ്റേററിന്റെ അധികാരത്തിനു വിധേയമാക്കിക്കൊണ്ട് ഇൻഡ്യ ഒട്ടാകെ പ്രവർത്തിക്കുന്ന ഒരു ബാങ്കുവഴി ഇക്കാര്യം മാനേജു ചെയ്യുന്നതായാൽ ഉണ്ടാകുന്ന സൗകര്യങ്ങളെ പുരസ്കരിച്ച് എല്ലാ സ്റ്റേററുകൾക്കും ആ വ്യവസ്ഥ ബാധകമാക്കുന്നതു സഹായകരമായിരിക്കുമെന്നു കരുതിയാണ് ഇങ്ങനെയുള്ള നിയമം ഉണ്ടാക്കുന്നതിനു ആലോചിച്ചതു്. ഇതിനു മുമ്പ് ഈ സഭ പാസാക്കിയ പ്രമേയത്തെപ്പററി—

ശ്രീ. എൻ. രാഘവക്കുറുപ്പ്: കഴിഞ്ഞതവണ പാസ്സാക്കിയതുപോലുള്ള പ്രമേയം മററു സംസ്ഥാനങ്ങളിൽ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. ഏ. താണുപിള്ള: ചില സംസ്ഥാനങ്ങളിൽ പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പാർട്ട് ഏ സംസ്ഥാനങ്ങളിൽ പാസ്സാക്കിയിട്ടുണ്ടോ?

ശ്രീ. ഏ. താണുപിള്ള: സർ, പാർട്ട് ഏ സ്റ്റേററുകളും ബി സ്റ്റേററുകളും ഉണ്ടെന്ന് എല്ലാവർക്കും അറിയാം. പബ്ലിക്ക് ഡെററ് ആക്ററ തന്നെ ഏ സ്റ്റേററുകൾക്കൊക്കെ ബാധകമാണ്. മുമ്പ് നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്ന സ്റ്റേററുകളെ സംബന്ധിച്ചാണ് ഈ തർക്കമുള്ളതു്. അങ്ങനെയുള്ള സ്റ്റേററുകളെക്കൂടി ഈ നിയമം ബാധകമാക്കുന്നതിനാണ് മുമ്പ് പ്രമേയം പാസ്സാക്കിയിട്ടുള്ളതെന്നു തോന്നുന്നു. അതിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ എന്റെ കയ്യിൽ ഇല്ല. എന്നാൽ എനിക്ക് പറയുവാനുള്ളതു് നാം കഴിഞ്ഞയാണ്ടിൽ പാസ്സാക്കിയതുപോലെയുള്ള പ്രമേയങ്ങൾ നാം പാസ്സാക്കുന്നതിനു മുമ്പും ആയിടയ്ക്കായിട്ടും മററു സ്റ്റേററുകൾ പാസ്സാക്കിയിട്ടുണ്ടെന്നാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഒരു ചോദ്യം.

മി. സ്പീക്കർ: ചോദ്യം ചോദിക്കുന്നതിനെ സംബന്ധിച്ച് ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. ഒരു മിനിസ്റ്ററോ മെംബറോ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ആ പ്രസംഗത്തിന്റെ മദ്ധ്യത്തിൽ അതിനു തടസ്സമായി ചോദ്യങ്ങൾ ചോദിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. പ്രസംഗം തീരുന്നതിനെ തുടർന്ന് എത്ര ചോദ്യങ്ങൾ വേണമെങ്കിലും ചോദിക്കാൻ അനുവദിക്കാം. മെംബറന്മാരുടെ പ്രസംഗസ്വാതന്ത്ര്യത്തെ തടയത്തക്ക വിധത്തിൽ ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല.

Shri N. Raghava Kurup : There are earlier Rulings from the Chair that once a Member has taken his seat, no question shall be addressed to him. That is why, whenever there are mis-statements and when the subject-matter referred to has to be clarified whether it is from Treasury Benches or from other Members, that we put questions for clarification. Those questions are not meant for annoyance, but for clarification, which other members have left unclarified.

മി. സ്പീക്കർ: പ്രസംഗം തീർന്നാൽ ഉടനെ പ്രസംഗിക്കുന്ന ആൾ ഇരിക്കുന്നതിനു മുമ്പുതന്നെ ചോദ്യം ചോദിക്കാൻ അനുവദിക്കാം. പ്രസംഗം തുടർന്നുകൊണ്ടിരിക്കുമ്പോൾ പ്രസംഗിക്കുന്ന ആളിനെ തടസ്സപ്പെടുത്തുന്ന വിധത്തിൽ ചോദ്യം ചോദിക്കാൻ പാടില്ല.

ശ്രീ. കെ. സി. ജാർജ്ജ്: ഞാൻ റൂളിംഗിനെ ചോദ്യംചെയ്കയല്ല ചെയ്യുന്നതു്. ഇപ്പറഞ്ഞ വിധത്തിലാണെങ്കിൽ വളരെ വിഷമം നേരിടും. പാർലമെൻറിൽ ഇടയ്ക്കു ചോദ്യം ചോദിക്കുന്നുണ്ടു്. പിന്നെ ഹറാസ്സ് (harass) ചെയ്യാനാണെങ്കിൽ സ്പീക്കർക്കു് ഉടനെ തടയാം.

മി. സ്പീക്കർ: ഈൽഡു ചെയ്യുന്ന മെംബറന്മാരെ സംബന്ധിച്ചിടത്തോളം ഈ റൂളിംഗ് ബാധകമല്ല. എപ്പോൾ ചോദ്യം ചോദിച്ചാലും ഉത്തരം പറയാൻ തയാറുള്ള മെംബറന്മാരിൽ നിന്നും ഉത്തരം എപ്പോഴും വാങ്ങിക്കാം. അവരെ സംബന്ധിച്ചിടത്തോളം ഈ റൂളിംഗ് ബാധകമായിരിക്കുന്നതല്ല.

ശ്രീ. എ. താണുപിള്ള: മററു ബി സ്റ്റേററുകളിൽ പ്രമേയം പാസാക്കിയിട്ടുണ്ടു്. ആ വക കാര്യങ്ങൾ ഒക്കെ ഈ നിയമസഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണു്. എന്നാൽ ഏതോ കാരണവശാൽ സെൻട്രൽ പാർലമെൻറിൽ ഈ പ്രമേയത്തെ ആസ്പദമാക്കി നിയമനിർമ്മാണം ചെയ്യുന്നതിനു സാധിച്ചിട്ടില്ല. അതു ഉദാസീനതയോ മനഃപൂർവ്വം ചെയ്തതോ ആണെന്നു വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. വളരെ ജോലികൾ ചെയ്തുവരുന്ന കൂട്ടത്തിൽ ഇക്കാര്യം നിർവ്വഹിക്കുന്നതിനു് സാധിച്ചില്ലെന്നു വിചാരിക്കുന്നതാണു് നല്ലതു്. അങ്ങനെയിരിക്കുമ്പോൾ ഈ ഗവണ്മെൻറു കടമെടുത്തു. ആ കടവും റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യാ മുഖാന്തിരമാണു് എടുത്തതു്. അതിനു മുമ്പുതന്നെ റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയും ഈ ഗവണ്മെൻറും തമ്മിൽ ഒരു കരാർ ചെയ്തിരുന്നു എന്നുള്ളതു് കഴിഞ്ഞ പ്രമേയം അവതരിപ്പിച്ചപ്പോൾതന്നെ വ്യക്തമാക്കിയിട്ടുള്ളതാണു്. ആ കരാർ അനുസരിച്ചു് പബ്ലിക്ക് ഡെററിനെ റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യാ മാനേജു് ചെയ്തുകൊള്ളാമെന്നു് ഏററിട്ടുണ്ടു്. അതു ഉത്തമമായിരിക്കുമെന്നു കരുതി ഗവണ്മെൻറു അങ്ങിനെ ചെയ്തു. അതിനു സെൻട്രൽ പാർലമെൻറിൻെറ അംഗീകാരം ഇല്ലാതെയുമിരുന്നു. ആ നിയമം ഏതു രൂപത്തിൽ വേണം എന്നതായിരുന്നു പ്രശ്നം. സെൻട്രൽ ഗവണ്മെൻറിൻെറ പബ്ലിക്ക് ഡെററ് ആക്ററ് പാർട്ടു ബി സ്റ്റേററുകൾക്കുകൂടി ബാധകമാണെന്നു വരുത്താൻ ആഗ്രഹിച്ചു. പക്ഷെ അതു നടന്നിട്ടില്ല. അതുകൊണ്ടു് നമ്മുടെ പബ്ലിക്ക ഡെററിനെ റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയെക്കൊണ്ടു മാനേജു ചെയ്യിപ്പിക്കുന്നതിനായി രാജപ്രമുഖൻ ഒരു ആർഡിനൻസ് പാസാക്കി. ആ ആർഡിനൻസ് നിയമമാക്കേണ്ടതു് ആവശ്യമാണു്. ഇതു് ധനപരമായ ഒരു വലിയ കാര്യത്തെപ്പററി ചെയ്തിട്ടുള്ള ഒരേർപ്പാടാണു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ പല സംഗതികളും നാം ഓർമ്മിക്കണം. ഒന്നാമതായിത്തന്നെ ഇവിടത്തെ ഗവണ്മെൻറു റിസർവ്വ് ബാങ്കുമുഖേന നമ്മുടെ പബ്ലിക്ക ഡെററു മാനേജു ചെയ്യാമെന്നു തീരുമാനിച്ചു് അവരുമായി ഏർപ്പാടുചെയ്തു് കടം എടുക്കുകയും ആ മാനേജുമെൻറു തുടർന്നുവരികയുമാണെന്നുള്ള വസ്തുത നാം ഓർക്കണം. അങ്ങനെ

[ശ്രീ. എ. താണുപിള്ള.]

ഇരിക്കുമ്പോൾ ഞാനൊക്കെ അവഗണിക്കത്തക്ക നിലയിൽ ഈ നിയമസഭ ഒരു നില സ്വീകരിക്കുന്നതിനു തക്കതായ കാരണം വല്ലതുമുണ്ടോ എന്നു ചിന്തിക്കേണ്ടതാണ്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയെക്കൊണ്ടു ഈ കാര്യം നടത്തിക്കുന്നതു എത്രയോ ലാഭകരമായ ഒരു കാര്യമാണ്. കഴിഞ്ഞതവണ പ്രമേയം വാദപ്രതിവാദത്തിനു വന്ന അവസരത്തിൽ, ഞാൻ പുറപ്പെടുവിച്ച ചില അഭിപ്രായങ്ങൾ ചില മാന്യസ്നേഹിതന്മാർ ഇവിടെ ഉദ്ധരിച്ചുകേട്ടു. എന്നിരുന്നാലും ഒടുവിൽ ഞാനും എന്റെ പാർട്ടിയും എന്താണു ചെയ്തതു്? ആ പ്രമേയത്തെ അനുകൂലിക്കുകയാണു ചെയ്തതു്. സർ, ഒരു കാര്യവും രണ്ടുവശമില്ലാത്തതായി ഇല്ല. ഏതൊരു പ്രമേയം വാദപ്രതിവാദത്തിനു വന്നാലും, അനുകൂലമായും പ്രതികൂലമായും പല സംഗതികളും പറയാനുണ്ടാവും. അങ്ങനെ ഉത്തമവിശ്വാസത്തോടുകൂടി പങ്കെടുക്കുന്നവർ രണ്ടുവശങ്ങളെക്കുറിച്ചും പ്രസ്താവിക്കും. എന്നാൽ പലതും നോക്കുമ്പോൾ ഏതൊരു നിലയാണു സ്വീകരിക്കേണ്ടതെന്നു തീരുമാനത്തിലാണു ഔചിത്യം അധികം കാണാനുള്ളതു്. അങ്ങനെ അന്നു നമുക്കു തന്നിട്ടുള്ളതായ അവകാശം നാം സെൻട്രൽ പാർലമെൻറിന് വിട്ടുകൊടുക്കുന്നതുകൊണ്ടു ചില ദോഷമുണ്ടെന്നു ഞാൻ പറഞ്ഞുവെങ്കിൽ, ആ ദോഷങ്ങളേക്കാൾ കവിഞ്ഞ ഗുണങ്ങളുണ്ടെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ ആ പ്രമേയത്തിനു അനുകൂലമായി വോട്ടുചെയ്തതെന്നു എന്റെ സ്നേഹിതന്മാർ ധരിക്കാതെപോയതു കഷ്ടമാണ്. ഭരണഘടനയിൽതന്നെ, ഈ വിഷയം സ്റ്റേററുകൾക്കു വച്ചിരിക്കുന്നതു ചില ന്യായങ്ങൾ ഉള്ളതുകൊണ്ടാണ്. എങ്കിലും എല്ലാ കാര്യങ്ങളെയും പററി ചിന്തിക്കുമ്പോൾ ആ അധികാരം സെൻട്രൽ പാർലമെൻറിനു വിടുന്നതു ഉചിതമാണെന്നു കണ്ടാൽ അങ്ങനെ ചെയ്യുന്നതിലും തെററില്ല. അതുകൊണ്ടാണു സെൻട്രൽ പാർലമെൻറിന് നിയമനിർമ്മാണം ചെയ്യാമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതു്. എന്റെ കഴിഞ്ഞവർഷത്തെ പ്രസംഗത്തിലെ ചില അഭിപ്രായങ്ങൾമാത്രം എടുത്തു ഉദ്ധരിച്ച് അതാണു ശരിയെന്നു പറയുകയും, മററഭിപ്രായങ്ങളെ അവഗണിച്ചുകൊണ്ടു്, ഞാൻ പ്രമേയത്തെ അനുകൂലിച്ചു വോട്ടുചെയ്തതിനെപ്പററി മൗനം ദീക്ഷിക്കുകയും ചെയ്യുന്നതു ശരിയല്ല. അന്നു ഈ സഭ പബ്ലിക്ക് ഡെററ് ആക്ററ് നമുക്കു ബാധകമാക്കുകവേണ്ണം തീരുമാനം ചെയ്തു. ആ തീരുമാനത്തെ മുൻപിൽ വച്ചുകൊണ്ടായിരിക്കണം അന്നത്തെ ഗവണ്മെൻറു കടം എടുത്തതും. ആ കടം റിസർവ്വ് ബാങ്കുവഴി മാനേജ്ചെയ്യാമെന്നും തീരുമാനിച്ചു. പക്ഷെ, അന്നു ഈ ബിൽ പാസ്സാക്കാൻ കഴിഞ്ഞില്ല. അസംബ്ലി ഇല്ലാതിരുന്നതുകൊണ്ടു പാസ്സാക്കാൻ കഴിയാതെവന്നു. ഇന്നു നാം എന്താണു വേണ്ടതു്? എന്റെ അഭിപ്രായത്തിൽ നിയമനിർമ്മാണം ചെയ്യണമെന്നാണ്. ആർട്ടിക്കിൾ ൨൫൨-ാംവകുപ്പിനെപ്പററി അഡ്വക്കേററു ജനറലിന്റെ അഭിപ്രായത്തോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. നിയമം ഉണ്ടാക്കാൻ നാം സെൻട്രൽ പാർലമെൻറിനെ അധികാരപ്പെടുത്തിയിട്ടുണ്ടു്. പക്ഷെ, ആ അധികാരം സെൻട്രൽ പാർലമെൻറു ഉപയോഗിക്കുന്നില്ലെന്നേയുള്ളു. അവിടെയുള്ള മററു പല ജോലികളും നിറുത്തിവച്ചുകൊണ്ടു വേണം നമുക്കാവശ്യമുള്ള നിയമംകൂടി നിർമ്മിക്കാനെന്നു നാം ഓർമ്മിക്കണം. ഇന്നു നമുക്കു ഈ നിയമം ആവശ്യമാണ്. നമ്മുടെ മുൻപിലത്തെ പ്രമേയം അതനുസരിച്ചു സെൻട്രൽ ഗവണ്മെൻറു നിയമനിർമ്മാണം

ചെയ്യുമ്പോൾ നാം ഇവിടെ എന്തു ചെയ്തിരുന്നാലും അതു സാധുവാകുകയില്ല. അതുകൊണ്ടു ഈ ബില്ലിനെ എല്ലാവരും അനുകൂലിച്ചു പാസ്സാക്കണമെന്നാണു എന്റെ അപേക്ഷ. ഇതിൽ സാങ്കേതികമായ യാതൊരു തടസ്സവുമില്ല. ഇതിൽ യാതൊരു ആശങ്കയ്ക്കും വകയുമില്ല. വാസ്തവം നോക്കിയാൽ ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ലെന്നു മാത്രമല്ല കൂടുതൽ ഗുണമാണുണ്ടാകുക. ഈ ബില്ലിലുള്ള പല സംഗതികളെപ്പറ്റിയും ഇവിടെ പല സ്നേഹിതന്മാരും പ്രസംഗിച്ചു കഴിഞ്ഞു. ഈ ബിൽ പാസ്സാക്കണമെന്നു് എന്റെ സ്നേഹിതന്മാരോടു ഞാൻ അപേക്ഷിക്കുന്നു.

Minister for Finance (**Shri P. S. Nataraja Pillai**) : Sir, we had a very elaborate discussion on the whole question and every point has been sufficiently dealt with. I hope the House will be kind enough to accept the motion before the House.

The motion that the Bill be taken into consideration was put and carried.

Clause 2.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3.

The question that clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

Clause 4.

The question that clause 4 stand part of the Bill was put and carried.

Clause 4 was added to the Bill.

Clause 5.

The question that clause 5 stand part of the Bill was put and carried.

Clause 5 was added to the Bill.

Clause 1.

The question that clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and the Title stand part of Bill was put and carried.

The Preamble and Title were added to the Bill.

Shri P. S. Nataraja Pillai : I move that the Travancore-Cochin Public Debt Bill be passed.

Shri A. Achutan : I second it.

The motion that the Travancore-Cochin Public Debt Bill be passed was put and carried.

The Bill was passed.

The Evacuee Interest (Separation) Travancore-Cochin Supplementary Bill.

Chief Minister (**Shri A. Thanu Pillai**) **:** I beg to introduce the Evacuee Interest (Separation) Travancore-Cochin Supplementary Bill.

Shri P. S. Nataraja Pillai : I second it

Mr. Speaker : The Bill stands introduced.

ശ്രീ. എ. താണുപിള്ള : സർ, നാം ഇപ്പോൾ ഇവിടെ പാസ്സാക്കിയ ബില്ലിനു് അടിസ്ഥാനമായ ആർഡിനൻസുപോലെ, വേറെ ഒരു ആർഡിനൻസു നിയമമാക്കാനാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ൧൯൫൧-ൽ സെൻട്രൽ പാർലമെൻറു് അഭയാർത്ഥികളുടെ വസ്തുക്കളെ സംബന്ധിച്ചു് ഒരു നിയമം പാസ്സാക്കി. അതായതു് അഭയാർത്ഥികൾക്കു് വസ്തുക്കളിൽ മററാളുകളും ചേർന്നു ഒരു കൂട്ടവകാശമുണ്ടെങ്കിൽ, ആ അവകാശം പിരിച്ചു് അഭയാർത്ഥികൾക്കു വേണ്ട സൗകര്യം ചെയ്യുന്നതിനാണു് ഈ ബിൽകൊണ്ടുദ്ദേശിക്കുന്നതു്. ഇങ്ങനെയൊരു നിയമം സെൻട്രൽ ഗവണ്മെൻറു പാസ്സാക്കിട്ടുണ്ടെങ്കിലും നമ്മുടെ സ്റ്റേററിനെക്കൂടി ബാധിക്കണമെങ്കിൽ നമ്മുടെ അനുമതി വേണം. അതിനു് നാം ഇവിടെ ഒരു പ്രമേയം ൧൯൫൧ സെപ്റ്റംബർ ൨൫-ാംനു പാസ്സാക്കിയിട്ടുണ്ടു്. ഇതുപോലെ വേറെ ചില സംസ്ഥാനങ്ങളും പ്രമേയം പാസ്സാക്കിയിട്ടുണ്ടു്. അവയിൽ ചിലതെല്ലാം അവിടെ ഈ ആക്റ്റു പാസ്സാകുന്നതിനു മുൻപും, ചിലതെല്ലാം അതിനുശേഷവുമാണു്. നമുക്കു ഇവിടെ നിയമസഭയിൽ ഈ ബിൽ പാസ്സാക്കാനും കഴിഞ്ഞില്ല. എന്നു മാത്രമല്ല, ഭരണഘടനയിലെ ചില ആർട്ടിക്കിൾസു സംബന്ധിച്ചു് ആ പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ചു് ഒരു ആർഡിനൻസു് ഇവിടെ ആദ്യം പാസ്സാക്കി. അതു് പിന്നീടു് പുതുക്കേണ്ടിവന്നു. അതിപ്പോൾ നിയമമാക്കുന്നതിനുവേണ്ടി ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണു്. ഈ ബില്ലിലെ പ്രധാനമായ ഒരു വ്യവസ്ഥ ക്ലാസ്സു് ൨ ആണു്.

> " The Evacuee Interest (Separation) Act, 1954 (Central Act LXIV of 1951), shall, so far as it relates to any matter enumerated in List II in the Seventh Schedule to the Consti-

tution of India, stand validated and binding as if it had been passed by the Legislature of the State of Travancore-Cochin.''

ഇന്നു ഇവിടെ പാസ്സാക്കിയ ഒരു ബില്‍ സംബന്ധിച്ചുണ്ടായ വാദപ്രതിവാദംപോലെ ഈ ബില്ലിനെ സംബന്ധിച്ചു് ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. അഭയാര്‍ത്ഥികളുടെ വസ്തുക്കളെ സംബന്ധിക്കുന്ന ഒരു ബില്ലാണിതു്. ഇതു് സെന്‍ട്രല്‍ഗവണ്മെന്റു പാസ്സാക്കിയിട്ടുള്ള ഒരു ബില്ലാണു്. അതു് നമ്മുടെ സംസ്ഥാനത്തേയ്ക്കു് ബാധകമാക്കണമെന്നു മാത്രമേയുള്ളു. അതുകൊണ്ടു് എല്ലാവരുംകൂടി ഈ ബില്‍ പാസ്സാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

I move that the Evacuee Interest (Separation) Travancore-Cochin Supplementary Bill be taken into consideration at once.

Shri P. S. Nataraja Pillai : I second it.

The question that the Bill be taken into consideration was put and carried.

Clause 2.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3.

The question that Clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

Clause 1.

The question that Clause 1 stand part of the Bill was put and carried.

Clause 1 was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri A. Thanu Pillai : I move that the Bill be passed.

Shri P. S. Nataraja Pillai : I second it.

The question that the Evacuee Interest (Separation) Travancore-Cochin Supplementary Bill be passed was put and carried.

The Bill was passed.

The Assembly adjourned at 4-15 p. m. to meet again at 11 a. m. on Wednesday, the 13th March 1954.

APPENDIX I.

Statement of grants sanctioned by the Government of India.

[Please see Answer to Question No. *93 (2)]

Sl. No.	Brief purpose.	Amount allotted.	Amount drawn.	Remarks.
		1952—1953.		
		Rs.	Rs.	
1	Compensation for revenue gap guaranteed by the Central Government as per F.F.I. agreement.	3,05,33,000	3,05,33,000	
2	Grant-in-aid under Art. 275 (1) of the Constitution as recommended by the Finance Commission.	45,00,000	45,00,000	
3	Interest on Specific Debt taken over by the Centre.	4,01,000	4,01,000	
4	Grant-in-aid for Development Schemes under Art. 275 (1) of the Constitution.	25,000	6,250	Amount drawn represents initial payment of 25 per cent of the grant.
5	Towards liquidating Centre's share of civil pension liability in respect of civil personnel returned on or before 31-3-1950.	2,24,000	2,24,000	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
6	For G. M. F. Schemes.	27,54,350	15,30,402	Adjustment to the credit of the State will be made only on the basis of actual expenditure.
7	For the implementation of the two Community Development Projects in the State.	4,98,000	4,98,000	Out of this only a sum of Rs. 109,315 could be adjusted. The unspent balance of Rs. 3,88,685 is to be set off against the subsequent quarters.
8	Scheme for Artificial Insemination Centres.	26,380	20,758	Represents 50 per cent of the actual recurring expenditure.
9	Palmgur Development Schemes.	23,748	15,549	Do.
10	For financing a Key Village Scheme in the Rogany Milk Supply Association Dairy at Nagercoil.	4,596	1,616	Represents 75 per cent of the actual recurring expenditure.

APPENDIX I—*(contd.)*

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
11	For the organisation of Coir Co-operative Societies.	18,400	18,400	
12	Education Development Scheme under the Five Year Plan—Intensive Educational Development in a selected area.	44,346	44,346	Represents the Government of India's share of contribution of 66 per cent of the total un-recurring and 60 per cent of the total recurring expenditure during the year.
13	Education Development Schemes—Grants to State Government and Voluntary Organisations.	52,800	39,600	The sum of Rs. 39,600 drawn is on the basis of actual expenditure.
14	For the organisation of a Pavilion of handicrafts at Quilon on the Golden Jubilee Celebration of the S. N. D. P. Yogam.	7,000	7,000	The grant is based on the actual expenditure.
15	Share for the development of Kora Grass Mat Industry.	15,000	15,000	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
16	Fishery Development Schemes.	21,360	21,360	
17	Road Development Works. Allotment from Central Road Development Fund.	15,42,200	15,42,200	The grant received is credited to a Deposit Head. The expenditure is debited to '50 Civil Works' and an equal amount is transferred to the corresponding Revenue Head from the Deposit Head at the end of each year. An expenditure of Rs. 12,64,629 has been adjusted in 1952-53.
		4,06,91,180	3,94,18,481	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
	1953—1954 (Up to 31-12-1953)			
		Rs.	Rs.	
1	Compensation for Revenue gap guaranteed by the Central Government as per F.F.I. Agreement.	2,80,00,000	2,80,00,000	
2	For liquidating Centre's share of Civil Pension Liability in respect of the Civil personnel retired on or before 31-3-1950.	2,24,000	2,24,000	
3	Extra grant-in-aid under Art. 275 (1) of the Constitution as recommended by the Finance Commission.	45,00,000	45,00,000	
4	Interest on Special Debt taken over by the Centre.	4,01,000	4,01,000	
5	Grant-in-aid under Art. 275 (1) of the Constitution for Development Schemes.	50,000	25,000	Only 50 per cent of the grant is to be drawn initially. The balance will be drawn towards the end of the year.

APPENDIX I—(*contd.*)

Sl. No.	*Brief purpose-*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
6	Grant for the implementation of Community Development Projects in the State.	4,09,000	4,09,000	Rs. 2,61,260 already adjusted. Balance will be adjusted towards the close of the year.
7	Palmgur Development Scheme.	20,150	..	To meet 50 per cent of the recurring expenditure of the scheme.
8	Grant for the various G. M. F. Schemes.	10,88,037	..	Steps are in progress for adjusting the amount due to the State on the basis of actual expenditure.
9	Key Village Centre at Rogany Milk Supply Association at Nagercoil	9,009	..	To meet 75 per cent of the recurring expenditure.
10	Key Village Scheme—Artificial Insemination Centres.	17,590	..	To meet 50 per cent of the total expenditure.

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	
11	Grant for specific schemes or works approved by the Planning Commission.	3,25,000	3,25,000	
12	Development of Small Scale Industries—Development of Blacksmitheries and lock manufacture.	16,626	..	
13	Road Development Works—Allotment from Central Road Fund.	7,44,500	7,44,500	
		3,58,04,912	3,46,28,500	

Statement of Subsidy sanctioned by the Government of India.

1952

For the subsidised sale of Food Grains.	3,00,00,000	..	

APPENDIX I—(*contd.*)

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
		Rs.	Rs.	

1953

NIL.

Statement of Loan sanctioned by the Government of India.

1952—1953.

1	For Community Project Schemes.	1,45,000	1,45,000	
2	For the scheme for the Organisation and Development of Coir Industry on co-operative basis.	2,00,000	2,00,000	
3	For G. M. F. Schemes.	10,30,000	..	For the grant of agricultural loans and publicity and propaganda.
		13,75,000	3,45,000	

2/203 | A

APPENDIX I—*(concld.)*

Sl. No.	*Brief purpose.*	*Amount allotted.*	*Amount drawn.*	*Remarks.*
	1953-54 (Up to 31-12-1953).			
		Rs.	Rs.	
1	Community Project Schemes.	7,50,000	7,50,000	
2	For financing the withdrawal of demonetised coins.	20,00,000	20,00,000	
3	For G. M. F. Schemes.	6,90,750	..	
4	For financing expenditure on Development Schemes.	1.00,00,000	1,00,00,000	
5	For the purchase and distribution of Ammonium Sulphate.	9,71,500	9,71,500	
6	For G. M. F. Scheme—For supply of electricity for agricultural pumping.	16,60,000	..	
7	For Community Projects—N. E. S. Blocks.	48,000	48,000	
		1,61,20,250	1,37,69,500	

APPENDIX II.

(Please see Answer to Question No. * 99 [8])

Statement showing the sale of Agricultural Implements during 1952-53.

Sl. No.	Name of depots.	Unit.	Spade.	Mammatty.	Cooper Ploughs.	Koonthalies.	Choppers.	Plough share.	Hand forks.	Thumba.	Sickle.	Hatchet.	Total.	Full value. Rs.	As.	P.
1	Nagercoil ..	No.	79	93	..	..	..	..	..	..	..	..	172	473	1	10
2	Bhoothapandy ..	..	100	..	2	..	..	..	..	..	..	..	102	310	0	0
3	Nedumangad ..	..	..	93	..	6	..	..	..	..	..	..	99	296	4	6
4	Neyyattinkara ..	..	..	..	..	2	8	8	..	..	..	..	18	34	15	4
5	Kottarakara ..	..	..	..	..	46	..	23	20	..	..	..	89	213	5	6
6	Adoor ..	..	..	..	3	..	..	..	..	..	..	..	3	45	0	6
7	Pathanamthitta ..	..	..	..	1	339	..	..	..	..	..	..	340	1,345	0	0
8	Thiruvella ..	..	1	..	2	275	..	..	..	7	..	..	285	1,072	5	0
9	Punalur ..	..	..	..	..	19	..	..	..	2	..	..	21	76	9	6
10	Thodupuzha ..	..	..	..	..	4	..	..	..	38	..	..	42	190	8	0
11	Meenachil ..	..	..	..	..	2	..	..	..	..	..	..	2	7	6	0
12	Thripunithura ..	..	24	..	..	..	..	89	..	..	3	43	159	168	4	10
13	Irinjalakuda ..	..	..	..	..	..	..	..	..	..	9	5	14	11	5	4
14	Mala ..	..	..	..	..	..	..	1	..	..	6	..	7	4	8	8
15	Talapilly ..	..	..	..	..	..	..	11	..	..	2	8	21	18	3	0
														4,266	13	6

Ploughs are being sold at concessional price at 2/3 rate and the other implements at 1/2 the rate.